മലയാള സാഹിത്യം സ്തംഭിച്ചു നില്ക്കുകയല്ലെന്ന് തീർച്ചയായും പറയാൻ കഴിയും. മലയാള കവിതയുടെ കൂമ്പടഞ്ഞുപോയെന്ന് വാദിക്കുന്നവരില്ല. വിരിഞ്ഞു നില്ക്കുന്ന പൂവിനെമാത്രം നോക്കിയ കവികളുടെ കാലഘട്ടം കഴിഞ്ഞുപോയി. വീണ പൂവിനെനോക്കി പ്രപഞ്ചഭാവം കണ്ടെത്താൻ ഇന്നുള്ളവർക്ക് കഴിയുന്നു; കഴിഞ്ഞു. ഇത് പുരോഗതിയുടെ ലക്ഷണമല്ലേ. 'ചോര തുടിക്കും ചെറു കയ്യുകളേ പേറുക വന്നീ പന്തങ്ങൾ 'ഏന്തും' വേല നാളെ ജഗത്തിന്നുത്സവവേള-' എന്നും വിളംബരം ചെയ്യും. ആഹ്വാനം ചെയ്യും മുന്നോട്ട് നീങ്ങുവാൻ സാഹിത്യകാരൻ തയ്യാറാണ്. വാസ്തവത്തിൽ, ക്ഷീണിക്കാത്ത മനീഷയും മഷിയുണങ്ങിടാത്ത പൊൻപേനയും അവനെ കർത്തവ്യ നിരതനാക്കിത്തീർത്തുകൊള്ളും. ഇതെല്ലാം കാലത്തിന്റെ തിരിച്ചിലിൽ വന്നുകൂടിയ പുരോഗതികളല്ലേ? എന്നിട്ടും നാം പുരോഗതിയില്ലാ എന്ന് മുറവിളി കൂട്ടുന്നത് എന്തുകൊണ്ട്? മറെറാന്നുംകൊണ്ടുമല്ല നാം ഇന്നും പഴയ സങ്കേതങ്ങളുമായി പ്രേമബന്ധത്തിലാണ്. സഹൃദയനാണ് സാഹിത്യത്തിന്റെ പങ്കാളി. സഹൃദയത്വമാണ് സാഹിത്യത്തിന്റെ മാററുരച്ചു നോക്കുന്ന ഉരകല്ല്. വാസ്തവത്തിൽ ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതി നമുക്ക് പെട്ടെന്ന് ദർശിക്കാവുന്നതല്ല. ശാസ്ത്രസംബന്ധമായ ഭൗതിക പ്രഭാവപ്പൊലിമയിൽ ഇത്തരം കാര്യങ്ങളുടെ പ്രഭാവം മങ്ങിപ്പോകുന്നതാണ് ഇതിനു കാരണം. എന്നാൽ കാലം മാറുന്നതോടെ ഭൂതകാല പ്രഭാവങ്ങൾ നമ്മുടെ ദൃഷ്ടിയിൽ സ്ഫുടമായി പ്രകാശിച്ചു തുടങ്ങും. കാലം കൃതികളുടെ സാക്ഷാൽ നിരൂപകനാണ്. അപ്പോൾ സാഹിത്യകാരൻ സാക്ഷാൽ ക്രാന്തദർശിയുമായിത്തീരും. അതിനായി കാത്തിരിക്കാനുള്ള അക്ഷമയാണ് ആവശ്യമല്ലെന്നു തോന്നാവുന്ന പ്രസ്താവനകളുടെ ഉത്തരവാദിത്വം വഹിക്കേണ്ടത്. നമ്മുടെ ഭാഷയ്ക്ക് പുരോഗതി കൈവരാനിരിക്കുന്നതേയുള്ളു. നമ്മുടെ ചുററുപാടുകളുമായി താദാത്മ്യം പ്രാപിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കേണ്ടതു് ഒരു സാഹിത്യകാരന് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു കാര്യമാണ്. പുതിയ വ്യത്യാസങ്ങളുടെ പ്രതികരണം ഏററു് പ്രദീപ്തനായിത്തീർന്ന സാഹിത്യകാരനിൽ നിന്നും ഇതു് നന്നായി പ്രതീക്ഷിക്കാവുന്നതുമാണ്.

ഇങ്ങനെ അനുദിനം അഭ്യുദയമായി ഉയർന്ന് അഭിമാനാർഹമായ വിധത്തിൽ നമ്മുടെ ഭാഷ നന്നാകുന്ന ഒരു കാലം വിദൂരമൊന്നുമല്ല. സാഹിത്യത്തിലെ പുതിയ പ്രവണതകളെ സംശയഭാവേന വീക്ഷിക്കുന്നത് തികച്ചും തെററാണ്. ഭാവത്തിലും രൂപത്തിലും വ്യത്യാസങ്ങളിനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. മനുഷ്യൻ വളരുന്നതോടെ അവന്റെ സാഹിത്യാഭിരുചിയും വർദ്ധിച്ചു വരണം. ഇതിഹാസങ്ങൾക്ക് കാലമായിട്ടില്ല. കാലാന്തരത്തിൽ ഇന്നത്തെ സംഭവപരമ്പരകൾ ഒരു ഇതിഹാസമായി രൂപം കൊള്ളുകയില്ലെന്ന് ആരു കണ്ടു? കാലമെന്ന നിരൂപകൻ ഏററവും ശ്രദ്ധാലുവാണ്. ഉൽകൃഷ്ടമായ സാഹിത്യമെന്നോ അപരിഷ്കൃതമായ സാഹിത്യമെന്നോ സൂചിപ്പിക്കുന്നതെല്ലാം തെററു തന്നെയാണ്. സാഹിത്യം എല്ലാവരുടേതുമാണ്; അല്ലാതെ അന്യരുടേയും കൈമുതലല്ല; ആകാനും പാടില്ല. ഭാവിയുടെ പടിവാതിലുകൾ പുരോഗമിക്കുന്ന ജനസമുദായങ്ങൾക്ക് കാട്ടിക്കൊ





# ക്രിസ്തുമസ് സമ്മാനം

കെ. ജേക്കബ്ബ്. എം. എ.

മേരിക്കുട്ടിയും ഔസേപ്പച്ചനും കോളജിൽ പഠിക്കുന്ന കാലത്തു തന്നെ പ്രേമബദ്ധരായിരുന്നു. അവരുടെ മാതാപിതാക്കന്മാർ അവരുടെ ആഗ്രഹത്തിനു തടസ്സം നിന്നില്ല. വിവാഹം കഴിഞ്ഞു് രണ്ടുപേരും തിരുവനന്തപുരത്ത് താമസമുറപ്പിച്ചിരിക്കയാണ്. ഔസേപ്പച്ചന് അവിടെ അക്കൗണ്ടാഫീസിൽ ഒരു ഉദ്യോഗമായിരുന്നു.

മേരിക്കുട്ടിക്ക് വിവാഹം കഴിഞ്ഞപ്പോൾ പതിനേഴ് വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ഇപ്പോൾ അവൾക്ക് 23 വയസ്സായി, കുഞ്ഞുങ്ങളില്ലാത്തതിന്റെ ഖേദം രണ്ടുപേർക്കും അനുഭവമായിത്തുടങ്ങി.

ഒരു ദിവസം—അതൊരു നവംബർ മാസമായിരുന്നു—ഔസേപ്പച്ചൻ പറഞ്ഞു "മേരിക്കുട്ടീ! ഇപ്പോൾ ഇവിടെ ആശുപത്രിയിൽ ഒരു സ്പെഷ്യലിസ്റ്റ് വന്നിട്ടുണ്ടല്ലോ. നമുക്കൊന്നു പോയിക്കാണാം."

"എന്തിനാണിപ്പോൾ കാണുന്നത്?" മേരിക്കുട്ടി ആരാഞ്ഞു.

"നിനക്ക കുട്ടികളുണ്ടാകുമോ എന്നൊന്നറിയാൻ"

"ഓ! ഞാൻ വരാം. എപ്പോൾ വേണം?"

---

ടുക്കേണ്ട കർത്തവ്യം സാഹിത്യകാരൻ ഏറെറടുക്കേണ്ട കാലം കഴിഞ്ഞു. കാലാനുഗതമായ സാഹിത്യസൃഷ്ടികൾ ഉണ്ടാകാത്തതിൽ സാഹിത്യകാരൻ ഉൽക്കണ്ഠാകുലനാകണം. അപ്പോഴേ സാഹിത്യരംഗത്ത് പുതിയ കണ്ടുപിടുത്തങ്ങൾ സംഘടിപ്പിക്കുവാൻ കഴിയുകയുള്ളു. ഏതായാലും കാത്തിരുന്നു കാണുക തന്നെ.

---

"ഇന്നു തന്നെയാകട്ടെ."

അവർ രണ്ടുപേരുമൊരുമിച്ച് രാവിലെ ഒൻപതു മണിക്ക് ആശുപത്രിയിലെത്തി. എന്നാൽ ഡോക്ടറെക്കാണുന്നതിനു പത്തു മണിവരെ നില്ക്കേണ്ടി വന്നു. ഔസേപ്പച്ചന് പതിനൊന്നു മണിക്ക് ആഫീസിൽ പോകേണ്ടിയിരുന്നതിനാൽ, പത്തരയായപ്പോൾ അയാൾ പോയി. മേരിക്കുട്ടി തന്നെയാണ് പിന്നീട് ഡോക്ടറോട് സംസാരിച്ചതു്. ഡോക്ടർ മിസ്സ് ജയിംസ്—ഒരു എം. ഡിക്കാരി—അവളെ പരിശോധിച്ചശേഷമാണ് അവൾ വീട്ടിലേക്ക് പോയതു്.

ഔസേപ്പച്ചൻ വൈകിട്ട് വീട്ടിൽ വന്നപ്പോൾ മേരിക്കുട്ടി അസാരം വ്യസനഭാവത്തിൽ ഇരിക്കുന്നതാണ് കണ്ടതു്. "എന്താ, ഡോക്ടർ എന്തു പറഞ്ഞു?" അവൻ ചോദിച്ചു.

"ഓ! അവർ ആശയൊന്നും തന്നില്ല. ഇവിടെപ്പോന്നതിൽ പിന്നെ ഡോക്ടർ മിസ്സ് ജയിംസും എന്നെ പരിശോധിച്ചു. അവരും അങ്ങനെ തന്നെയാ പറഞ്ഞതു്."

അന്നു മുതൽ മേരിക്കുട്ടിയിൽ ഒരു ഖേദഭാവവും മൗനതയും ഔസേപ്പച്ചൻ കണ്ടു. അവനു് സ്നേഹശുശ്രൂഷകൾ പഴയതുപോലെ അവൾ ചെയ്യുവന്നെങ്കിലും മുമ്പുള്ള സന്തോഷം അവളിൽനിന്ന് മാഞ്ഞുപോയതുപോലെ അവനു തോന്നി. മൗനമായി പലപ്പോഴും ഒരിടത്തു അവൾ ഇരിക്കും. ചിലപ്പോൾ അവളുടെ കണ്ണു നിറയുന്നത് അവൻ കാണാറുണ്ട്. ഇതെല്ലാം ഔസേപ്പച്ചനു സഹിക്കാൻ പ്രയാസമായി തോന്നി. അവൻ പറഞ്ഞു "മേരിക്കുട്ടീ! നീയിങ്ങനെ എന്നും ദുഃഖിച്ചിരുന്നാലെങ്ങനാ. മക്കളില്ലാത്ത എത്ര പേരുണ്ട്? നമുക്ക വേണമെങ്കിൽ ഒരു കുട്ടിയെ എടുത്തു വളർത്താം."

"അയ്യോ അതു വേണ്ടാ! എനിക്ക..." ഇത്രയും പറഞ്ഞപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ഔസേപ്പച്ചൻ അവളെ അടുത്തു പിടിച്ച് തലമുടിയിൽ ചുംബിച്ചു. "ഓമനേ! നീ വ്യസനിക്കാതിരിക്ക്. എന്തെങ്കിലും ഒരു ജോലി ചെയ്യുന്നതിനിഷ്ടമുണ്ടോ? വരുന്നയാണ്ടിൽ വേണമെങ്കിൽ ഒരു സ്കൂളിൽ കയറാം."

അതിയായ വ്യസനത്തോടെ അവൾ ഔസേപ്പച്ചന്റെ മുഖത്തു നോക്കി. ആ സമയം അവളുടെ വെള്ളപ്പൂച്ച അതിലേ വന്ന് അവളുടെ കാലിൽ ഉരസ്സി. അവൾ അതിനെ എടുത്തു മടിയിൽ വെച്ച് തടവി. അവളുടെ കണ്ണുനീർ അതിന്റെ രോമങ്ങളിൽ വീണു.

ഔസേപ്പച്ചൻ ഒന്നും പറയാതെ അവിടെനിന്നും പോയി. സ്ത്രീകൾക്ക കുഞ്ഞുങ്ങളില്ലെങ്കിൽ ഇത്ര വലിയ വ്യസനമുണ്ടെന്ന് അവൻ അറിഞ്ഞിട്ടില്ലായിരുന്നു. അവനിത്രയും ഖേദമൊന്നും തോന്നിയില്ല.

* * *

ക്രിസ്തുമസ്സ് സമയം അടുത്തു വരികയാണ്. ഒരാഴ്ച അവധി കിട്ടും. അവർ തമ്മിൽ ഒരു ചെറിയ അഭിപ്രായവ്യത്യാസം ഉണ്ടായി. "ഇത്തവണ നമുക്ക പിറവത്തു എന്റെ വീട്ടിൽ പോകാം. അപ്പച്ചൻ തന്നെയുള്ളല്ലോ അവിടെ" എന്നു മേരിക്കുട്ടി പറഞ്ഞു.

"എന്റപ്പനും അമ്മയും തന്നെയുള്ളല്ലോ. നമുക്ക കോട്ടയത്തിനു പോകാം" ഔസേപ്പച്ചൻ പറഞ്ഞു.

"അപ്പച്ചൻ പ്രത്യേകം എഴുതിയിട്ടുണ്ട് നമ്മളു ചെല്ലണമെന്ന്."

"നമ്മളു ചെന്നില്ലെങ്കിൽ അമ്മ പിണങ്ങും."

"ഓ അതങ്ങു പോകും. ഇത്തവണ എന്റെ കൂടെയൊന്നു വരണം."

ഔസേപ്പച്ചന് ഭാര്യയുടെ നിർബ്ബന്ധം അസഹ്യമായിത്തോന്നി. ഭാര്യ ഭർത്താവിനെ അനുസരിക്കേണ്ടതാണെന്നാണ് അവന്റെ മതം. "ഇല്ല. ഞാൻ വരികയില്ല. നീ വേണമെങ്കിൽ പൊയ്ക്കോ. അതിനെനിക്ക വിരോധമില്ല."

മേരി കരയാൻ തുടങ്ങി. "ഞാൻ തന്നെ പോകുന്നില്ല. ഇവിടുന്ന ക്രിസ്തുമസ്സിനു എന്റെ കൂടെ വേണം."

"അതെന്താ. അതൊരു നിർബന്ധമാണല്ലോ. ഞാനെന്റെ അപ്പനെ കാണണ്ടായെന്നാണോ?"

"നമുക്ക് ന്യൂയിയറിന് അവിടെച്ചെല്ലാം."

"ഞാൻ ക്രിസ്തുമസ്സിന് കോട്ടയത്തു തന്നെ താമസിക്കാൻ പോകയാണ്. ഈ നിർബന്ധം കൊള്ളുകയില്ല."

മേരിക്കുട്ടി കരയുകയാണ്—"ഇതെന്താ മേരിക്കുട്ടി! ഇങ്ങനെ തുടങ്ങുന്നതു" എന്ന് ഔസേപ്പച്ചൻ ചോദിച്ചു.

"ഇത്തവണ എന്നെയൊന്ന് സമ്മതിക്ക്"

"അതു ഞാൻ സമ്മതിച്ചല്ലോ. നീ പിറവത്തിനു തന്നെ പൊയ്ക്കോ"

"എന്റെ കൂടെ വരികയില്ലേ?"

"ഇല്ല."

മേരിക്കുട്ടി വ്യസനിച്ച് കരയുകയാണ്. ഒടുവിൽ ഔസേപ്പച്ചൻ പറഞ്ഞു "ശരിക്കെട്ടെ. ഒരു കാര്യം ചെയ്യാം. ഞാൻ ക്രിസ്തുമസ് ദിവസം നാലു മണിക്ക് വരാം. ചായ അവിടെ കുടിക്കാം. ക്രിസ്തുമസ് കേക്ക് മുറിക്കുന്നതു് ഞാൻ വന്നിട്ടു മതി."

ഒടുവിൽ അങ്ങനെ നിശ്ചയിച്ചു. മേരിക്കുട്ടി പിറവത്തിനു തന്നെ പോയി. ഔസേപ്പച്ചൻ കോട്ടയത്തു് ഇറങ്ങി.

വീട്ടിലേക്ക് നടന്നപ്പോൾ അവൻ ഓർത്തു. "ഇതത്ര പന്തിയല്ല. മേരിക്കുട്ടി മുമ്പില്ലാത്ത ഒരു നിർബന്ധസ്വഭാവം തുടങ്ങിയിട്ടുണ്ട്. അമ്മ വഴക്ക പറയും." അമ്മയെ അവന് വലിയ ഭയമാണ്.

അവൻ വീട്ടിൽ ചെന്നു കയറിയപ്പോൾ അമ്മ ചോദിച്ചു. "എന്തിയേ മോനെ, മേരിക്കുട്ടി?"

"അവളിത്തവണ പിറവത്തിനു പോയി. ന്യൂയിയറിന് ഇങ്ങു വരും." അമ്മയ്ക്കിതത്ര പിടിച്ചില്ല. "അതു പററില്ല. അവളിങ്ങു വരണം. നീ അവളെ ഇങ്ങു കൊണ്ടുവരണം ക്രിസ്തുമസ്സിന്."

അപ്പോൾ അവന്റെ പിതാവു പറഞ്ഞു:



"അവനങ്ങോട്ടു പോയാൽ ക്രിസ്തുമസിന് അവനും വരാനില്ല."

"ഹൊയി! ഞാനിതു വരും എന്തായാലും." ഔസേപ്പച്ചന് അതിൽ സംശയമൊന്നുമില്ല.

അമ്മയുടെ നിർബന്ധപ്രകാരം ഡിസംബർ 23-ാംനു കാലത്തെ അവൻ പിറവത്തിന് തീവണ്ടിയിൽ പോയി. 24-ാംനു മേരിക്കുട്ടിയെ കൊണ്ടുവരാമെന്ന് ഏററിരിക്കയാണ്.

അവൻ തീവണ്ടിയിൽ ഒരു ചെറിയ മുറിയിൽ ഇരിക്കയായിരുന്നു. അപ്പോൾ അതിൽ വേറൊരാളും ചെന്നു കയറി. അയാൾ സൂക്ഷിച്ചുനോക്കിയശേഷം പറഞ്ഞു: "മുമ്പ് എവിടെ വെച്ചോ കണ്ടിട്ടുണ്ടെന്നു തോന്നുന്നല്ലോ."

ഔസേപ്പച്ചന് ഓർമ്മ വന്നു. "എന്റെ ഭാര്യയെ പരിശോധിച്ച ഡോക്ടറല്ലേ?"

"അതെ! അവർക്കിപ്പോൾ എങ്ങനെയിരിക്കുന്നു?"

"അവർക്ക പ്രത്യേകിച്ചു രോഗം ഒന്നും ഇല്ലായിരുന്നല്ലോ."

"അതൊരു കാൻസർ കേസല്ലേ?"

"ഹൊയി! ഞങ്ങൾക്ക കുട്ടികളില്ലാത്തതിനു പരിശോധിച്ചതാണ്."

"മിസ്സസ്സ് മേരി ജോസഫ് എന്നല്ലേ പേര് അവരുടെ"

"അതെ!"

"കാൻസറാണ്. ഓപ്പറേററ് ചെയ്യാൻ പാടില്ല. ബ്ലഡ് പ്രഷർ കൂടുതലാണ്. അവർ ഒരു നാലു മാസത്തിനകം മരിച്ചുപോകും."

ഔസേപ്പച്ചൻ ഞെട്ടിപ്പോയി. മേരിക്കുട്ടി യാതൊന്നും അവനോടു പറഞ്ഞില്ല.

"കാൻസറാണെങ്കിൽ ഡോക്ടർ എന്നെയൊന്നു അറിയിക്കേണ്ടതല്ലേ?"

"എന്നോടു ക്ഷമിക്കണം. ഞാനബദ്ധമാണിപ്പോൾ പ്രവർത്തിച്ചത്. അവരെന്നോട് നിർബന്ധമായിപ്പറഞ്ഞിരുന്നു നിങ്ങളെ അറിയിക്കരുതെന്ന്. ഞാനത് ഓർത്തില്ല."

"അതു ശരിയല്ലല്ലോ, ഡോക്ടർ"

"നിങ്ങൾ നന്നാ വ്യസനിക്കുമെന്നും പറഞ്ഞാണ്. ഉപകാരവുമില്ല."

"അവൾക്ക വലിയ വേദനയൊന്നുമില്ലല്ലോ."

"വേദന അവർ കാണിക്കുന്നില്ല. കുറച്ചു നാൾക്കകം അതു വരാതെയിരിക്കയില്ല. അന്ന് എന്തായാലും നിങ്ങൾ അറിയും."

അതിയായ മനോവ്യഥ നിമിത്തം ഔസേപ്പച്ചന് ശ്വസിക്കുന്നതിനുപോലും കഴിഞ്ഞില്ല. അവന്റെ മുഖം വിവർണ്ണമായി. ഡോക്ടർക്ക് അയാളോട് അലിവു തോന്നി. "നിങ്ങൾ ഇങ്ങനെയങ്ങു വ്യസനിക്കാതെ. ഇതൊക്കെ ചിലപ്പോൾ ഉണ്ടാകും. ഞങ്ങൾ ധാരാളം കേസുകൾ കാണുന്നുണ്ട്."

ഔസേപ്പച്ചനു പിന്നെയും നാവു പൊന്തുന്നില്ല. കഠിനവ്യസനത്തോടെ അയാൾ ഡോക്ടറുടെ മുഖത്തു നോക്കി. ഒടുവിൽ അവൻ ചോദിച്ചു "യാതൊരാശയുമില്ലെന്നാണോ പറയുന്നത്?"

"ഇല്ലെന്നു തന്നെയാണ് തോന്നുന്നത്. ഡോക്ടർ മിസ്സ് ജയിംസും നോക്കി. കാൻസറിനു ചികിത്സയില്ലെന്നറിയാമല്ലോ. അവരുടെയും അഭിപ്രായം ഇതു തന്നെയാണ്. അവർ ഒരു മദ്രാസ് എം. ഡി. ആണല്ലോ."

ഡോക്ടർ പിന്നെയും പറഞ്ഞു: "ഏതായാലും ഞാനൊരു കാര്യം പറയാം. നിങ്ങൾ അവരുടെ മുമ്പിൽ വെച്ച് ദുഃഖഭാവം കാണിക്കരുത്. അതു കണ്ടാൽ അവരുടെ രോഗം കൂടും. അത്രയും എനിക്കവരെപ്പററിപ്പറയാം."

"ഇല്ല. ഞാനറിഞ്ഞതേ ഭാവിക്കയില്ല."

"അതു മതി. അവർക്ക് കഠിന വേദനയിൽ ആശ്വാസം തരുന്നതിന് ഈശ്വരപ്രാർത്ഥന ചെയ്യും. അതല്ലാതെ ഒന്നും ചെയ്യാനില്ല."

പിറവമായപ്പോൾ ഔസേപ്പച്ചൻ ഡോക്ടറോട് യാത്ര പറഞ്ഞ്, തീവണ്ടിയിൽനിന്നും ഇറങ്ങി. അയാൾ നടക്കുന്നതും അയാൾ അറിയുന്നില്ല. ആത്മഗതമായി വിചാരിക്കയാണ്: "എന്റെ മേരിക്കുട്ടി—എന്റെ ഓമന—എന്നെ വിട്ടു പിരിയുകയാണ്. അതാണ് അവൾ ദുഃഖിച്ചത്. ഇനിയുമൊരു ക്രിസ്തുമസ്സ്......അവളുടെ കൂടെ കഴിക്കാ

നോക്കുകയില്ലെന്നവൾക്കറിയാം. കഷ്ടം! ഈ മഹാപാപി അവളോടു കോപിച്ചല്ലോ. ആ പൂച്ചയെ മടിയിൽ വെച്ചു കരഞ്ഞതും അതിനോടൊരു യാത്ര പറച്ചിലായിരുന്നു... ഞാൻ ദുഃഖിക്കാതെയിരിക്കുന്നതിനു വേണ്ടി അവൾ സകലവും തന്നെത്താൻ സഹിക്കയാണ്. ഇല്ല! ഇനിയും അവളെ ഞാൻ ദുഃഖിപ്പിക്കയില്ല."

വീട്ടിലെത്തിയപ്പോൾ മേരിക്കുട്ടിയുടെ പിതാവ് അവനെ സ്വാഗതം ചെയ്തു് അകത്തു കൊണ്ടുപോയി. "മേരിക്കുട്ടി അല്പം എന്തോ ഒരു വേദനയായിട്ടു കിടക്കുകയാണ്. സാരമില്ല."

ഔസേപ്പച്ചൻ മുറിയിൽ ചെന്നപ്പോൾ മേരിക്കുട്ടി, "ഹാ! ഇതു വന്നല്ലോ" എന്നു പറഞ്ഞു് എഴുന്നേറ്റു. "ഞാൻ ക്രിസ്തുമസ് നിന്റെ കൂടെത്തന്നെ കഴിക്കാൻ നിശ്ചയിച്ചു" എന്നു് ഔസേപ്പച്ചൻ പറഞ്ഞു. അപ്പോൾ മേരിക്കുട്ടിയുടെ കണ്ണുകൾ നിറയുന്നതു് അവൻ കണ്ടു. അവന്റെയും കണ്ണുകളിൽ ബാഷ്പകണങ്ങൾ വന്നു. അവൻ അതു മറച്ചു പറഞ്ഞു: "വെയിലത്തു നടന്നു് കണ്ണിനൊരു വേദന. നിനക്കെന്താ സുഖക്കേട്?"

"ഓ ഒന്നുമില്ല. ഞാനെഴുന്നേല്ക്കുകയാണ്." മേരിക്കുട്ടി എഴുന്നേറ്റു.

* * *

ക്രിസ്തുമസ്സിനു പിറ്റേ ദിവസം അവർ രണ്ടുപേരും കോട്ടയത്തെത്തി. അമ്മ കുറെ കഠിനമായി അവരെ ശാസിക്കാതെയിരുന്നില്ല. എന്നാൽ അതൊന്നും ഔസേപ്പച്ചനു് വലിയ കാര്യമായി തോന്നിയില്ല. അവനു് ഒരു പുതിയ ആലോചന മനസ്സിൽ ഉദിച്ചിരിക്കയാണ്. വെല്ലൂർവരെയൊന്നു പോകണം. മേരിക്കുട്ടിയെ രക്ഷപെടുത്താൻ സാദ്ധ്യമല്ലായിരിക്കും. എന്നാലും കുറെ നാൾ കൂടെ അവളെ കിട്ടിയാൽ വലിയ കാര്യമാണെന്നു് അവനു തോന്നി.

ന്യൂയിയർ അവർ കോട്ടയത്തു് കഴിച്ചു. പിറ്റേ ദിവസം അവൻ മേരിക്കുട്ടിയോടു് പറഞ്ഞു: "മേരിക്കുട്ടീ! നമുക്കു വെല്ലൂർവരെയൊന്നു പോകാം. കുഞ്ഞുങ്ങളുണ്ടാകയില്ലെന്നു് തിരുവനന്തപുരത്തുകാർ പറഞ്ഞു. എന്നാൽ നമുക്കു് വെല്ലൂർകാരുടെ അഭിപ്രായവും ഒന്നറിയാം."

"എന്തിനാ ഇനിയും ആ പണവും കൂടെ കളയുന്നതു്?"

"അല്ല! അങ്ങനെയല്ല. അത്ര വളരെ പണമൊന്നും ചെലവാകയില്ല"

* * *

അവർ വെല്ലൂരെത്തി. അവിടത്തെ സ്പെഷ്യലിസ്റ്റിനെ രഹസ്യമായി ഔസേപ്പച്ചൻ കണ്ടു് വിവരമെല്ലാം അറിയിച്ചു. "എന്തായാലും ഞങ്ങളൊന്നു നോക്കട്ടെ." എന്നദ്ദേഹം പറഞ്ഞു.

അന്നുതന്നെ മേരിക്കുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആദ്യത്തെ നിരീക്ഷണം കഴിഞ്ഞു. ഡോക്ടർ ഔസേപ്പച്ചനോടു പറഞ്ഞു: "ഒരു മാംസപിണ്ഡം വളരുന്നുണ്ടു്. അതു കണ്ടിട്ടു കാൻസർ തന്നെയാണെന്നു തോന്നുന്നു. എന്നാൽ ലാബറട്ടറി പരീക്ഷണം കഴിഞ്ഞേ തീർച്ച പറയാവൂ. ചിലപ്പോൾ കാൻസറല്ലാത്തതു്, അതാണെന്നു തന്നെ തോന്നിട്ടുണ്ടു്."

പിറ്റേ ദിവസം വൈകിട്ടു അദ്ദേഹം പിന്നെയും ഔസേപ്പച്ചനെക്കണ്ടു. "ഞാൻ നിങ്ങളെ congratulate ചെയ്യുന്നു. തീർച്ചയായും മിസ്സിസ്സ് ജോസഫിനു കാൻസറില്ല. ഞങ്ങൾ ഓപ്പറേറ്റ് ചെയ്തു പൂർണ്ണസുഖമാക്കാം. ബ്ലഡ് പ്രെഷർ സാരമില്ല. നന്നാ ഭയപ്പെട്ടിരുന്ന സമയത്തു് പ്രെഷർ കൂടി നോക്കിയതായിരിക്കണം. യാതൊന്നും ഭയപ്പെടാനില്ല."

സന്തോഷംനിമിത്തം ഔസേപ്പച്ചന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ഡോക്ടർ കാണാതെയിരിക്കുന്നതിനുവേണ്ടി അവൻ മുഖം തിരിക്കേണ്ടി വന്നു.

* * *

പൂർണ്ണസുഖത്തോടെ മേരിക്കുട്ടി ഔസേപ്പച്ചനോടൊപ്പം വെല്ലൂർനിന്നും പോന്നു. വഴിക്കുവെച്ചു അവർ തനിച്ചു ഒരു ചെറിയ ഒന്നാം ക്ലാസ്സ് മുറിയിൽ ഇരുന്നു സംസാരിക്കയാണ്.

"മേരിക്കുട്ടീ! ഞാനൊന്നു പറയട്ടെ—ദുഃഖവർത്തമാനം ഉണ്ടെങ്കിൽ അതു് സ്വന്ത ഭർത്താവിൽനിന്നും മറയ്ക്കുന്നതു ശരിയല്ല."

"എന്താണിപ്പറയുന്ന സംഗതി?" മേരിക്കുട്ടി ആരാഞ്ഞു.

"എന്താണെന്നോ? തിരുവനന്തപുരത്തെ ഡോക്ടർ പറഞ്ഞതൊക്കെ ഞാനറിഞ്ഞു. നീ ആറു മാസത്തേക്ക കൂടെ മാത്രമേ ഇരിക്കയുള്ളൂ എന്നു പറഞ്ഞില്ലേ?"

മേരിക്കുട്ടി ആശ്ചര്യപ്പെട്ടു. "ഇതെങ്ങനെയറിഞ്ഞു?"

"ഞാൻ ഡിസംബർ 23-ാംനു ആ ഡോക്ടറെക്കണ്ടു. അങ്ങേരു പറഞ്ഞതാണ്. നീ മരണം കാത്തിരിക്കയല്ലായിരുന്നോ? ഞാനറിഞ്ഞില്ലായിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്നെനിക്കു് ഓർക്കാൻ പാടില്ല." ഇതു പറഞ്ഞിട്ടു് അവൻ അവളുടെ മുഖം പിടിച്ചു ചുംബിച്ചു.

"അവിടുന്നു് സഹിക്കയില്ലെന്നു വിചാരിച്ചാണ് ഞാൻ പറയാഞ്ഞതു്."

* * *

പിന്നത്തെ ക്രിസ്തുമസിനു് വിശേഷമായ ഒരു സമ്മാനം അവരുടെ മാതാപിതാക്കന്മാരുടെ മുമ്പിൽ കാഴ്ച വെയ്ക്കുന്നതിനു് അവർക്കു സാധിച്ചു. അതികോമളനായ ഒരു ആൺകുട്ടിയായിരുന്നു അതു്. മേരിക്കുട്ടിയുടെ സൌന്ദര്യം അവനു കിട്ടിയിരുന്നു.



......സാദ്ധ്യമെന്തു് കണ്ണീരിനാൽ......?

By P. N. Chandran
*Class III Phy.*

# കടലൊഴുക്കുകൾ ഒരു പഠനം

By P. BÁLAKRISHNAN

സമുദ്രം സാധാരണക്കാരിൽ ഭീതിയും ഭയവും ജനിപ്പിക്കുന്നു; കവികളിൽ അതു് അനുപമമായ ഭാവനയുദ്ദീപിപ്പിക്കുന്നു; എന്നാൽ ശാസ്ത്രകാരനിലാകട്ടെ, സംശയവും അന്വേഷണതല്പരതയുമാണു് ഉളവാക്കുന്നതു്. ഈ സംശയത്തിന്റെയും അന്വേഷണതല്പരതയുടെയും പരിണതഫലമായി രൂപംകൊണ്ടിട്ടുള്ള ഒരു നവീന ശാസ്ത്രശാഖയാണു് ഓഷ്യാനോഗ്രാഫി. (Oceanography). കഴിഞ്ഞ ഒരു ദശാബ്ദത്തിനകത്തു് ഈ രംഗത്തുണ്ടായിട്ടുള്ള അത്ഭുതപൂർവ്വമായ പുരോഗതി അന്ധകാരനിബിഡമായ ആഴിയുടെ അഗാധതലങ്ങളിൽ മറഞ്ഞു കിടക്കുന്ന അനവധി അജ്ഞാതരഹസ്യങ്ങൾ മനുഷ്യനു വെളിപ്പെടുത്തിത്തന്നിട്ടുണ്ടു്. സമുദ്രജലപ്രവാഹങ്ങളെപ്പറ്റിയുള്ള സമഗ്രമായ പഠനമാണു് ഒരു പക്ഷേ ഇവയിലേററവും പ്രാധാന്യം അർഹിക്കുന്നതു്.

ബഞ്ചമിൻ ഫ്രാങ്ക്ളിൻ എന്ന അമേരിക്കക്കാരനാണു് സമുദ്രജലപ്രവാഹങ്ങളെപ്പററി ആദ്യമായി പഠിക്കാനാരംഭിച്ചതു്. അററ്ലാൻറിക്കു് സമുദ്രം തരണം ചെയ്യുന്നതിൽ ബ്രിട്ടീഷുകാരേക്കാൾ രണ്ടാഴ്ചക്കാലം ലാഭിച്ചിരുന്ന അമേരിക്കൻ നാവികർ, മണിക്കൂറിൽ മൂന്നു മൈൽ വേഗതയിൽ ഈ സമുദ്രത്തിലൂടൊഴുകുന്ന ഒരു ജലപ്രവാഹത്തെ നേരാംവണ്ണം ഉപയോഗിച്ചാണു് ഇതു സാധിക്കുന്നതെന്നു് [illegible] അദ്ദേഹം മനസ്സിലാക്കി. ഇടന്നു് ആ പ്ര[illegible]വാഹത്തിന്റെ ഒരു ചാർട്ടു വരയ്ക്കുകയും അതിനു് [illegible] അദ്ദേഹം ഗൾഫ് സ്ട്രീം (Gulf stream) എന്ന പേരു നൽകുകയും ചെയ്തു. ഇതോടെ [illegible] ജലപ്രവാഹങ്ങളെപ്പററിയുള്ള പഠനം ആരംഭിച്ചുവെന്നു പറയാം. പക്ഷേ അടുത്ത കാലം വരെ ഈ രംഗത്തു് കാര്യമായ പുരോഗതിയൊന്നും ഉണ്ടായില്ല. എന്നാൽ മ[illegible] മണ്ഡലങ്ങളിലുണ്ടായിട്ടുള്ള ശാസ്ത്രത്തിന്റെ അഭിനന്ദനീയമായ വളർച്ച കടലൊഴുക്കുകളെപ്പററി ശാസ്ത്രീയമായ പഠനം നടത്താൻ ഗവേഷകരെ ഒട്ടേറെ സഹായിച്ചിട്ടുണ്ടു്.

കടലൊഴുക്കുകളുടെ ഉത്ഭവത്തെപ്പററി പരിശോധിക്കുന്നതിനുമുമ്പു് സമുദ്രം സദാ പ്രകടിപ്പിക്കുന്ന അസ്വസ്ഥതയുടെ കാരണം ആരായേണ്ടിയിരിക്കുന്നു. സൂര്യനു ചുററും പ്രദക്ഷിണം വയ്ക്കുന്ന ഭൂമി അതിന്റെ അച്ചുതണ്ടിൽ സ്വയം കറങ്ങുന്നതായി നമുക്കറിയാമല്ലോ? ഈ സ്വയംഭ്രമണം മൂലം ധ്രുവപ്രദേശങ്ങളെ അപേക്ഷിച്ചു് മദ്ധ്യരേഖാപ്രദേശങ്ങൾക്കു് കൂടുതൽ സൂര്യപ്രകാശവും തദ്വാരാ ചൂടും ലഭിക്കുന്നു. തൽഫലമായി ഈ ഭാഗങ്ങളിലെ സമുദ്രജലം ചൂടുപിടിച്ചു് വികസിച്ചു് അല്പം പൊങ്ങുകയും അതു് താഴ്ന്ന ജലനിരപ്പുള്ള ധ്രുവപ്രദേശങ്ങളിലേക്കു് ഒഴുകിത്തുടങ്ങുകയും ചെയ്യുന്നു. ഇത്തരം പ്രവാഹങ്ങളാണു് സാധാരണയായി ഉഷ്ണജലപ്രവാഹങ്ങളായി കാണപ്പെടുന്നതു്. ഉഷ്ണജലം മദ്ധ്യരേഖാപ്രദേശത്തിനടുത്തുള്ള കടലുകളിൽ നിന്നു് നിഷ്ക്രമിക്കുന്നതോടെ സാന്ദ്രത കൂടിയ ശീതജലം ധ്രുവപ്രദേശങ്ങളിൽനിന്നും അവിടേക്കു് കടലിന്നടിയിലൂടെ പ്രവഹിക്കുന്നു. ഇവയാണു് ശീതജലപ്രവാഹങ്ങൾ എന്ന പേരിനാൽ അറിയപ്പെടുന്നതു്.

മണിക്കൂറിൽ 1000 മൈൽ വേഗതയിൽ പടിഞ്ഞാറു നിന്നും കിഴക്കോട്ടുള്ള ഭൂമിയുടെ ഭ്രമണഫലമായി (coriolis effect) സമുദ്രജലം പടിഞ്ഞാറോട്ടു് ചലിച്ചു തുടങ്ങുന്നതിനു പുറമേ ജലപ്രവാഹത്തിന്റെയും കാററിന്റെയും ഗതിയിൽ ഉത്തരാർദ്ധഗോളത്തിൽ വലത്തോട്ടും ദക്ഷിണാർദ്ധഗോളത്തിൽ ഇടത്തോട്ടും ഒരു വ്യതിയാനം കൂടി സംഭവിക്കുന്നുണ്ടു്.

CLASS III PHYSICS

Sitting (Left to Right): Benjamin John B Sc., C. V. Sherin, Madhavankutty M. Sc., Gopinathan Nair B. Sc., K. M. Mathew M. Sc., K. Sosakutty M. Sc., Rosy Thomas M. Sc., Dr. P. M. Mathai (Principal), Prof. T. B. Thomas, P. G. Kesavan Potti M. Sc., Rev. Dn. K. P. George M. Sc., K. P. Mathew, M. A., M. A., David Jayakar Daniel M. Sc.

1st row: P. J. Johny, Madhusudhanan Kartha, K. Chandrasekharan, T. N. Vijayan, P. G. Kocheeswaran Namboodiri, G. Sasidharan Pillai, Vasanthi Kunjamma, Susy Thomas, Rohini Meenakshi, Valsa Devasy, Vijayalakshmi Ammal, P. M. Achamma, M. Omana, Mary John, P. Mohanachandran Nair, S. Reveendranathan, K. T. Paul.

2nd row: A. G. Haridas, Ittoop Mathew, Rehiman (Attender), G. Raju, Thomas Philip, George Philip, P. Ramachandran, M. C. John, Mohammed Hanifa, V. K. Skariah, K. Vijayakrishna Pillai, M. P. Jacob, P. N. Chandran, B. Sukumaran Nair, C. Unnikrishnan Nair, George Thomas, Devasy (Attender).

MEMBERS OF THE HOBBY WORKSHOP—1964-'65.

Sitting Left to Right. Misses M. M. Jameela, Vimala Kumari, K. K. Sosakkutty M. Sc., Rosy Thomas M. Sc., K. O. Achamma M. Sc., Babykutty Verghese B. Sc., Mr. K. M. Mathew M. Sc., Dr P. M. Mathai (Principal), M/s. K. M. Koshy M Sc. (President), P. G. Kesavan Potti M. Sc., Dn. K. P. George M. Sc., Abraham Philip M. Sc., V. C. George, S. Perumal Pillai.

Standing 1st Row. Misses. Mary K. A., Santha P. Earaly, Mary Philip, Alice Varghis, Susan Mathew, Mony M. K., Annie M. Leela, Susan Chandy, Valsa Devassy, Saramma V. George, Lalithamma K Joseph, T. S. Elizabeth, Chinnamma K. C., Leelamma Chacko, Mary Sujatha Mathen, Savithrikutty, Mary P. Mammen, Suseela P. George, Saramma Oommen, Aleyamma Abraham, Susan George, Aleyamma Philip.

2nd Row. Balakrishnan, Paul K. J., Sreedharan Nair, Jayaram Bhaskar, Paulose P. M., Thomas Philip, Sasidharan M. M., Abraham Peter, R. Chellappan, Chacko M. J. (Boy), Balachandran M. S., Georgekutty, Johnny P. J., Ramachandran P., Thomas P. C., Haneefa, Vijayakrishna Pillai K., Hydrose C. A., Thomas Philip, C. M. Mathew, Ramachandran N., Damodara Menon K., Abraham Thomas.

CLASS III PHYSICS



MEMBERS OF THE HOBBY WORKSHOP—1964-'65





CAPTAINS OF WOMEN'S TEAMS
C. I. Saramma (Badminton), Anne Bessy John (Volley-ball), Saramma Kurien (Basket-ball)
Remy Jacob (Tennikoit) and Sudha Mariam Verghis (Hockey).



COLLEGE CAPTAINS (MEN) 1964—'65
*Sitting L. to R.)* Jacob Alexander (Cricket), P. G. Mathew (Basket-ball), Oommen Kurien (Hockey), George Philip (Tennis), Chinnen John (Badminton).
*Standing (L. to R.)* C. V. Sherin (Athletics), Jose Eapen (Volley-ball) and K. J. Paul (Football)

സമുദ്ര ജലപ്രവാഹങ്ങളെ സാധാരണയായി മൂന്നായി തരം തിരിക്കാം. വേലിയേറ്റവും വേലിയിറക്കവും മൂലം ഉണ്ടാകുന്ന പ്രവാഹങ്ങളാണ് ആദ്യത്തെ ഇനത്തിൽപെടുന്നത്. ഇത്തരം പ്രവാഹത്തിന്റെ ശക്തിയും വേഗതയും കരയുടെ സാമീപ്യം, ഏറ്റമിറക്കങ്ങളുടെ (tides) അവസ്ഥ എന്നിവയെ ആശ്രയിച്ചിരിക്കുന്നു. ഈ വിഭാഗത്തിൽപെട്ട വേഗത കൂടിയ പ്രവാഹങ്ങൾ ഉൾക്കടലുകളിലേക്ക് പ്രവേശിക്കുന്ന കടലിടുക്കുകളിലാണ് മിക്കവാറും കാണപ്പെടുന്നത്.

കാറ്റുകൊണ്ടുണ്ടാകുന്ന പ്രവാഹങ്ങളാണ് ഇവയിലേറ്റവും പ്രധാനപ്പെട്ടത്. കാറ്റ് ജലോപരിതലത്തിൽ ഒരു തള്ളൽ ഉണ്ടാക്കുന്നു. ഈ തള്ളൽ (stress) ശക്തവും ദീർഘസമയം ഇടവിടാതെ അനുഭവപ്പെടുന്നതുമാണെങ്കിൽ ഉപരിതലത്തിലുള്ള ജലം സാവധാനത്തിൽ ചലിക്കാൻ തുടങ്ങും. ഈ ചലനം ക്രമേണ അടിത്തട്ടിലേക്കും വ്യാപിക്കുന്നു. പ്രവാഹത്തിന്റെ ആഴം കാറ്റിന്റെ ശക്തിയേയും ഒരേദിശയിൽ അതു വീശുന്ന സമയത്തെയും ആശ്രയിച്ചാണിരിക്കുന്നത്.

പക്ഷേ സമുദ്രജലം ഏകാത്മകമല്ല. ഇതിനും പുറമേ ഭൂമി ഒരിക്കലും ചലനരഹിതവുമല്ല. അതിനാൽ ഉപരിതലത്തിൽനിന്നും പ്രവാഹഗതിക്ക് വ്യതിയാനം സംഭവിക്കുന്നു. ഈ വ്യതിയാനം ഉത്തര അക്ഷാംശത്തിൽ വലത്തോട്ടും ദക്ഷിണ അക്ഷാംശത്തിൽ ഇടത്തോട്ടുമാണ് കാണപ്പെടുന്നത്. ഉപരിതലത്തിൽ ശരാശരി 45° വരെയും താഴോട്ടു പോകുന്തോറും കൂടുതലായും ഇതനുഭവപ്പെടുന്നു. അവസാനം ഇത് ഉപരിതല പ്രവാഹത്തിനെതിർഗതിയിലുള്ള പ്രവാഹമായും ചിലപ്പോൾ രൂപാന്തരപ്പെടാറുണ്ട്. പക്ഷേ അത്ര ശക്തിമത്തായിട്ടൊന്നുമല്ലെന്നുമാത്രം. ഈ വ്യതിയാനം ആദ്യമായി മനസ്സിലാക്കിയത് ഫ്രീഡ്'ട് ജോഫ് നാൻസെൻ എന്ന നോർവ്വേക്കാരനാണ്. ഇത്തരത്തിലുള്ള പ്രവാഹങ്ങളുടെ ഗതി ജലത്തിന്റെ ആഴം കരകളുടെ സാമീപ്യം എന്നിവയെ ആശ്രയിച്ചാണിരിക്കുന്നത്.

ദക്ഷിണ സമുദ്രങ്ങളിൽ കാറ്റ് മിക്കവാറും ഒരേ ദിശയിലാണ് വീശുന്നത്. ഈ പ്രദേശങ്ങളിൽ കാറ്റിന്റെ വേഗത ഓരോ കാലങ്ങളിലും മാറിക്കൊണ്ടാണിരിക്കുന്നത്. ഈ മാറ്റത്തിനനുസരിച്ച് പ്രവാഹത്തിന്റെ വേഗത്തിലും വ്യത്യാസം സംഭവിക്കുന്നുണ്ട്. എന്നാൽ പ്രവാഹഗതി മിക്കവാറും സ്ഥിരമാണ്. കാറ്റുകളുടെ ഫലമായി മധ്യരേഖക്ക് സമീപം പടിഞ്ഞാറോട്ടും മിതോഷ്ണമേഖലാപ്രദേശത്ത് കിഴക്കോട്ടും ഒരു പൊതു ചലനം ഉപരിതലത്തിലുണ്ടാകുന്നു. പക്ഷേ സൂര്യന്റെ തപിപ്പിക്കലും ഭൂമിയുടെ സ്വയം ഭ്രമണഫലവും (coriolis effect) ഇതിൽ യോജിച്ച് പ്രവർത്തിക്കുന്നതിനാൽ ഈ പ്രവാഹങ്ങൾ വൃത്താകൃതിയിൽ ഉത്തര അക്ഷാംശത്തിൽ പ്രദക്ഷിണദിശയിലും (clockwise) ദക്ഷിണ അക്ഷാംശത്തിൽ അപ്രദക്ഷിണ ദിശയിലും (Anti-clock wise) അനുഭവപ്പെടുന്നു. ദക്ഷിണ പൂർവ്വേഷ്യയിൽ വീശുന്ന മൺസൂൺ കാറ്റുകൾ ഉഷ്ണകാലത്തും ശീതകാലത്തും വിപരീത ദിശയിലാണ്. വേനൽക്കാലത്ത് കരയിലേക്കും ശീതകാലത്ത് കടലിലേക്കുമാണ് സാധാരണ കാറ്റുകളുടെ തന്നെ ഗതി. ഇവയെല്ലാം ജലപ്രവാഹങ്ങൾക്ക് ഹേതുഭൂതമായിത്തീരുന്നു.

കാറ്റുമൂലമുണ്ടാകുന്ന മറ്റു പ്രവാഹങ്ങൾക്ക് അതാതു സ്ഥലത്തു തന്നെയുണ്ടാകുന്ന കാറ്റിന്റെ ഗതിവ്യത്യാസമാണ് കാരണം. പകൽ കടലിൽനിന്നും കരയിലേക്ക് കാറ്റടിക്കുന്നു. രാത്രിയിൽ കരയിൽനിന്നും കടലിലേക്കും. ഈ വ്യത്യാസം സമീപത്തുള്ള ജലപ്രവാഹങ്ങളെ കാര്യമായി ബാധിക്കും. സ്ഥിരപ്രവാഹങ്ങളും ജലത്തിനും അതാതു സമയത്തുണ്ടാകുന്ന വ്യത്യാസങ്ങളും കടലിൽ പുതിയ തരം വേലിയേറ്റം (meteorological tides) സൃഷ്ടിക്കുന്നു.

സമുദ്രജലത്തിന്റെ സാന്ദ്രതാവ്യത്യാസത്തെ അടിസ്ഥാനമാക്കിയുള്ള പ്രവാഹങ്ങളാണ് മൂന്നാമത്തെ ഇനത്തിൽപെടുന്നവ. ഗൾഫ്സ്ട്രീം, കുറോസിവോ മുതലായ പ്രധാന പ്രവാഹങ്ങളെല്ലാം ഈ വിഭാഗത്തിൽപെടുന്നു. ജലത്തിന്റെ സാന്ദ്രതാവ്യത്യാസം എങ്ങനെ ജലപ്രവാഹങ്ങളുണ്ടാക്കുന്നുവെന്ന് ഒരു ഉദാഹരണംകൊണ്ട് വ്യക്തമാ

ക്കാം. രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്ന ഒരു ടാങ്കിന്റെ ഒരു ഭാഗത്ത് ഉഷ്ണജലവും മറ്റേതിൽ ശീതജലവും നിറയ്ക്കുക. നടുവിലുള്ള വിഭാജകം മാറ്റുമ്പോൾ ശീതജലം അടിയിലും ഉഷ്ണജലം മുകളിലുമായി ഒരു പ്രത്യേകരീതിയിൽ സാന്ദ്രത ക്രമീകരിച്ചുകൊണ്ട് ജലം നിശ്ചലാവസ്ഥയെ പ്രാപിക്കുന്നു. അപ്പോൾ ഒരു ടേബിൾ ഫാനിൽനിന്നു വരുന്ന കാറ്റ് ജലോപരിതലത്തിലടിപ്പിക്കുക. മറ്റൊരു സാന്ദ്രതാ ക്രമീകരണം സാധിച്ചുകൊണ്ട് സാന്ദ്രത കൂടിയ ജലം ടാങ്കിന്റെ ഒരു ഭാഗത്തേക്ക മാറുന്നതു കാണാം.

ബാഷ്പീകരണവും സമുദ്ര ജലപ്രവാഹങ്ങളുടെ ഉത്ഭവത്തിൽ കാര്യമായ പങ്കു വഹിക്കുന്നുണ്ട്. മെഡിറ്ററേനിയൻ കടലിലുണ്ടാകുന്ന ജലപ്രവാഹങ്ങൾ ഇത്തരത്തിൽപെടുന്നവയാണ്.

സമുദ്രജലത്തിന്റെ താപവും കടലുപ്പിന്റെ അളവുമാണ് ആഴമേറിയ കടലൊഴുക്കുകളെ നിയന്ത്രിക്കുന്നതു്. ഉപ്പ് ജലത്തിന്റെ സാന്ദ്രത വർദ്ധിപ്പിക്കുന്നു. ധ്രുവപ്രദേശങ്ങളിലുള്ള ജലത്തിൽ കടലുപ്പ് ധാരാളമുണ്ടായിരിക്കും. വെള്ളം ഘനീഭവിക്കുമ്പോൾ കൂടുതൽ ഉപ്പ് ശേഷിപ്പുള്ള ജലത്തിൽ ചേരുന്നു. സാന്ദ്രത കൂടിയ ശീതജലം ആഴിയുടെ അടിത്തട്ടിലേക്ക് താഴുകയും മദ്ധ്യരേഖാപ്രദേശത്തേക്ക് ഒഴുകിത്തുടങ്ങുകയും ചെയ്യുന്നു. സാന്ദ്രത കൂടിയ ഒരു തുള്ളി ജലം ധ്രുവപ്രദേശത്തുനിന്ന് മദ്ധ്യരേഖാപ്രദേശത്തെത്തുന്നതിനെടുക്കുന്ന സമയത്തെപ്പറ്റി ശാസ്ത്രജ്ഞന്മാർ ഭിന്നാഭിപ്രായക്കാരാണ്.

പക്ഷേ ഇക്കാര്യം തിരിച്ചറിയാൻ പുതിയൊരു മാർഗ്ഗം ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. കടൽ വെള്ളത്തിൽ വായുവിൽ നിന്നലിഞ്ഞുചേർന്ന കാർബൺഡയോക്സൈഡ് അടങ്ങിട്ടുണ്ട്. ഇതിന്റെ കൂടെ ഒരു തരം റേഡിയോ ആക്റ്റീവ് കാർബണും (Radio active carbon 14) അടങ്ങിയിട്ടുണ്ട്. മറ്റെല്ലാ റേഡിയോ ആക്റ്റീവ് മൂലകങ്ങളെയുംപോലെ കാർബൺ 14 ഉം ഒരു നിശ്ചിത തോതിൽ നിർജ്ജീവമായിത്തീർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മദ്ധ്യരേഖാപ്രദേശത്തുള്ള കടൽ വെള്ളത്തിൽ ധ്രുവപ്രദേശങ്ങളിലുള്ളതിനേക്കാൾ കാർബൺ 14 കുറവായിരിക്കും. ഈ വ്യത്യാസം മനസ്സിലാക്കി അവ സഞ്ചരിച്ച സമയം നിർണ്ണയിക്കാം.

ഈ വിധത്തിലെല്ലാം കടലിലുണ്ടാകുന്ന പ്രവാഹങ്ങളെപ്പറ്റി പഠിക്കാനുപയോഗിക്കുന്ന മാർഗ്ഗങ്ങളും അറിഞ്ഞിരിക്കേണ്ടതുണ്ട്. സമുദ്രജലപ്രവാഹങ്ങളുടെ വേഗത നിർണ്ണയിക്കുന്നതു് പ്രവാഹമാപിനി (current meter) ഉപയോഗിച്ചാണ്. Ekman പ്രവാഹമാപിനിയുപയോഗിച്ച് പ്രവാഹത്തിന്റെ വേഗതയും ഗതിയും മനസ്സിലാക്കാം. ചലിച്ചുകൊണ്ടിരിക്കുന്ന കപ്പലിൽ നിന്നും ഒരു തരം ഇലക്ട്രോഡുകൾ (towed electrodes) വിതറി അതിൽനിന്നും ജലപ്രവാഹങ്ങളെപ്പറ്റി പഠിക്കാം.

ഇതിൽ നിന്നെല്ലാം തികച്ചും വിഭിന്നമായ മറ്റൊരു രീതിയും കടലൊഴുക്കുകളെപ്പറ്റി പഠിക്കാനുപയോഗിക്കുന്നുണ്ട്. അടയാളപ്പെടുത്തിയ ഒരുതരം കുപ്പികൾ (drift bottle) പ്രവാഹ ഗതിയിൽ നിക്ഷേപിക്കുകയാണ് ഇതിൽ ചെയ്യുന്നതു്. അവ മുക്കുവന്മാരുടെയും മറ്റും വലയിൽ കുടുങ്ങി എങ്ങനെയും കരയിലെത്തുന്നു. ആരെങ്കിലും അവ കണ്ടുകിട്ടാനിടയായാൽ അതു കിട്ടിയ സ്ഥലം, സമയം ഇവ കാണിച്ച് അവയ്ക്കുള്ളിലുള്ള കാർഡ് പോസ്റ്റു ചെയ്യുന്നു. പക്ഷേ ഇത്തരം പഠനം തികച്ചും കാര്യക്ഷമമല്ലെന്ന് പ്രഥമ വീക്ഷണത്തിൽനിന്നു തന്നെ മനസ്സിലാക്കാം.

താപനിലയിലും സാന്ദ്രതാവ്യത്യാസത്തിലുമുള്ള വ്യതിയാനം നിമിത്തമുണ്ടാകുന്ന ജലചലനം സൈനികാവശ്യങ്ങൾക്കുപയോഗിക്കാം. ഒന്നാം ലോകമഹായുദ്ധത്തിന്റെ ആരംഭഘട്ടത്തിൽ മുങ്ങിക്കപ്പലിന്റെ ശബ്ദം തിരിച്ചറിയാനുള്ള അമേരിക്കയുടെ ഉപകരണം പലപ്പോഴും പരാജയപ്പെടുകയുണ്ടായി. താപനിലയിലുള്ള വ്യത്യാസമാണ് ഇതുണ്ടാക്കിത്തീർത്തതു്. ഈ വ്യത്യാസം സോണിക് രശ്മികളെ (Sonic rays) ശരിയായ പഥത്തിൽനിന്നും വ്യതിചലിപ്പിക്കുന്നു. ശീതജലത്തിനു മുകളിൽ ഉഷ്ണജലം സ്ഥിതിചെയ്യുമ്പോൾ ഇതു് ശക്തിയായനുഭവപ്പെടും. ഈ വൈഷമ്യം തരണം ചെയ്യാൻ ഒരു ഉപകരണം (bathy thermograph) കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

ഉപ്പിന്റെ കൂടുതൽ കുറവ് സമുദ്രജലത്തെ ചലിപ്പിക്കുമെന്ന അറിവും സൈനികാവശ്യങ്ങൾക്ക ഉപകരിക്കപ്പെടുന്നതാണ്. മെഡിറ്ററേനിയൻ കടലിൽ ശരാശരിയിൽ വളരെ കൂടുതലാണ് ഉപ്പിന്റെ അംശം. ബാഷ്പീകരണംമൂലം 100,000 ടൺ വെള്ളം സെക്കന്റിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. തൽഫലമായി ലവണാംശം വർദ്ധിക്കുകയും ജലത്തിന്റെ സാന്ദ്രത ഉയരുകയും ചെയ്യുന്നു. ഈ സാന്ദ്രത കൂടിയ ജലം (ശീതകാലങ്ങളിൽ വിശേഷിച്ചും) അറ്റ്ലാന്റിക്ക് സമുദ്രത്തിലേക്കൊഴുകുന്നു. ഇങ്ങനെ നഷ്ടപ്പെടുന്ന ജലത്തിന്റെ കുറവ് പരിഹരിക്കാൻ ശീതജലം അറ്റ്ലാന്റിക്ക് സമുദ്രത്തിൽനിന്നും, പുറത്തേക്കൊഴുകുന്ന പ്രവാഹത്തിന്റെ ഉപരിതലത്തിലൂടെ മെഡിറ്ററേനിയൻ കടലിലേക്കൊഴുകുന്നു. ജർമ്മൻകാരും ഇറ്റലിക്കാരും രണ്ടാം ലോക മഹായുദ്ധത്തിൽ ഈ രഹസ്യം അപൂർവ്വമായിട്ടാണെങ്കിലും പ്രയോജനപ്പെടുത്തുകയുണ്ടായി.

വലിയ ജലപ്രവാഹങ്ങൾ നാവിക ഗതാഗതത്തെ വളരെയധികം ബാധിക്കുന്നു. അതിനും പുറമേ സമുദ്രത്തിനകത്തുള്ള ഈ നദികൾ തീരപ്രദേശങ്ങളിലെ കാലാവസ്ഥയിൽ വമ്പിച്ച പരിവർത്തനങ്ങൾ ഉളവാക്കുന്നുണ്ട്.



'കരികത്തിയൊതുക്കെടി പെണ്ണേ
കൂട്ടത്തിലിറങ്ങെടി പെണ്ണേ
നാണിച്ചുനില്ലാതെന്ന് നൃത്തംചെയ്യ് പെണ്ണേ
നാലുപേർ കാൺകെ വന്ന് നൃത്തംചെയ്യ്.'

*By* K. P. CHANDRASEKHARAN NAIR
*Class III Chemistry*

# ലോട്ടസ് ഭക്ഷകർ

എം. കെ. തരവത്ത്, എം. എസ്സ്സി., ഫൈനൽ ഇയർ

('Lord Tennyson' എഴുതിയ "The Lotos Eaters" എന്ന കവിതയുടെ ആദ്യഭാഗത്തിൻെറ സ്വതന്ത്ര പരിഭാഷയാണിതു്. യുളിസസ്സും അനുചരന്മാരും ലോട്ടസ് ഭക്ഷകരുടെ നാട്ടിൽ ചെന്നപ്പോൾ കണ്ട വിശേഷമാണു് പ്രതിപാദ്യം.)



വൻകരചൂണ്ടിക്കാട്ടി "ധൈര്യമായിരിക്കുകെ"—
നന്വോടെ സ്മിതാസ്യനായ് കഥിച്ചാനവൻ വീണ്ടും
"ഈ മലപോലെത്തുന്ന തരംഗം നമ്മെ ജവം
ശ്രീമിന്നും തീരത്തിലേക്കുായിച്ചിട്ടും ദൃഢം"
പ്രത്യഷാഹ്നത്തിൽ പാരമെന്നന്നും സായാഹ്നമാം
പ്രത്യയിപ്പിക്കം ഭുവിലെത്തിനാർ വിശങ്കിതർ
മന്ദമായവിടെയും മാരുതൻ വീശി സ്വപ്ന-
മന്ദൻെറയലസമാം നിശ്വാസവാതം പോലെ
താഴ്‌വരവിട്ടിട്ടില്ലയുയന്നുകാണാറായി
രാകേന്ദുബിംബം തെളിഞ്ഞേററവും പ്രസന്നമായ്.
തടിനിനിചയത്തിൻ ഉമി! ധൂമികപോലെ
ഝടിതിയൊഴുകുന്നു വെൺപട്ടു വിരിച്ച പോൽ
സ്നിഗ്ദ്ധമാം ച്ഛായാസ്പർശമേററു പാരാത്താഴുകുന്ന
മുഗ്ദ്ധമാം ഫേനം തിങ്ങ വെള്ളിമാലത്തിൻ കീഴിൽ
സാഗരോന്മുഖികളായ് പ്പായുന്ന കാട്ടാറുകൾ
രാഗരേഖകൾപോലെയുള്ളിൽ നിന്നെ
ഉയർന്നുകാണാറായി പശ്ചിമാംബരത്തിലെ സ്വച്ഛം
ച്ചുവപ്പുതട്ടും മൂന്നു മഞ്ഞുമാമലദ്ദൂരെ.

തലകാണിക്കുന്നുണ്ടു നൃത്യനപ്പോഴും വൃക്ഷ-
ത്തലപ്പിൽക്കൂടിയ്ക്കുന്ന പശ്ചിമാംബരാന്തത്തിൽ.

സാലങ്ങളുതിരിട്ട പീതകേദാരം, ചുററും
ചേലുലാവിടുന്നോരു താഴ്‌വര പ്രദേശങ്ങൾ
ചന്ദനമരം തിങ്ങും മേടുകൾ—എല്ലാടുമൊഴ്-
മൊന്നുപോൽ പ്രോൽഭാസിക്കുമൊരു സുന്ദരദേശം

മാസ്മരപ്രഭാവമാളീടുമാമരത്തിൻെറ
മാൺപെഴും ഫലം ഇതും ശാഖയുമേന്തിക്കൊണ്ടു

കപ്പലിനടുത്തെങ്ങു വിളറും മുഖവുമാ-
യൊപ്പമായിരം ലോട്ടസ് ഭക്ഷകരെത്തിച്ചേർന്നു.



ശ്യാമാസ്യർ ശോണാന്തനകാന്തി തിങ്ങവേമാന്ദ്യം
താവിടും വിലോചനമാളുവോരന്ന്യർ
ദാനമായ് നൽകി പകമധുരഫലങ്ങള-
ദ്ദീനരായ് മരുവുന്ന യോദ്ധാക്കൾക്കെല്ലാവർക്കും.
അവയാസ്വദിച്ചവർക്കരികിൽ ഘോഷിക്കുന്ന
തിരതൻരവം ദൂരെനിന്നു കേൾപ്പതായ് തോന്നി.
സ്വരവും താണു വീണ്ടും വീണ്ടുമാടേയാക്കി
ഝടിതി ശ്മശാനത്തിലുള്ള മൂകതപോലെ
ബോധമുള്ളപ്പോൾപോലും നിദ്ര കൺകളിലേറി
ഗീതിപോൽത്തോന്നി ഹന്ത! ഹൃദയസ്പന്ദംപോലും
രാജസൂര്യന്മാർക്കിടയ്ക്കായിട്ട നിലകൊണ്ടാർ
രാജിക്കും പിതപ്പായ കലമവനിയിൽ

നന്മതാൻ പിതൃഭൂമി സ്വപ്നം കാണുകിൽ; തൻെറ
മിന്നകെട്ടിയ പെണ്ണും പൈതലും ഭൃത്യന്മാരും
എന്നാമോർമ്മയിൽത്തങ്ങി നിൽപ്പതു കൊള്ളാം പക്ഷേ
ചെന്നുപററുവാനെത്രയോററാണ്ടു കഴിയണം!
പരമായം ഉഴയുവാൻ പണിയാണലച്ചലാ-
ണെങ്ങുമീ നിശ ശൂന്യമാം ഫേനഭൂമിയും വജ്ജ്യം.

അവരിലൊരാൾ ചൊല്ലി: "ഞാനില്ല തിരിച്ചിനി
വെറുതേ കടൽ താണ്ടി മണ്ടുവാൻ ത്രാണിയില്ലല്ലോ.



*By* K. T. PAUL,
*Cl. III, Phy.*

ചെറുകഥ

# ബലിമൃഗങ്ങൾ

(അഖിലേന്ത്യാ റേഡിയോ തിരുവനന്തപുരം നിലയത്തിൽനിന്നും പ്രക്ഷേപണം ചെയ്തത്.)

കെ. എസ്. വിശ്വംഭരദാസ്, ദേശം. [OLD STUDENT]



**പ്രിയമുള്ള നന്ദിനി,**

ആറേഴു വർഷത്തെ അതിദീർഘമായ മൗനത്തിനുശേഷം സ്നേഹിച്ചു വളർന്ന ചുറ്റുപാടുകളിൽനിന്നും വിദൂരമായ ഒരു മറുനാട്ടിലെ മലനിരകൾക്കിടയിൽ കിടക്കുന്ന ഭീതിദമായ ഒരു സ്ഥലത്തിരുന്നുകൊണ്ടാണ് എന്റെ ആത്മാവിന്റെ അന്തരംഗങ്ങൾ ഞാനിങ്ങനെ പകർത്തുന്നത്. ചുറ്റുപാടും മൂടി നില്ക്കുന്ന ഈ ഏകാന്തതയ്ക്ക് കത്തിക്കഴിഞ്ഞ ഒരു ചിതയുടെയോ, കത്തിക്കൊണ്ടിരിക്കുന്ന ഉമിത്തീയുടെയോ തീക്ഷ്ണമായ പ്രശാന്തതയാണുള്ളത്.

മരണത്തിന്റെ കാലടിശബ്ദം ഓരോ നിമിഷവും പ്രതീക്ഷിച്ചുകൊണ്ട്, ഈ കുഷ്ഠരോഗാശുപത്രിയിലെ ശ്മശാനത്തിലുള്ള മിനുത്ത പുൽത്തകിടിയിൽ കുനിഞ്ഞിരുന്ന് എന്റെ ആത്മാവിന്റെ പങ്കാളിയായിരുന്ന നന്ദിനിക്കുട്ടിക്ക് ഒരു കത്തെഴുതുന്ന നിന്റെ ഭദ്രൻചേട്ടന്റെ രൂപം നീ കാണുന്നുണ്ടോ ? പ്രപഞ്ചഗതിയുടെ സംഹാരതാണ്ഡവത്തിന് സ്വയം അടിയറ പറയേണ്ടിവന്ന സ്വർഗ്ഗീയ നിമിഷങ്ങൾ നിത്യവിശ്രമം കൊള്ളുന്ന ശവക്കല്ലറകളുടെ കല്പടവുകളിലിരുന്ന്, വിങ്ങിപ്പൊട്ടുക മാത്രമാണ് ഇനി എനിക്ക് ചെയ്യാൻ കഴിയുന്നത്.

സന്ധ്യ കളിച്ചൊരുങ്ങി നൃത്തം ചവിട്ടി അരങ്ങേറുന്ന ഈ സായംവേളയിൽ എനിക്ക് മുമ്പിലുള്ള മലഞ്ചെരിവുകളിലേക്ക് നോക്കുമ്പോൾ പ്രകൃതിക്ക് ഹൃദയഹാരിയായ ഒരു വശ്യത കൈവന്നതായി തോന്നുന്നു. മുടിക്കുത്തു നിറയെ മലർ ചൂടി നില്ക്കുന്ന വാകമരങ്ങൾ, കാറ്റിൽ ആടിക്കുഴയുന്ന പച്ചപ്പടപ്പുകൾ, അവയ്ക്കപ്പുറം തെക്കിലെവട്ടി രൂപത്തിൽ നിരന്നിരിക്കുന്ന തേയിലത്തോട്ടങ്ങൾ, ഊട്ടുപാതകളിലൂടെ പ്രകൃതിസൗന്ദര്യം അരിച്ചൊഴുകിക്കൊണ്ടിരിക്കുന്നതുപോലെ, പുറകിൽ കൂടയും തൂക്കിയിട്ട് തളിരിറുക്കുന്ന മലവേടത്തരുണികൾ !......

എന്റെ ഹൃദയം ഇപ്പോൾ ശാന്തവും സ്വച്ഛവുമാണ്. കണ്ണാടിച്ചില്ലുകൾ പോലുമില്ലാത്ത കന്നിയാറുപോലെ അതൊഴുകുന്നു. ഇവിടെയിരുന്നുകൊണ്ട് ജീവിതത്തെക്കുറിച്ചുള്ള നൈമിഷികബോധത്തോടുകൂടി അനന്തമായ ആകാശത്തേക്ക് ശ്രദ്ധ പതിക്കുമ്പോൾ അവാച്യമായ ഒരു ശാന്തി മനസ്സിന് ലഭിക്കുന്നു. അനുഭവിച്ച നിരാശതാബോധം ചീന്തിയെറിഞ്ഞ ഒരു ശാന്തിയാണിതെന്ന് എനിക്കുമറിയാം.

ആശുപത്രിയുടെ കണ്ണാടിജ്ജാലകങ്ങളിൽ ചെന്നടിച്ച് ചിന്നിച്ചിതറിപ്പോകുന്ന സൂര്യരശ്മികളും, പടിഞ്ഞാറൻ മേലാപ്പിന്റെ നേരെ ഒരാക്രമണോദ്യമത്തോടെയെന്നു തോന്നിക്കുമാറ് സംഘമായിപ്പറന്ന്, ഒടുവിൽ ഒറ്റയൊറ്റയായി അകന്നകന്ന് വെറും ബിന്ദുക്കളായി രൂപപ്പെട്ട് അവസാനം അനാദിയായ ആകാശഗഹനതയിൽ അപ്രത്യക്ഷപ്പെടുന്ന പറവക്കൂട്ടങ്ങളും എന്നെ സാന്ത്വനപ്പെടുത്തുന്നു. കാരണം അവയെല്ലാം നൈമിഷികമായ സൃഷ്ടിയുടെ പ്രതീകങ്ങളും ഇരകളും മാത്രമാണല്ലോ.

മായാത്ത ഒരു പുഞ്ചിരി എപ്പോഴും തയ്യാർ ചെയ്തിട്ടുള്ള മുഖവും, ചാട്ടുളി എറിഞ്ഞതുപോലെ കുസൃതി ചുഴിഞ്ഞിറങ്ങുന്ന കണ്ണുകളുമുണ്ടായിരുന്ന അന്നത്തെ നിന്റെ ഭദ്രൻചേട്ടനല്ല ഇതെഴുതുന്നത്. ആ മനുഷ്യനെ നീ ഇനി കാണുകയില്ല......

നിനക്കു കാണാം : വേനൽമഞ്ഞുപോലെ ചുളുങ്ങിപ്പഴുത്ത മുഖം തൊലി ചുളുങ്ങിയ കാട്ടുചേനപോലുള്ള മുഖവും മുള്ളു മുറിയ വെണ്ണസ്സായുടെ അഗ്രം വെട്ടിക്കളഞ്ഞതുപോലെ അഴുകിപ്പോയ വിരലുകളുള്ള ഒരു ബീഭത്സരൂപത്തിനെ ! ശരീരത്തിന്റെ ഏടുകളിൽ ഈന്തപ്പഴമോ വാളൻപുളിയോ വച്ചു തേച്ചതുപോലുണ്ട്. എന്റെ മുഖത്ത് കുഷ്ഠരോഗം മുദ്രകൾ കുത്തിക്കഴിഞ്ഞിരിക്കുന്നു. വിവിധ തിരികളിലുള്ള മാംസദളങ്ങളോടുകൂടി കാതും മുഖം ചുണ്ടും തടിച്ചുവീർത്ത് ഒരു യവന കാട്ടാളപ്രതിമപോലെ വികൃതമായിട്ടുണ്ട്. കാട്ടുചേനയുടെ പട്ടുപോലുള്ള മാംസമൊട്ടുകൾ, മരച്ചട്ടുകങ്ങൾപോലുള്ള കൈകാലുകളിൽ, കർക്കടകമാസത്തിൽ മരക്കൊമ്പുകളിൽ കൂൺ പൊടിഞ്ഞിരിക്കുന്നതുപോലെ പൊന്തി വന്നിരിക്കുന്നു......

ഇത്തുവാരാത്ത കശാപ്പുശാലയിലേതുപോലെ അളിഞ്ഞഴുകിയ നരമാംസത്തിന്റെ അസഹ്യവും അരോചകവുമായ നാറ്റം ഈ മതിലുള്ളിൽ കെട്ടിക്കിടക്കുകയാണ്. പൊള്ളും പോടും പിടിച്ച ഉണക്ക പ്ലാവുപോലെ കുഷ്ഠരോഗം കാർന്നു തിന്ന ഈ മനുഷ്യക്കോലങ്ങൾ മനുഷ്യരൂപത്തിനുതന്നെ അപവാദമാണ്. ചീഞ്ഞളിഞ്ഞ മനുഷ്യമാംസത്തിന്റെ ദുർഗ്ഗന്ധവും അശുദ്ധരക്തത്തിന്റെയും മരണികഷണങ്ങൾപോലുള്ള കഫക്കട്ടകളുടെയും അസഹ്യമായ നാറ്റവും നാസാരന്ധ്രങ്ങളിലേക്ക് തിക്കിത്തിരക്കി തള്ളിക്കയറുകയാണ്. മരോട്ടി എണ്ണയുടെയും ലോഷന്റെയും മനംപുരട്ടുന്ന രൂക്ഷമായ ഗന്ധമാണ് ഇവിടത്തെ കുളിർകാറ്റിൽ അലിഞ്ഞു ചേർന്നിരിക്കുന്നത്. മുരടിച്ചുപോയ ജീവിതങ്ങളിൽനിന്നുണ്ടായ മോഹഭംഗങ്ങളുടെ നെടുവീർപ്പുകളും വിങ്ങിപ്പൊട്ടലുകളുമാണ് ഈ കുളിർകാറ്റ് പേറിയിരിക്കുന്ന പ്രേമകാവ്യങ്ങൾ. ഇവിടെയുള്ള മനുഷ്യശരീരങ്ങൾ ഒരു മഹാവ്യാധിയുടെ ആസുരതാണ്ഡവത്തിനുള്ള അരങ്ങുകളായി മാറിയിരിക്കുന്നു.

ദുഃഖത്തിന്റെയും വേദനകളുടെയും കട്ടകൾ തണച്ചിറക്കിക്കൊണ്ട് ഞാനിതു കുത്തിക്കുറിക്കുമ്പോൾ സ്നേഹസാന്ദ്രമായൊരു മനുഷ്യശബ്ദം കാതുകളിൽ വന്നലയ്ക്കുന്നു. എന്നിട്ടവ ഹൃദയത്തിന്റെ ഭിത്തികളെ തട്ടിത്തകർക്കുകയാണ്. ഹൃദയത്തിന്റെ ഉള്ളറയിൽനിന്നും അപ്പൂപ്പൻതാടിപോലെ ഒരു ശബ്ദം ഉയർന്നുവരുന്നു......

" വരുമോ ? "

" വരാതിരിക്കില്ല; തീർച്ച. ! "

" ഞാൻ കാത്തിരിക്കും. "

" കാത്തിരുന്നേ മതിയാകൂ — ... "

എനിക്കു ചുറ്റും ഇരുട്ടാണ്. സാന്ദ്രഭീകരമായ ഇരുട്ട് ! അതിനപ്പുറം ശൂന്യതയാണ്. അസ്വസ്ഥമായ ശൂന്യത ! ഈ വേളയിൽ മധുരമായ ആ ഭൂതകാലമാകെ അശ്രുധാരയുടെ നേരിയ മൂടൽമഞ്ഞിലൂടെ ഞാൻ ഒന്നുകൂടി കണ്ടുകൊള്ളട്ടെ.

8 * *

നാലു വർഷം ഞാൻ നാട്ടിൽ ഉദ്യോഗം തെണ്ടി അലഞ്ഞുതിരിഞ്ഞു. ഒടുവിൽ, എന്നിൽ രൂപംകൊണ്ട കടുത്ത നിരാശാബോധവും പ്രപഞ്ചവിദ്വേഷവും എന്നെ ഒരു സാഹസികനാക്കി.

ഒടുവിൽ യാത്ര പറയേണ്ടിവന്ന ആ നിലാവുള്ള രാത്രിയെ ഞാൻ പല തവണ അയവിറക്കിയിട്ടുണ്ട്. പൂമാലയും ചന്ദനവും കള്ളച്ചിരിയും അണിഞ്ഞുനിന്നിരുന്ന കുസൃതിക്കൃഷ്ണന്റെ നീലവിഗ്രഹം ഭദ്രദീപ

ങ്ങളുടെ നടുവിൽ അഭൗമമായ ഒരു ചൈതന്യത്തോടെ തെളിഞ്ഞുനിന്നു. താളാനുസൃതമായ ഒരു മണിനാദം ആ ആദ്ധ്യാത്മിക മണ്ഡലത്തിൽ മുഴങ്ങിക്കൊണ്ടിരുന്നപ്പോൾ മയങ്ങിനിന്ന നമ്മുടെ ആത്മാക്കൾ ഒന്നുചേർന്നു.

ആകെപ്പൂത്ത ഒരു കൊന്നമരംപോലെയായിരുന്നു അന്നു നീ. എണ്ണ മിനുപ്പെഴുന്ന ആ കവിളുകളിലുണ്ടായ യൗവ്വനത്തിന്റെ തരംഗമാലകൾ മഴവില്ലുകൾ വിരിയിക്കുകയും മായിക്കുകയും ചെയ്തു. നീണ്ട് നീലിമയോലുന്ന കണ്ണുകളിൽ ക്രമഭംഗിയുള്ള സ്വരമേളങ്ങൾ ഒന്നുചേർന്ന ഒരു സംഗീതം കിടന്നലയടിക്കുന്നതുണ്ടെന്നു തോന്നി. മഞ്ഞക്കുറി നീണ്ടുകിടക്കുന്ന കുമ്പാളക്കീറുപോലുള്ള നെറ്റിത്തടം. തലയിൽ പനങ്കുലകൾ ഒന്നുചേർന്ന് ഒരു കർക്കടകരാവ് സൃഷ്ടിച്ചിരിക്കുന്നു......

'ഞാനൊന്നു വിശ്രമിച്ചോട്ടെ' എന്ന മട്ടിൽ എല്ലാ ജീവജാലങ്ങളേയും തഴുകിത്തളർന്ന പ്രപഞ്ചം അവയെയെല്ലാം അടക്കിപ്പിടിച്ച് ഉറങ്ങുകയായിരുന്നു. സ്വപ്നം നെയ്യുന്ന വയൽപ്പരപ്പും അവയ്ക്കരികിൽ അപ്പക്കഷണങ്ങൾപോലുള്ള മൊട്ടക്കുന്നുകളും, പുഞ്ചപ്പാടത്തിന്റെ വടക്കേ മൂലയിലുള്ള ചിറയുടെ ഓരത്ത് രണ്ടു ഉലാവുകൾ ഒപ്പം പൊങ്ങുകയും താഴുകയും ചെയ്യുന്നുണ്ടായിരുന്നു. രണ്ടു പുതുദമ്പതികൾ പുഞ്ചെള്ള് തേവുകയാണ്. തേക്കുപാട്ടിന്റെ ഹൃദ്യമായ ഈണത്തിനും താളത്തിനുമനുസൃതമായി പുതുജീവൻ വീണ നെൽച്ചെടികൾ ഒരു പുത്തൻ ശ്രുതിയിണക്കത്തോടെ നൃത്തം ചവിട്ടാൻ തുടങ്ങി.

അപ്പോൾ വിദൂരത്തുനിന്നും നേർത്ത ചന്ദനച്ചാറുപോലുള്ള തിരണ്ടുപാട്ടിന്റെ രണ്ടീരടികൾ കുളിർകാററിന്റെ ഓളപ്പാത്തികളിൽ പെട്ട് അടിച്ചടിച്ച് മുന്നേറുകയായിരുന്നു :

"നീരാടാൻ പോയ കന്യാ—
എന്തുമൂലം വൈകിയത്രേ ?..."
"നീരാടാൻ പോയ കന്യാ
ഞരവു കളി കണ്ടു വൈകി .."

യൗവ്വനം ഏതോ ബാലികയിൽ കടന്നുകൂടിയതിന്റെ കാഹളമാണത്. വേലനും വേലത്തിയുംകൂടി ഇടിയറകളിൽ യുവത്വത്തിന്റെ മേളതാളങ്ങൾ പകരുന്നു. പാതിരാക്കാററ് ഈ സന്ദേശവും വഹിച്ചുകൊണ്ട് പുഞ്ചപ്പാടത്തിൽ കൂട്ടിത്തിരിയുകയാണ്......

രണ്ടുപേർക്കും വേദനകൾ ശബ്ദരൂപത്തിൽ പകർത്താൻ കഴിഞ്ഞില്ല. ആരാണ് തുടങ്ങേണ്ടത് ? ഒടുവിൽ ഞാൻതന്നെ കഥ മുമ്പിലേക്ക് തള്ളിനീക്കി.

"നന്ദിനീ, ഞാൻ നാടു വിടണമെന്നാലോചിക്കുന്നു. മിക്കവാറും തീർച്ചപ്പെടുത്തിക്കഴിഞ്ഞു."

"ഹോ ! !" വിടർന്ന നിലാവിൽ എന്റെ മാറിൽ പാറിച്ചേർന്നു നിന്നപ്പോൾ നിന്റെ കൺപീലികളിൽ തുളുമ്പിക്കൂടിനിന്ന കണ്ണീർക്കണങ്ങൾ നിലാവേററു മിന്നിയതു ഞാൻ കണ്ടു. "അതെ, ഞാനതിനുതന്നെ നിശ്ചയിച്ചു കഴിഞ്ഞു. ഇവിടെ ജീവിതം ശൂന്യമാണ്; അനാഥമാണ്. എന്തെങ്കിലും തൊഴിലിൽ പ്രവേശിക്കാതെ ഇനി ജീവിക്കാൻ സാദ്ധ്യമല്ല. ആത്മഹത്യക്ക് ധൈര്യവുമില്ല !"

"പക്ഷെ— !"

"വിഷമമുണ്ട്. എങ്കിലും പോകാതെ തരമില്ല. പക്ഷെ എന്നെന്നേക്കുമായിട്ടുള്ള ഒരു പോക്കായിരിക്കില്ല; ജീവിതത്തിലേക്ക് കടന്നെന്നു മാത്രം കരുതിയാൽ മതി."

"എവിടേക്കാ ?"

"എന്നൊന്നും ചിന്തിക്കാൻ മിനക്കെട്ടില്ല. നാടു വിടണമെന്നേ കരുതിയിട്ടുള്ളു. എവിടെയെങ്കിലും, എന്തെങ്കിലും കിട്ടാതിരിക്കില്ല. പ്രപഞ്ചം വിശാലമല്ലേ ?"

"......എന്നേം കൂടി— ?"

"ഇല്ല. നിവൃത്തിയില്ല. അതിനു മാത്രം കാരുണ്യം ഈ പ്രപഞ്ചത്തിനില്ല. സമയവുമായില്ല."

"സമയം വരുമോ ?"

"വരാതിരിക്കില്ല. തീർച്ച ! എന്താണിത്ര സംശയം ?"

"ഞാൻ കാത്തിരിക്കും !"

"കാത്തിരുന്നേ മതിയാകൂ. ഞാൻ വരും; ഒരു കാലത്ത് ഞാൻ തീർച്ചയായും വരും, നിന്നെ കെട്ടിക്കൊണ്ടു പോകാൻ !"

"ഇല്ലെങ്കിൽ പിന്നെ ഞാനില്ല !!" ഒരു ജീവിതത്തിന്റെ മുഴുവൻ ഗൗരവവും ആ വാക്കുകളിൽ ഏററിവെച്ചിരുന്നു.

ഏകാന്തമായ നിശയുടെ നിഗൂഢ നിശ്ശബ്ദതയിൽ നിന്റെ വിങ്ങിക്കരച്ചിൽ എന്റെ ഹൃദയത്തിലുണ്ടാക്കിയ ചലനങ്ങൾ ഇപ്പോഴും എനിക്കനുഭവപ്പെടുന്നു. നിറനിലാവത്ത് നെട്ടോട്ടം പറന്നുകൊണ്ട് മാക്കളികൾ നമ്മെ പരിഹസിച്ചു ആ വേളയിൽ ഉറക്കമില്ലാത്ത പാതിരാക്കാററ് മാദകമായ പാലപ്പൂമണത്തോടുകൂടി നിന്റെ ചുരുൾമുടികളെ തലോടിക്കടന്നുപോയതു ഞാൻ കണ്ടുകൊണ്ടിരിക്കുന്നു.

* * *

വണ്ടി ഒരാരാച്ചാരുടെ ക്രൗര്യത്തോടെ നീങ്ങി നീങ്ങി. വാതില്ക്കൽ കമ്പി ചാരിനിന്നിരുന്ന എന്റെ കണ്ണുകളിൽ നിന്റെ രൂപം അവ്യക്തമായിത്തുടങ്ങി. ഞങ്ങൾ നിമിഷങ്ങൾക്കിടയിൽ രണ്ടു മേഖലകളിലാകാൻ പോകുന്നു......

വണ്ടി അകന്നകന്ന് ദൂരം കഴിഞ്ഞ് ആശ്വാസത്തോടെയൊന്നു തുപ്പി. അതോടെ, ആ പുകച്ചുരുളും പ്രപഞ്ചത്തിന്റെ മുഖത്ത് ഒരു കറുത്ത മൂടുപടം നിവർത്തിക്കഴിഞ്ഞിരുന്നു......

ഞാൻ സഞ്ചരിച്ചു. ആ സഞ്ചാരത്തിന്റെ ഓർമ്മകൾ മാത്രമാണിന്നെനിക്ക് കാണാവുന്ന പ്രകാശധാരകൾ. പല വേഷങ്ങളിലും ഞാൻ ചുററിക്കറങ്ങി. ജീവിതത്തിന്റെ സങ്കീർണ്ണതകളെക്കുറിച്ച് വസ്തുനിഷ്ഠമായി പഠിച്ചു. കാണുക, അനുഭവിക്കുക, അറിയുക എന്നിവകളായിരുന്നു അന്നത്തെ വിശ്വാസപ്രമാണങ്ങൾ. പല മതക്കാരുമായി, പല ദേശക്കാരുമായി, പല വിശ്വാസക്കാരുമായി ഞാൻ ഇടപഴകി.

കൊച്ചു കൊച്ചു ഗ്രാമങ്ങളും വൻനഗരങ്ങളും ഞാൻ കണ്ടറിഞ്ഞു. കടത്തുവഞ്ചികളുടെയും വൻനദികളുടെയും മണൽത്തിട്ടകളിൽ ഞാൻ ദിനരാത്രങ്ങൾ കഴിച്ചുകൂട്ടി. മൊട്ടക്കുന്നുകളും മണലാരണ്യങ്ങളും കൊയ്ത്തു കാത്തുനിന്ന ചോളവയലുകളും എല്ലാം ഞാൻ അലഞ്ഞു തിരിഞ്ഞു പിന്നിട്ടു.

ദുർഗ്ഗന്ധവും രോഗബീജങ്ങളും ലയിച്ചുനിന്ന അഴുക്കുചാലുകൾക്കരികിലും കടത്തിണ്ണകളിലും ഞാനെത്രയോ രാവുകൾ കഴിച്ചുകൂട്ടിയിട്ടുണ്ട്. ജീവിതമാർഗ്ഗം തേടി വിശാലവിസ്തൃതമായ ബാഹ്യപ്രപഞ്ചത്തിലേക്ക് കടന്ന എനിക്ക് ലഭിച്ചത് കുഷ്ഠരോഗമാണ്! ഭിക്ഷക്കാരും യാചകരും അവരുടെ അഴുക്കു കുമിഞ്ഞുകൂടിയ ചാളകളുമാണ് പലപ്പോഴും എനിക്കഭയവും ആശ്വാസവും നല്കിയിട്ടുള്ളത്. കയ്യിലുള്ളതെല്ലാം അവരെനിക്ക് വീതിച്ചുതന്നു. അതിന്റെകൂടെ അവരുടെ പ്രധാന ഇനമായ കുഷ്ഠരോഗവും !!......

പ്രിയമുള്ള കുട്ടീ !, ഞാൻ നിറുത്തുകയാണ്. അനുഭവസങ്കീർണ്ണമായ ആ ഭൂതകാലമാകെ മനസ്സിന്റെ യവനികയിൽ കൂടുതൽ വർണ്ണപ്പൊലിമയോടെ തെളിഞ്ഞു കാണാൻ കഴിഞ്ഞതുകൊണ്ട് ഇത് കുറച്ചു ദീർഘമായിപ്പോയെന്നു തോന്നുന്നു.

ജീവിതത്തിന്റെ വിസ്തൃതമായ ചക്രവാളം ചുരുങ്ങിച്ചുരുങ്ങി ഒരു ബിന്ദുവായിത്തീർന്നിരിക്കുന്നു. ഇനിയുള്ളത് ശൂന്യതയാണ്! ശബ്ദവുമില്ല; പ്രകാശവുമില്ല. അപഗ്രഥിച്ചുനോക്കുമ്പോൾ ശൂന്യതയുടെ സംഹാരാത്മകമായ അലകൾ ചുററും അടിച്ചുകൊണ്ടിരിക്കുന്ന ഒരു മണൽദ്വീപു മാത്രമാണ് ജീവിതമെന്നു കാണാം. ഓരോ അലയും ഒരു നുറുക്കു ജീവിതത്തിനെയും നക്കിയെടുത്ത് രുചിച്ചുനോക്കിയിട്ട് അടുത്തതിനു സ്ഥലമൊഴിഞ്ഞുകൊടുക്കുന്നു. അലകൾ ഒന്നിനു പിറകെ ഒന്നായി അടിച്ചേറി ക്രമത്തിൽ അണിനിരന്നു നില്ക്കുയാണ്. അങ്ങനെ ആ മണൽദ്വീപ് അനുനിമിഷം അനന്തവിശാലമായ ശൂന്യതയിലേക്ക് താനറിയാതെ തന്നെ ഒരു തീർത്ഥയാത്ര നടത്തിക്കൊണ്ടിരിക്കുയാണ്. ചളിക്കുഴിയിലെ പുഴുക്കൾ അരിച്ചരിച്ചു നീങ്ങിക്കൊണ്ടിരിക്കുന്നതും, കടൽ മത്സ്യങ്ങൾ ഒന്നിനു പിറകെ ഒന്നായി ഊളിയിട്ടുകൊണ്ടിരിക്കുന്നതും, മൂവന്തിയിൽ കുമ്പിനില്ക്കുന്ന പടിഞ്ഞാറൻ ആകാശനീലിമയിലേക്ക് ആയിരക്കണക്കിനു കടൽക്കാക്കകൾ അണിയണിയായി നീങ്ങുന്നതുമെല്ലാം ശൂന്യതയിലേക്കുള്ള ഈ അനിയന്ത്രിതമായ പ്രവാഹത്തിൽപെട്ടിരിക്കുന്നതുകൊണ്ടാണ്.

*ചെറുകഥ*

# വഴിത്തിരിവ്

ഇട്ടി ഫിലിപ്പ് ക്ലാസ്സ് II കെമിസ്ട്രി

യാത്ര ആരംഭിച്ചിട്ട് രണ്ടു ദിവസം കഴിഞ്ഞിരിക്കുന്നു. ഒന്നും വായിക്കുവാനില്ല. സഹയാത്രക്കാരോട്ടുപോലും അധികം സംസാരിക്കാറില്ല. മിനിറ്റുകൾ മണിക്കൂറുകളായും മണിക്കൂറുകൾ ദിവസങ്ങളായും നീങ്ങിക്കൊണ്ടിരുന്നു. സൂര്യൻ തലയ്ക്കുമുകളിൽനിന്നും അല്പം പടിഞ്ഞാറോട്ട് മാറിയതുകൊണ്ടാവാം പ്രകാശകിരണങ്ങൾ ട്രെയിനിന്റെ ജനലിൽക്കൂടെ മുഖത്തു തന്നെ അടിച്ചിരുന്നത്. ചൂടുള്ള കാററ് മുഖത്തേക്കു തന്നെ അടിച്ചുകൊണ്ടിരുന്നു. ഫാനിന്റെ തണുത്ത കാററിന്, ചുട്ടുപിടിച്ചിരുന്ന ആത്മാവിനെയും ശരീരത്തെയും തണുപ്പിക്കുവാൻ കഴിഞ്ഞില്ല. തീവണ്ടി ലക്ഷ്യത്തിലേക്ക് അതിവേഗം പാഞ്ഞുകൊണ്ടിരുന്നു. ചിന്തയുടെ വിശാലവിഹായസ്സിലേക്ക് എന്റെ മനസ്സും പറന്നുയരുകയായിരുന്നു, പ്രകൃതിദേവി നയനങ്ങൾക്ക് പുതിയ പുതിയ കാഴ്ചകൾ കാഴ്ചവച്ചുകൊണ്ടിരുന്നു. നോക്കെത്താത്ത വയലുകൾ കിന്നാരം പറയുന്ന പൂന്തോപ്പുകൾ, കുണുങ്ങിക്കുണുങ്ങി നൃത്തം ചവിട്ടുന്ന കാട്ടരുവികൾ അങ്ങനെ ഓരോന്നും കൺമുമ്പിൽകൂടി ഓടി മറഞ്ഞു. അവയിലൊന്നും ഞാൻ ശ്രദ്ധിച്ചിരുന്നില്ലെന്നു തോന്നുന്നു. ജീവിതത്തിലാദ്യമായി പ്രതീക്ഷകളുടെ ഒരു സ്വപ്നലോകത്തിലേക്ക് ഞാൻ പറന്നുയരുകയായിരുന്നു. [illegible]വും ഭാവിയുമെല്ലാം ഹൃദയത്തിന്റെ അടിത്തട്ടിൽ [illegible].

തികഞ്ഞ സംതൃപ്തിയോടെയായിരുന്നു എന്റെ ഇരിപ്പ്. എത്ര വാതിലിൽ മുട്ടിയതിനുശേഷമാണ് തനിക്കുവേണ്ടി ഇതു തുറക്കപ്പെട്ടത്. ഒരു ജോലിക്കുവേണ്ടി അന്വേഷിക്കാത്ത സ്ഥലമില്ല. പക്ഷേ ഞാൻ മാത്രം നിരാകരിക്കപ്പെട്ടു. [illegible] ചിന്തിച്ചിരുന്നു പരാജയപ്പെടുവാനായി മാത്രം ഞാൻ എന്തിനു സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന്. എന്റെ സൃഷ്ടിയിൽ എനിക്കു ശക്തിയായ അമർഷമുണ്ടായിരുന്നു, ആരോടെന്നില്ലാതെ വേദനിക്കുവാനായി മാത്രം പിറന്ന ഒരാത്മാവ്! എന്റെ കിനാക്കൾക്കു മാത്രം ചിറകുകളുണ്ടായിരുന്നില്ല. ഞാൻ മാത്രം ഭാവിയുടെ പുഷ്പക വിമാനത്തിൽ പറന്നുയർന്നി

ഇറ്റുവീഴാൻ കാത്തുനിന്ന രണ്ടു തുള്ളികൾ മഷിയുണങ്ങാത്ത ഈ അവസാനാക്ഷരങ്ങൾക്കു മീതെ ഞാൻ കടഞ്ഞിടുന്നു. അതു് നിനക്കുള്ള എന്റെ അന്ത്യമായ സ്നേഹോപഹാരമാണ്.

എന്റെ ഹൃദയം പൂർണ്ണമായും ഒരു വെറും കോവിലായിക്കഴിഞ്ഞു. വിഗ്രഹമോ ദീപങ്ങളോ ഇല്ല; പുഷ്പാഞ്ജലിയും ശംഖനാദവുമില്ല. എല്ലാം നിലച്ചുപോയി കഴിഞ്ഞ ഒരു നൃത്തക്കളരിപോലെ......

കുഷ്ഠരോഗത്തിനു് ഒരു പ്രത്യേകതയുണ്ട്, അതു ശരീരത്തിനെ മാത്രമല്ല വികൃതമാക്കുന്നതു്; ആത്മാവിനെക്കൂടി ബാധിക്കുന്നു.

ഈ കുഷ്ഠരോഗശാലയിലെ ഒരു ബലിമൃഗമായിത്തീർന്നിരിക്കുന്നു ഞാൻ. ഏതു നിമിഷവും അടർന്നുവീഴാൻ കാത്തുനില്ക്കുന്ന ചോറുകത്തി എന്റെ മുകളിൽ തൂങ്ങിക്കിടക്കുന്നു.

കൊഴിഞ്ഞ ഇലകളെക്കുറിച്ച് ചിന്തിച്ച് വിഷാദിക്കുന്നതു് മൗഢ്യമാണ്; അകർമ്മണ്യതയിലേക്കുള്ള പ്രയാണമാണ്. കൊമ്പുകൾ തളിർക്കാൻ വേണ്ടതെല്ലാം ചെയ്യുക, കുറേക്കൂടി കർമ്മനിരതമായി. കാലികമായ എത്ര വരൾച്ച ബാധിച്ചാലും പ്രപഞ്ചം പിന്നെയും തളിർത്തേ മതിയാകൂ.

അതുകൊണ്ട്, നീ എന്നെ മറന്നേക്കൂ.



ന്നില്ല. എന്നിട്ടും ജീവിച്ചു! വീണ്ടും വാതിലുകളിൽ മുട്ടി മുരടിച്ചു കുറെ പ്രതീക്ഷകളുമായി അവസാനം ഇന്ന എനിക്കുവേണ്ടി ഒരു വാതിൽ തുറക്കപ്പെട്ടിരിക്കുകയാണ്. ഞാൻ അന്വേഷിച്ചതു കണ്ടെത്തിയിരിക്കുന്നു.

ഇതുകൂടി ലഭിക്കാതിരുന്നെങ്കിൽ ഹോ! ഓർക്കുവാൻ കൂടി വയ്യാ! ഞാൻ ജീവിതം അവസാനിപ്പിക്കുമായിരുന്നോ? വിധി എന്തായാലും അതു പരീക്ഷിച്ചില്ല. പരാജയത്തിൽ ഞാൻ എത്രമാത്രം നിരാശപ്പെട്ടു! ജീവിതത്തിൽ പരാജയം എനിക്കു മാത്രമുള്ളതാണോ? ജീവിതത്തിൽ ഞാൻ പരാജയപ്പെട്ടു. ക്രമേണ പരാജയങ്ങളുടേതു മാത്രമായി ജീവിതം. ആദ്യമാദ്യം പരാജയപ്പെട്ടപ്പോൾ പൊട്ടിക്കരഞ്ഞിരുന്നു. പിന്നീട് കരയുവാനുള്ള ശക്തിയും നശിച്ചു. എന്നിട്ടും ജീവിച്ചു. ജീവിതത്തിന്റെ കറുത്ത വശങ്ങൾ മാത്രം കണ്ടുകൊണ്ടാണെങ്കിലും അന്നൊക്കെ വിജയത്തിന്റെ ചരിത്രം ഓർമ്മയുടെ ഏടുകളിൽനിന്നുപോലും നീക്കപ്പെട്ടിരിക്കുകയായിരുന്നു. പ്രതീക്ഷകളുടെ ചിറകുകൾ അററിരുന്നുവെങ്കിലും അവളുടെ നിർബന്ധംമൂലം ഒരു ജോലിക്കുവേണ്ടി വീണ്ടും ഞാൻ പരിശ്രമിച്ചു. അവൾക്കുവേണ്ടി വിജയം വരിക്കുകയും ചെയ്തു. ലീനയുടെ ആഗ്രഹപ്രകാരം ഞാനിന്നൊരു ഉദ്യോഗസ്ഥനാണ്. പ്രതീക്ഷകൾക്കു വിപരീതമായി ആഗ്രഹങ്ങൾ ചിറകുവിരിച്ചു പറന്നുയർന്ന ആദ്യത്തെ രംഗം! [illegible] യാഥാർത്ഥ്യങ്ങൾ വിജയത്തിന്റെ സുന്ദരസങ്കല്പങ്ങളുടെ മുമ്പിൽ അദൃശ്യമായി വഴിമാറി കൊടുക്കുന്നു! എന്റെ ഈ വിജയത്തിനു കാരണം അവളാണ്. ബി. എസ്സ്സി പാസ്സായിട്ടു തുടർന്നു പഠിക്കാതെ ഒരു ഉദ്യോഗത്തിനുവേണ്ടി ഇത്രയധികം വാതിലുകളിൽ മുട്ടിയതു് ലീനയുടെ നിർബന്ധംകൊണ്ടു മാത്രമായിരുന്നു. പരാജയത്തിൽ ജീവിതം അവസാനിക്കുന്നില്ല എന്ന് എന്നെ പഠിപ്പിച്ച പെൺകുട്ടി! നിന്നെ കണ്ടുമുട്ടിയ നിമിഷം അനുഗ്രഹിക്കപ്പെട്ടതായിരുന്നു. അന്നു മുതലുള്ള സംഭവങ്ങൾ ഓരോന്നായി ഹൃദയത്തിൽ ഓളംതല്ലുകയാണ്. അവൾ എന്റെ ജീവിതത്തിൽ ഉണ്ടാക്കിയ ഓരോ കുഞ്ഞലകളെയും മായിക്കുവാൻ ഒരലമാലയ്ക്കും സാധിച്ചില്ല. എത്ര വലിയ സംഭവങ്ങൾ ഞാൻ മറന്നിരിക്കുന്നു. പക്ഷെ അവൾ പറഞ്ഞ ഓരോ വാക്കും അവളുടെ ഓരോ പുഞ്ചിരിയും ഓരോ നോട്ടവും എന്റെ ഹൃദയത്തിലെ മായാത്ത ചിത്രങ്ങളാണ്. പ്രിയപ്പെട്ട ലീനേ, നീ ഭാഗ്യവതിയാണ്. നിന്റെ ആഗ്രഹപ്രകാരം ഞാനിന്നൊരു ഉദ്യോഗസ്ഥനാണ്. എനിക്കുവേണ്ടി നീ ഇനിയും അധികനാൾ കാത്തിരിക്കേണ്ട. പരാജയത്തിന്റെ പഴയ പല്ലവി എന്റെ ജീവിതത്തിൽ ഇനി ആവർത്തിക്കയില്ല. നമ്മുടെ ജീവിതം ഇനിയും വിജയത്തിന്റേതു മാത്രമാണ്. ആനന്ദത്തിന്റെ ആ സ്വർഗ്ഗത്തിലേക്കുള്ള പാത ഇടുക്കമുള്ളതായിരുന്നു. ആ യാത്രയിൽ നീ എനിക്കു പ്രചോദനം നല്കി.

എന്തൊക്കെയാണ് ഞാൻ ചിന്തിക്കുന്നത്! ചിന്തയുടെ നിശ്ചലജലവിതാനത്തിലേക്കെറിഞ്ഞ കല്ലെന്നവണ്ണം സ്റ്റേഷനിലെ ശബ്ദകോലാഹലങ്ങൾ ഓർമ്മയുടെ ജലപ്പരപ്പിൽ ഓളങ്ങൾ സൃഷ്ടിച്ചു. നിർബാധം ഒഴുകിക്കൊണ്ടിരുന്ന ചിന്താസരണി മുറിക്കപ്പെട്ടു. സ്റ്റേഷനിൽനിന്നും ഒരു പേപ്പർ വാങ്ങി. അല്പസമയത്തിനുശേഷം ഒരു ചൂളം വിളിയോടെ ട്രെയിൻ സ്റ്റേഷൻ വിട്ടു. എന്റെ കണ്ണുകൾ നിവർത്തിപ്പിടിച്ചിരുന്ന പേപ്പറിലേക്കു തിരിഞ്ഞു. മുഖത്തേക്കടിച്ചിരുന്ന സൂര്യരശ്മികൾ പേപ്പറിൽ തട്ടിയതിനാൽ ഇരിപ്പ് സുഖകരമായി. ഹൃദയം എന്റെ പൂർവ്വകാലകഥകൾ വായിക്കുകയായിരുന്നു. അവ്യക്തങ്ങളെങ്കിലും വികാരങ്ങളെ ഇക്കിളിയിടുന്ന മധുരിപ്പിക്കുന്ന അനുഭവങ്ങൾ!

പെൺകുട്ടികളെ ഞാൻ സ്നേഹിച്ചിരുന്നു, ബഹുമാനിച്ചിരുന്നു. എന്റെ ജീവിതത്തിലെ ഏററവും വലിയ തെററുകളിൽ ഒന്നായിരുന്നു അതു്. എന്നെ സ്നേഹിച്ചിരുന്നവർക്കുപോലും എന്റെ ഈ ബലഹീനതയിൽ അവജ്ഞയായിരുന്നു. സ്നേഹിക്കുവാൻ മാത്രം കഴിവുള്ള ഒരു ഹൃദയം ഉള്ളതല്ലേ എന്നിലെ കുറവ്, ഞാൻ സമാധാനിക്കുമായിരുന്നു. പലയിടത്തും ചുററിക്കറങ്ങിയ ഓർമ്മകൾ അവളിൽ തന്നെ കേന്ദ്രീകരിക്കപ്പെട്ടതു് മനഃപൂർവ്വമായിരുന്നോ എന്തോ? ഞാൻ ഇന്നു ഈ യാത്ര ചെയ്യുന്നതിനിടയാക്കിയ പെൺകുട്ടി ജീവിതത്തിൽ ഈ വിജയകിരീടം എന്നെ നിർബന്ധമായി ചൂടിച്ച ഭൂമിയിലെ മാലാഖ, അവളാണ്. മനഃപൂർവ്വമല്ലെ

ങ്കിലും അവളെക്കുറിച്ച് ഓർക്കാതിരിക്കുവാൻ കഴിഞ്ഞില്ല. ഓരോ പ്രാവശ്യം പരാജയപ്പെട്ടപ്പോഴും അവളുടെ മധുരിക്കുന്ന വാസനകളായിരുന്നു വീണ്ടും പ്രയത്നിക്കുവാൻ എന്നെ പ്രേരിപ്പിച്ചത്. അവളുടെ ആഗ്രഹം മൂലം പ്രയത്നിച്ചു. അവളുടെ ആഗ്രഹം നിറവേറുകയും ചെയ്തു.

'അന്നു ഞാൻ ഫൈനൽഇയർ വിദ്യാർത്ഥിയായിരുന്നു. അവൾ ഫസ്റ്റ് ഇയറിലും. ഞങ്ങളുടെ സബ്ജക്റ്റ് ഒന്നായിരുന്നു. ഫിസിക്സ്. ഡിപ്പാർട്ടുമെന്റ് ഫ്രഷേഴ്സ് സോഷ്യലിനായിരുന്നു ആദ്യമായി ലിനയെ കണ്ടത്. എല്ലാ പെൺകുട്ടികളെയും സ്നേഹിച്ചിരുന്ന, ബഹുമാനിച്ചിരുന്ന ഞാൻ ലിനയേയും സ്നേഹിച്ചിരുന്നിരിക്കണം. മററാരോടും ഇല്ലാത്ത ഒരടുപ്പം ലിനയോടു മാത്രം ഉണ്ടാകുവാൻ എന്തേ കാരണം? നല്ല ചോദ്യം! എന്നോടു തന്നെ ഞാൻ ചോദിച്ചിട്ടുള്ള ചോദ്യമാണിത്. അവളുടെ സൗന്ദര്യമായിരുന്നോ എന്നെ അവളോടടുപ്പിച്ചത്? അവളുടെ എന്തെങ്കിലും മഹത്വമായിരുന്നോ എന്നെ പിടിച്ചു നിർത്തിയത്? സ്നേഹം ആദ്യമായി തിരിച്ചു നല്കപ്പെട്ടത് ലിനയിൽ നിന്നായിരുന്നില്ലേ? അവൾ എന്റെ ഹൃദയത്തിന്റെ ആധിപത്യം കരസ്ഥമാക്കുവാനുള്ള കാരണവും അതായിരിക്കണം. പെൺകുട്ടികളിൽ നിന്നുള്ള സ്നേഹം അപ്രാപ്യമാണെന്നു കരുതിയിരുന്ന എന്റെ ഹൃദയം ആനന്ദനിർവൃതിയിൽ ലയിക്കുവാൻ മാസങ്ങൾ കഴിയേണ്ടി വന്നു. ഇതിനിടയ്ക്ക് പലപ്പോഴും അവളെ ഞാൻ പള്ളിയിൽ വെച്ചു കണ്ടിരുന്നു; അവൾ എന്നെയും. ഞങ്ങൾ സംസാരിച്ചിരുന്നില്ല. എഴുത്തുകൾ കൈമാറിയിരുന്നില്ല. സ്നേഹത്തിന്റെ ബാഹ്യപ്രകടനങ്ങൾ ഒന്നും തന്നെ കാണിച്ചിരുന്നില്ല. ഹൃദയത്തിന്റെ ഭാഷയുടെ വിനിമയ മാദ്ധ്യമം കണ്ണുകൾ മാത്രമായിരുന്നു. ശാലീനതയുടെ ഉറവിടമായിരുന്ന ആ നയനങ്ങൾ വാചാലങ്ങളായിരുന്നു. ഞാനറിയാതെ എന്റെ കണ്ണുകളും പലതും പറഞ്ഞിരിക്കണം. അവൾ പലതും ഗ്രഹിച്ചിരിക്കണം.

പലപ്പോഴും ഞങ്ങൾ കണ്ടുമുട്ടി. ഒരിക്കലും സംസാരിച്ചിട്ടില്ല. പറഞ്ഞാലും പറഞ്ഞാലും മതിവരാത്ത കഥകൾ പറയുവാൻ എന്റെ ഹൃദയം വിതുമ്പി. അവൾക്കു കേൾക്കുവാൻ ഇഷ്ടമില്ലെങ്കിലോ? പെൺകുട്ടികളോടുള്ള ബഹുമാനമായിരിക്കാം ഈ ചോദ്യം ഉന്നയിച്ചത്. സെക്കണ്ട് ടേമും അവസാനിക്കാറായി. ഹൃദയത്തിന്റെ മൂകമായ ഭാഷയിൽ മാത്രം ഞങ്ങളുടെ പറഞ്ഞാൽ തീരാത്ത കഥകൾ ഞങ്ങൾ പറഞ്ഞിരുന്നു. പരീക്ഷ കഴിഞ്ഞ് ഞാൻ വരാന്തയിലേക്കിറങ്ങുകയായിരുന്നു. വിമൻസ് വെയിററിംഗ് റൂമിനു മുമ്പിൽ ലിനയും നില്പുണ്ട്. ഏകാകിയാണ്. കൂട്ടുകാരെ പ്രതീക്ഷിച്ച് നില്ക്കുകയാവാം. ആദ്യമായി ലിനയോടു സംസാരിക്കുവാൻ നിശ്ചയിച്ചു. മനസ്സിൽ ഒരു ശക്തി സംഭരിക്കേണ്ടതുണ്ടായിരുന്നു. റിവ്യൂവിന് അദ്ധ്യാപകരെ അഭിമുഖീകരിക്കുവാൻ തയ്യാറാവുന്നതുപോലെ. ലിനയും എന്തോ സംസാരിക്കുവാൻ ആഗ്രഹിക്കുന്നതായി എനിക്കു തോന്നി. ഞാൻ മനഃപൂർവ്വം തോന്നിപ്പിച്ചു.

'പരീക്ഷയൊക്കെയെങ്ങനെയെഴുതി?' ലിനയോടുള്ള എന്റെ ആദ്യത്തെ ചോദ്യം.

'തരക്കേടില്ല' അവളുടെ മറുപടി.

എന്റെ ചോദ്യം ലിനയും അവളുടെ ഉത്തരം ഞാനും ആവർത്തിച്ചു.

എന്റെ ഹൃദയത്തിന്റെ കലാകോവിലിൽ അവളുടെ കാൽച്ചിലമ്പൊലി മാത്രമേ കേൾക്കുവാനുണ്ടായിരുന്നുള്ളു; അന്നും, ഇന്നും. അതിൽ അസൂയാലുക്കളായിട്ടാണോ എന്തോ എന്റെ കൂട്ടുകാർ ഞങ്ങളുടെ പേരിന്റെ ആദ്യത്തെ അക്ഷരങ്ങൾ ഉപയോഗിച്ച് ഇക്വേഷൻസ് നിർമ്മിച്ചു തുടങ്ങിയത്. കെമിസ്ട്രി പിരിയഡിലെ ഒരു സ്ഥിരം ബിസിനസ്സ് ആയിത്തീർന്നിരുന്നു, ഇത്. താമസിച്ച് ക്ലാസ്സിലേക്കു വരുന്ന ലിനയെ സംബോധന ചെയ്തിരുന്നത് എന്റെ പേരു കൊണ്ടായിരുന്നുപോലും. അസോസിയേഷൻ മീററിംഗിലായിരുന്നു ആദ്യമായി ഞാൻ ഈ സംഭവത്തിന് ദൃക്സാക്ഷിയായത്. അന്ന് അവൾക്ക് സബ്കെമിസ്ട്രി പ്രാക്ടിക്കലായിരുന്നു. സ്വാഗതപ്രസംഗം നടന്നുകൊണ്ടിരുന്നപ്പോഴാണ് ലിനാ ഹാളിലേക്കു പ്രവേശിച്ചത്. ഉച്ചത്തിൽ ഒരു 'ബാബു' വിളിയും കൂട്ടച്ചിരിയും നടന്നത് ഒപ്പം കഴിഞ്ഞു. അവൾ കരഞ്ഞില്ലാ എങ്കിലും നയനങ്ങൾ നിമീലിതങ്ങളായിരുന്നു. ഫ്രണ്ട് ബെഞ്ചിൽ ഇരുന്നിരുന്ന എന്നിലേക്ക് ആ ദൃഷ്ടികൾ പതിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല. ഹൃദയത്തിന്റെ അടിത്തട്ടു വരെയും ആ നോട്ടം ചെന്നെത്തി. ആത്മാർത്ഥമായി എന്റെ ഹൃദയം കേണിരിക്കണം. 'ഞാൻ മൂലം വേദനിക്കുന്ന പ്രിയപ്പെട്ട ലിനേ, നിന്നിലെ നല്ല മനുഷ്യന്റെ മുമ്പിൽ സ്നേഹം നിറഞ്ഞ ഒരു ഹൃദയം മാത്രമേ അർപ്പിക്കുവാൻ എനിക്കുള്ളൂ. വേദനിക്കുന്ന നിന്റെ ഹൃദയത്തോടൊപ്പം വേദനിക്കുകയല്ലാതെ ആശ്വാസം പകരുവാൻ ഞാൻ അശക്തനാണ്.' പ്രാതികൂല്യങ്ങളെ അഭിമുഖീകരിക്കുവാൻ എനിക്കുള്ളതിലേറെ ശക്തി അവൾക്കുണ്ടായിരുന്നു.

സഹപാഠികളെ ഭയന്നാവണം ഹോസ്റ്റലിലെ ക്രിസ്മസ്സ് പാർട്ടിക്ക് എന്നെ വിളിക്കുവാൻ അവൾക്ക് ഞങ്ങളുടെ ക്ലാസ്സിലെ മോളിയുടെ സഹായം തേടേണ്ടിവന്നത്. ഡിന്നറിന് എന്നെ സ്വീകരിച്ചതും മോളി തന്നെയായിരുന്നു. ഡിന്നർ കഴിഞ്ഞ് മോളി പോയി ലിനയെയും വിളിച്ചു കൊണ്ടു വന്നു. അവൾ പറഞ്ഞു.

'ക്ഷമിക്കണം. വേണ്ടവിധം സ്വീകരിക്കാൻ കഴിഞ്ഞില്ല.' ആ ശാലീനതയിൽ ഞാൻ ഇന്നും അഭിമാനം കൊള്ളുകയാണ്.

'ഇത്ര നാണമായിരുന്നെങ്കിൽ ക്ഷണിക്കേണ്ടായിരുന്നല്ലോ' ഞാൻ പരിഭവം നടിച്ചു.

'നാണമായിട്ടല്ലാ. ജോലിത്തിരക്കുണ്ടായിരുന്നു.'

'നിങ്ങൾക്കു പറയുവാൻ ധാരാളം കാണുമല്ലോ. പറഞ്ഞു തീരുമ്പോൾ വിളിച്ചേക്കണേ' മോളി ഇടയ്ക്കു കയറി പറഞ്ഞിട്ട് അവിടെ നിന്നു പോയി. ഞങ്ങളുടേതുമാത്രമായ ആ സ്വർഗ്ഗത്തിൽ എത്രനേരം സംസാരിച്ചിരുന്നെന്ന് രണ്ടുപേരും അറിഞ്ഞില്ല. മോളി തിരിച്ചു വന്നു. വീണ്ടും കളിയാക്കാനാണ് അവളുടെ ഭാവം.

'ഇതുവരെയായിട്ടും പറഞ്ഞു തീർന്നില്ലേ? കൂട്ടുകാരൊക്കെ പോയല്ലോ' ഞാനും യാത്ര പറഞ്ഞിറങ്ങി.

ജീവിതം തളയും വളയും കിലുക്കി ഞങ്ങൾക്കു ചുററും നൃത്തം വെക്കുകയായിരുന്നു. അന്നും ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങൾ കാണുവാൻ ഞാൻ ശ്രമിച്ചു. ശോകമൂകമായ തന്റെ പ്രകൃതം കണ്ടിട്ടാവാം അവൾ പറയുമായിരുന്നു. 'ചിരിക്കുന്നതെങ്ങനെയെന്നു മറക്കാതിരിക്കുവാനെങ്കിലും വല്ലപ്പോഴും ചിരിക്കണേ.' അപ്പോഴും ചിരിച്ചു; കൃത്രിമത്വം കലർന്ന ശോകാത്മകമായി. ആത്മാർത്ഥമായി ചിരിക്കണമെന്നാഗ്രഹിച്ചിരുന്നെങ്കിലും ഇന്നും ആത്മാർത്ഥമായി ആനന്ദിക്കുവാൻ എനിക്കു സാധിക്കുന്നുണ്ടോ? ജീവിതം പരാജയപ്പെടുന്നതെവിടെയെന്നല്ലേ ഞാൻനോക്കുന്നത്? കാലുകൾ നിന്നു നിന്നു പൊള്ളിക്കൊണ്ടിരുന്നു

ഞാനൊന്നുമറിഞ്ഞിരുന്നു. സൂര്യന്റെ ചൂട് നന്നേ കുറഞ്ഞിരുന്നു. തണുത്ത കാററ് വീശിത്തുടങ്ങിയിരുന്നു. എഴുന്നേററ് ഫാൻ ഓഫ് ചെയ്തു. വീണ്ടും പഴയ സ്ഥാനത്തിരുന്നു. മനഃപൂർവ്വം ചിന്തയെ പഴയ വഴിയിലേക്കു തിരിച്ചു വിട്ടു. പലതും മധുരിക്കുന്ന വേദനകളായിരുന്നതിനാൽ.

ലിനയെ വേദനിപ്പിക്കുവാൻ ഞാൻ ആഗ്രഹിച്ചില്ല. അതിൽപിന്നെ അവളെ കോളജിൽവെച്ചു ഞാൻ കണ്ടിരുന്നില്ല. അവളുടെ പരീക്ഷ കഴിഞ്ഞു. ഞങ്ങൾക്കു സ്റ്റഡിലീവും കിട്ടി. കോളജടച്ചു. ലിനയോട് യാത്ര ചോദിക്കുവാൻ പോലും സാധിക്കാത്തതിൽ വേദനിക്കുന്ന ഹൃദയവുമായിട്ടാണ് ബസ്സ് സ്റ്റാൻഡിലേക്ക് ഞാൻ യാത്ര തിരിച്ചത്. ആകസ്മികമായി ലിനയേയും കൂട്ടുകാരികളെയും സ്റ്റാൻഡിൽവെച്ചു കണ്ടുമുട്ടി. അവർ ബസ്സ് കാത്തു നില്ക്കുകയായിരുന്നു. എനിക്കധികമൊന്നും സംസാരിക്കുവാനില്ലായിരുന്നു. പക്ഷേ എത്ര വാചാലതയോടാണ് അവൾ സംസാരിച്ചത്. എന്റെ നേർക്ക് നീട്ടിയ അവളുടെ ഓട്ടോഗ്രാഫിൽ പേരും സ്ഥലവും ഒന്നും വെക്കാതെ ഇത്രയും മാത്രം എഴുതി.

'Let this departure serve to idealise our love.'

അവൾ പറഞ്ഞു. 'ആ ഹൃദയത്തിൽ ഞാനും ഈ വാക്കുകൾ കുറിക്കുന്നു.' ബസ്സ് വന്നു. വേർപിരിയുവാൻ വേദനിക്കുന്ന

ഞങ്ങളുടെ ഹൃദയങ്ങളുടെ തേങ്ങലുകൾ കേൾക്കുവാൻ ആ വാഹനം കൂട്ടാക്കിയില്ല. അവളെയും വഹിച്ചുകൊണ്ട് ബസ്സ് ഓടിമറഞ്ഞു. ഞാനന്ന് ചിന്തിച്ചിരിക്കണം. ഞാൻ സ്നേഹിച്ചു; സ്നേഹിക്കപ്പെട്ടു. ബഹുമാനിച്ചു; ബഹുമാനിക്കപ്പെട്ടു. ജീവിതം അർത്ഥമുള്ളതാണെന്ന് അന്നെനിക്ക് തോന്നിയിരുന്നില്ലേ?

അതിനുശേഷവും ലീനയെ കോളജിൽ ചെന്നു കണ്ടിട്ടുണ്ട്, വളരെ വിരളമായി മാത്രം. അവളുടെ ആഗ്രഹമായിരുന്നു അവളുടെ വിദ്യാഭ്യാസം കഴിയുമ്പോഴേക്ക് ഞാനൊരുദ്യോഗസ്ഥനായിരിക്കണമെന്ന്. പാവപ്പെട്ട എന്നിൽ പരിപൂർണ്ണത കണ്ടപ്പോഴും മററു പെൺകുട്ടികളെപ്പോലെ ജീവിതം ആസ്വദിക്കുവാൻ അവളും ആഗ്രഹിച്ചിരുന്നില്ലേ? അതുകൊണ്ടു തന്നെയായിരിക്കാം എന്നെ ജോലി അന്വേഷിക്കുവാൻ അവൾ പ്രേരിപ്പിച്ചത്. ഇന്നു ഞാൻ ഉയർന്ന ഒരു ഉദ്യോഗസ്ഥനാണ്. ലീന ആഗ്രഹിച്ചതിലും ഉന്നതനായ ഒരു ഭർത്താവ്. പ്രതീക്ഷകൾ ആഗ്രഹങ്ങൾക്ക പൂമാല ചാർത്തുകയാണ്. ഞാൻ വാങ്ങിയ താജ്മഹാളിന്റെ മാർബിളിലെ പ്രതിമ അവൾക്കയച്ചു കൊടുക്കണം. അതു ലഭിക്കുമ്പോൾ അവൾക്കെന്തു സന്തോഷമായിരിക്കും.

തീവണ്ടിയുടെ ചൂളംവിളി കേട്ടാണ് ചിന്തയിൽനിന്നുണർന്നത്. സമയം നോക്കി. അര മണിക്കൂറിനുള്ളിൽ ആഗ്രയിലെത്തും. യാത്ര അവിടെ അവസാനിക്കുമല്ലോ എന്നോർത്തപ്പോൾ ഒരു വിഷമം തോന്നി. യുഗാന്ത്യത്തോളം ഈ ഓർമ്മകളുടെ ലോകത്തിൽ ജീവിച്ചിരുന്നെങ്കിൽ! ആത്മാർത്ഥമായി ആഗ്രഹിച്ചു. ലഗേജ് എല്ലാം ശരിയാക്കിവെച്ചു. മുടി ശരിയായി ചീകിവെച്ചു. കണ്ണാടിയുടെ മുമ്പിൽ നിന്നപ്പോഴാണ് വേഷം കണ്ടത്. ആകെ കരിപിടിച്ചു കറുത്തിരിക്കുകയാണ്. ഈ വേഷത്തിൽ തന്നെ ലീനയൊന്നു കാണണം. അവളുടെ ശകാരം പിന്നെ അവസാനിക്കയില്ല. കേൾക്കാൻ ഇമ്പമുള്ള ശകാരം! ആ ശകാരത്തിന്റെ ഓർമ്മയുടെ ആനന്ദമാധുരിയിൽ ഞാൻ അലിഞ്ഞു ചേരുകയായിരുന്നു. പെട്ടെന്നു വീടിനെപ്പററി ഓർത്തുപോയി. പാവം അപ്പച്ചനും അമ്മച്ചിയും ഊണുപോലുമുപേക്ഷിച്ച് എന്നെ കാത്തിരിക്കുവാൻ തുടങ്ങിയിട്ട് എത്ര നാളായിക്കാണും. ജോലികിട്ടി എന്നുള്ള വിവരം കേൾപ്പിക്കുമ്പോൾ അമ്മച്ചിക്കെന്തു സന്തോഷമായിരിക്കും! തോരാത്ത കണ്ണീരോടെ പ്രാർത്ഥിക്കുവാൻ മാത്രം പഠിച്ച അമ്മച്ചി! അമ്മച്ചിയുടെ പ്രാർത്ഥന ഇന്നു സാർത്ഥകമായിരിക്കുകയാണ്.

നിമിഷങ്ങൾക്കുള്ളിൽ ട്രെയിൻ ആഗ്രയിലെത്തി. ട്രെയിനിൽനിന്നും ഇറങ്ങി. തിരക്കൊന്നു കുറയുവാനായി ഒരു സ്ഥലത്തേക്ക മാറിനിന്നു. പരിചയമുള്ള ഒരു മുഖം കണ്ടിട്ടാണോ കണ്ണുകൾ ആ ഭാഗത്തേക്ക് സഞ്ചരിച്ചത്? വിശദീകരിക്കുവാൻ കഴിഞ്ഞില്ല. ലീന ഫസ്റ്റ്ക്ലാസ്സ് വെയിററിംഗ്റൂമിനു മുമ്പിൽ നില്ക്കുന്നു. ഒന്നും പിന്നെ ചിന്തിക്കുവാൻ നിന്നില്ല. എന്റെ സന്തോഷത്തിൽ അവളെയും പങ്ക് ചേർക്കുവാൻ അവളുടെ അടുത്തേക്ക ചെന്നു. 'ലീ...' കൂടെ ഒരു പുരുഷനെ കണ്ടിട്ടാവാം ആ വാക്ക് പൂർത്തിയാക്കപ്പെടാഞ്ഞത്. 'ഹലോ' അദ്ദേഹം എന്റെ നേർക്ക കൈ നീട്ടി. ഞാനും കൈ നീട്ടിക്കാണണം.

എന്റെ സീനിയറായിരുന്നു, ജോൺ തോമസ്. ഇന്ന് ഒരു ഡോക്ടറാണ്. ബോംബെയാണ് ജോലിസ്ഥലം. ലീനയുമായുള്ള ബന്ധം? ഞാൻ ചോദിച്ചില്ല. അന്തഃകരണം തന്നെ ഉത്തരം നല്കി. അവർ വിവാഹിതരായിരിക്കണം. തന്നെ ഒന്നറിയിക്കാതെ പോലും ലീന വിവാഹിതയാവുകയോ? അധികം ചിന്തിക്കുന്നതിനുമുമ്പേ അദ്ദേഹം പരിചയപ്പെടുത്തി. 'ലീനാ തോമസ്' ഞങ്ങളുടെ വിവാഹം രണ്ടു മാസം മുമ്പ് കഴിഞ്ഞു. ഇപ്പോൾ ബാംഗ്ളൂരിനു പോവുകയാണ്.' തല കറങ്ങുന്നുവോ? നിശ്ചയമായും ഇല്ല. ഏതാണ്ടിങ്ങനെയൊക്കെ താൻ പ്രതീക്ഷിച്ചതായിരുന്നില്ലേ? നേരത്തെ സംഭവിച്ചുവെന്നു മാത്രം.

'പരിചയമുണ്ട്'. കോളജിൽ വെച്ച്" അവളായിരുന്നു സംസാരിച്ചത്.

ആ കണ്ണുകളിൽ ഒരപരാധബോധം തളം കെട്ടിയിരുന്നില്ലേ. ഉണ്ടായിരുന്നിരിക്കണം. ഞാൻ ശ്രദ്ധിച്ചില്ല.



'നിങ്ങൾ സംസാരിക്കൂ. ഞാൻപോയി ഒരു നോവൽ വാങ്ങിക്കൊണ്ടു വരട്ടെ.' എന്റെ ഹൃദയത്തിന്റെ വികാരങ്ങളെ അദ്ദേഹത്തിനു മനസ്സിലാക്കുവാൻ കഴിവുണ്ടായിട്ടാണോ ഞങ്ങൾക്ക സംസാരിക്കുവാൻ അവസരം നല്കിയിട്ട് അദ്ദേഹം അവിടെ നിന്നും പോയത്. 'അല്ലയോ വിശാല ഹൃദയാ! എന്റെ ഹൃദയവും ഇത്രയും വിശാലമായിരുന്നുവെങ്കിൽ ഞാനിന്ന് നീറിപ്പുകയുമായിരുന്നോ?' നീറുന്ന ഓർമ്മകൾക്ക് അവളുടെ കിളിനാദം വിരാമമിട്ടു.

'ഞാൻ കാത്തിരുന്നു. വളരെക്കാലം വിവരങ്ങൾ ഒന്നും അറിയാതായപ്പോൾ മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങേണ്ടിവന്നു.'

ഒരു ക്ഷമായാചനമായിരുന്നു, അത്.

'ജീവിക്കുവാൻ എനിക്കു പ്രചോദനം നല്കിയ പെൺകുട്ടി. എനിക്കു വേണ്ടി വളരെയധികം ത്യാഗങ്ങൾ സഹിച്ച എന്റെ ലീനേ, നിന്നിൽ നിന്നും കടം വാങ്ങിയ പൊൻകിനാക്കൾക്ക പകരമായി നല്കുവാൻ എന്റെ പക്കൽ ആത്മാർത്ഥമായ കുറെ ആശംസകൾ മാത്രമേയുള്ളൂ.' പറഞ്ഞില്ല. പറയുവാൻ ആഗ്രഹിച്ചു.

'എനിക്ക പരിഭവമില്ല.' എന്റെ വാക്കുകൾ ചുരുക്കമായിരുന്നു.

ഞാൻ കൊണ്ടുവന്നിരുന്ന താജ്മഹാൾ വിവാഹ സമ്മാനമായി അവൾക്ക സമർപ്പിച്ചു. ആ നയനങ്ങൾ ഒരിക്കൽക്കൂടി ജലാർദ്രങ്ങളായി. ഞാൻ സമ്മാനിച്ച പ്രേമത്തിന്റെ ആ അനശ്വര കണ്ണുനീർത്തുള്ളിയിലേക്ക് യാഥാർത്ഥ്യത്തിന്റെ രണ്ടു നീർത്തുള്ളികൾ കൂടെ അടർന്നു വീണു. സായാഹ്ന സൂര്യന്റെ ചെഞ്ചായം തേച്ച കിരണങ്ങൾ ആ സ്ഖലിത ജലകണങ്ങളിൽ പതിച്ച് മാരിവിൽവർണ്ണങ്ങൾ പ്രതിഫലിപ്പിക്കയായിരുന്നു. ആ മനോഹാരിത കാണുവാൻ എന്റെ കണ്ണുകൾ മിനക്കെട്ടില്ല. ആ വെണ്ണക്കൽക്കവിതയിലേക്ക കണ്ണും നട്ട് നിന്നിരുന്ന അവളുടെ ആത്മാവിന്റെ ക്ഷമായാചനം തന്റെ ആത്മാവിനു ശ്രവിക്കുവാൻ കഴിഞ്ഞില്ലേ?

'ലീനേ' ഞാൻ വിളിച്ചു.

'ബാബൂ' അവ്യക്തമായി അവളും. ആദ്യവും അവസാനവും ആയി അവൾ എന്റെ പേർ വിളിച്ചു. അവളുടെ ശാലീനതയിൽ ഒരിക്കൽകൂടി ഞാൻ നിർവൃതിയടഞ്ഞു. അപ്പോഴേക്കും ജോൺ തോമസ് പുസ്തകവുമായി എത്തിയിരുന്നു. അധികനേരം ഞങ്ങൾ സംസാരിച്ചു നിന്നില്ല. ട്രെയിൻ വന്നെത്തി. യാന്ത്രികമായി അവരെ യാത്രയയച്ചു. യാന്ത്രികമായിത്തന്നെ ബസ്സിലും വന്നുകയറി.

ഓർമ്മയുടെ ശവകുടീരത്തിൽ കുറെ കരിഞ്ഞുണങ്ങിയ പൂക്കൾകൂടി അർപ്പിച്ചു; മറക്കാനാവാത്ത വേദനിപ്പിക്കുന്ന ചില ഓർമ്മകൾ കൂടി! ലീന! അവൾ എനിക്കായി പിറന്ന മാലാഖയായിരുന്നു. പക്ഷേ അവൾ എന്റേതാകുമോ എന്നു ഞാൻ സംശയിച്ചിരുന്നു. അവൾ എന്റെ ജീവിതത്തിലേക്ക കടന്നു വന്നപ്പോഴും ലഭിക്കാത്ത ഇണക്കിളിയാണവളെന്നു ഞാൻ കരുതിയിരുന്നു. അവൾ എന്റേതാകണമെന്നാഗ്രഹിച്ചപ്പോഴും അർഹിക്കാത്ത ആഗ്രഹമാണെന്നു ഞാൻ മനസ്സിലാക്കിയിരുന്നു. എന്നിട്ടും ഞാൻ ആഗ്രഹിച്ചു.

ബസ്സ് ഓടിക്കൊണ്ടേയിരുന്നു. സകലവും തകർന്നതായി എനിക്ക തോന്നി. പക്ഷേ ഈ തകർച്ചയിലും ഞാൻ തളർന്നിരുന്നില്ല. ഒരദൃശ്യശക്തി എന്നെ നയിക്കുന്നതായി തോന്നി! അവൾ എനിക്ക നല്കിയ പ്രചോദനങ്ങളായിരിക്കാം, അത്. ആ പഞ്ചവർണ്ണക്കിളിക്കുവേണ്ടി ഞാൻ കൂട് പണിയുകയായിരുന്നു. കൂട് തീർന്നപ്പോഴേക്കും കിളി പറന്നുപോയിരുന്നു; മരിക്കാത്ത ചില ഓർമ്മകൾ അവശേഷിപ്പിച്ചിട്ട്. ഒരിക്കൽക്കൂടി പൊട്ടിക്കരയണമെന്നു തോന്നി. പക്ഷേ കരഞ്ഞില്ല. ഒന്നും ഓർക്കാതിരുന്നെങ്കിൽ! പക്ഷേ ഓർമ്മകളോടുകൂടിത്തന്നെ ഞാൻ ജീവിക്കണം! വിധിയാണത്. എന്നെപ്പോലുള്ള ഭാഗ്യഹീനർ ജനിക്കരുതായിരുന്നു. പക്ഷേ ജനിച്ചുപോയി. ഇനി ജീവിച്ചേ തീരൂ. പ്രിയപ്പെട്ട ലീനേ! നീ പഠിപ്പിച്ച പരാജയത്തിൽക്കൂടെയുള്ള വിജയത്തിന്റെ പാതയിൽക്കൂടെ ഞാൻ മുമ്പോട്ട് പോകട്ടെ! ഞാൻ തളരുമ്പോൾ മുമ്പോട്ട് പോകുവാനുള്ള ആഹ്വാനം നീയായിരുന്നു! ഇനിയും

*യാത്രാവിവരണം.*

# ഊട്ടിയിലേയ്ക്കു്

Paulose P. M., II Chem.

മുററത്തെ വാകമരത്തിൽ പൂക്കലകൾ ഉണ്ടായിരുന്നില്ല. എങ്കിലും കന്നി നിലാവിന്റെ നിലാവെളിച്ചത്തിൽ അതു കൂടുതൽ മനോഹരമായിരുന്നു. ഹൃദയത്തിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ആ സുന്ദരസ്വപ്നം സാക്ഷാത്കരിക്കപ്പെട്ടുവാൻ പോവുകയാണു്— ഊട്ടിയിലേയ്ക്കുള്ള വിനോദയാത്ര.



മുപ്പതു പേരടങ്ങുന്ന ഒരു സംഘമായിരുന്നു അതു്. രാത്രി പന്ത്രണ്ടു മണിക്കുള്ള ബസ്സിൽത്തന്നെ യാത്ര തിരിച്ചു. അത്ര തിരക്കില്ലാതിരുന്നതു മൂലം ബുദ്ധിമുട്ടില്ലാതെ എല്ലാവരും കയറിപ്പററി. കൂട്ടത്തിലൊരു രസികന്റെ പുല്ലാങ്കുഴൽവിളി രാത്രിയുടെ നിശ്ശബ്ദതയിൽ വഴിവിളക്കുകളെ പുളകംകൊള്ളിച്ചിരിക്കാം. പക്ഷെ സഹയാത്രികരിൽ ഒരാളുടെ നോട്ടത്തിൽ നിന്നും മനസ്സിലായി അദ്ദേഹമതിൽ പുളകം കൊണ്ടില്ലെന്നു്. മാത്രമല്ല, തന്നെ അനുഗ്രഹിക്കാൻ തുടങ്ങുന്ന നിദ്രാദേവിയെ ശല്യപ്പെടുത്തരുതേയെന്നൊരപേക്ഷകൂടി ആ നോട്ടത്തിൽ അന്തർലീനമായിരുന്നില്ലേ ? ഏതായാലും പുല്ലാങ്കുഴൽകാരൻ വിട്ടില്ല. റയിൽവേ സ്റ്റേഷനിൽ എത്തുന്നതുവരെ അദ്ദേഹം തന്റെ കലാപ്രകടനം തുടർന്നുകൊണ്ടേയിരുന്നു.

കയ്യിലിരുന്ന ഒരു കുല ചെത്തിപ്പൂക്കൾ (വഴിയിൽവച്ചു് എവിടെനിന്നോ അടർത്തിയതാണു്) ആരോ വലിച്ചെടുക്കുന്നതായി കണ്ടപ്പോഴാണു് റയിൽവേ സ്റ്റേഷനിലെ ത

---

നിന്റെ ആത്മാവെനിക്ക കൂട്ടായിരിക്കട്ടെ

മെയിൻ റോഡിൽ നിന്നും ബസ്സ് ഒരു കൈവഴിയിലേക്ക പ്രവേശിച്ചു. ആ വഴി ഞങ്ങളുടെ ഗ്രാമത്തിലേക്ക മാത്രമുള്ളതായിരുന്നു. സുഗമമല്ലെങ്കിലും ലക്ഷ്യമൊന്നേയുണ്ടായിരുന്നുള്ളു, ആ യാത്രയ്ക്കു്. എന്റെ ജീവിതവും ഒരു വഴിത്തിരിവിലേക്ക പ്രവേശിക്കുകയായിരുന്നു. എന്റെ ജീവിതയാത്രയുടെയും ലക്ഷ്യമൊന്നായിത്തീർന്നിരിക്കുകയാണു്. എന്നെ പട്ടിണി കിടന്നു് പഠിപ്പിച്ചു്, അഭ്യസ്തവിദ്യനാക്കിയ മാതാപിതാക്കളോടുള്ള കടമ നിർവ്വഹിക്കുക—ലീന നല്കിയ പ്രചോദനം അതു നിർവ്വഹിക്കുന്നതിനു് പര്യാപ്തമായിരുന്നു.

ബസ്സ് നിന്നു. ഞാൻ ഇറങ്ങി വീട്ടിലേക്ക നടന്നു; വികാരരഹിതനായി. ചേക്കേറുവാൻ വെമ്പൽകൊണ്ടിരുന്ന പക്ഷികൾ പാട്ടുനിറുത്തിയിരുന്നോ; അസ്തമന സൂര്യൻ ചുവന്ന മേഘങ്ങൾക്കിടയിലൂടെ എന്നെ എത്തി നോക്കുന്നുണ്ടായിരുന്നോ; ഒന്നുമൊന്നും ഞാൻ ശ്രദ്ധിച്ചില്ല. ഞാൻ നടന്നു, എന്റെ ഏക ലക്ഷ്യത്തിലേക്ക്.

COLLEGE BASKET-BALL TEAM 1964—'65

Runners-up in the Trichur Zone Intercollegiate Tournaments.

On the floor (L. to R.) Mammen Cheriyan, C. V. Sherin.

Sitting (L. to. R.) Sri. C. P. Andrews (Lecturer in Physical Education), Dr. P. M. Mathai (Principal), P. G. Mathew (Captain), Sri. T. B. Thomas (President).

Standing (L. to R.) Thomas John, John Ninan Varghis, James V. Cheeran, Itty Philip, P. Mathews and Alex M. Chacko.

COLLEGE TENNIS TEAM 1964—'65.

Runners-up in the Trichur Zone Intercollegiate Tournaments.

Sitting (L. to R.) Mr. Thomas Varghese, Dr. P. M. Mathai (Principal) Mr. George Philip (Captain).

Standing (L. to R.) Dr. A. K. Baby (President), Mr. C. P. Andrews (Lecturer in Physical Education).

COLLEGE BASKET-BALL TEAM 1964—'65

Runners-up in the Trichur Zone Intercollegiate Tournaments




COLLEGE TENNIS TEAM 1964—'65

Runners-up in the Trichur Zone Intercollegiate Tournaments



WOMEN'S HOCKEY TEAM 1964—'65
Who won the University Championship



WOMEN'S VOLLEY BALL TEAM 1964—'65.
Runners-up in the Intercollegiate tournaments



WOMEN'S HOCKEY TEAM 1964—'65

Who won the University Championship

Sitting Left to Right: Mr. C. P. Andrews, Miss Sophiamma Thomas, Dr. P. M. Mathai (Principal), Miss Sudha Mariam Varghese (Captain), Miss Mary Thomas.

Standing 1st row: Miss Elizabeth Isaac, Molly Babu, Mary George, Mini Andrews, Valsa John.

2nd Row: Miss M. M. Jameela, Sally Kuruvilla, Sumathy Abraham, K. Sathi Devi.

WOMEN'S VOLLEY BALL TEAM 1964—65

Runners-up in the Intercollegiate tournaments

Sitting Left to Right: Mr. C. P. Andrews, Dr. P. M. Mathai (Principal), Miss Annie Bessy John (Captain), Mary Thomas.

Standing 1st row: Susamma Thomas, Saramma C. I., Mary N. V., Ramani P. Joseph.

2nd row: Ranjini C. John, Marykutty K. K., Sisy P. Mani and Mariamma Mathai.

ഞങ്ങളു മരവിച്ചു ബഞ്ചിലാണിരിക്കുന്നതെന്ന ഓർമ്മ വന്നതു്. കടവയറും പൂണൂലുമുള്ള ഒരു മദ്ധ്യവയസ്കൻ മുമ്പിൽ നില്ക്കുന്നു. "ക്ഷമിക്കണം, ഇതെവിടെ നിന്നാണു്?" തമിഴ് ചുവ കലർന്ന ചോദ്യത്തിൽനിന്നും മനസ്സിലായി ആളു മലയാളിയല്ലെന്നു്. "കോളജിലെ പൂന്തോട്ടത്തിൽനിന്നാണു്." ഒരു ചെറിയ കള്ളം പറയേണ്ടതാവശ്യമായി വന്നു. "പ്രിൻസിപ്പാളിനെ സമീപിച്ചാൽ ഇതു കുട്ടലായി കിട്ടാൻ സാദ്ധ്യതയുണ്ടോ? തീവണ്ടിമാർഗ്ഗം അയച്ചുതന്നാൽ മതി. ഞങ്ങളുടെ പൂജയ്ക്കു് ഇതൊഴിച്ചുകൂടാൻ വയ്യാത്ത ഒന്നാണു്." മധുരയിലെ ഏതോ ക്ഷേത്രത്തിൽ പൂജാരിയായ അദ്ദേഹം പറഞ്ഞു. തീവണ്ടിയുടെ ചൂളംവിളി അങ്ങകലെ കേട്ടു ഇതുകൊണ്ടു് അതിനുത്തരം കൊടുക്കേണ്ടിവന്നില്ല. ഇല്ലാത്ത പൂന്തോപ്പിലെ ചെത്തിപ്പൂക്കളെക്കുറിച്ചു് അദ്ദേഹം പിന്നീടു കൂടുതൽ അറിഞ്ഞിട്ടുണ്ടാവില്ല.

തിക്കിത്തിരക്കി കോയമ്പത്തൂർ കമ്പാർട്ടുമെൻറിൽ കയറിക്കൂടിയപ്പോൾ സമയം പതിനൊന്നര കഴിഞ്ഞിരുന്നു. ഉറക്കം തൂങ്ങിനിന്നിരുന്ന കണ്ണുകളിൽ സന്തോഷത്തിമർപ്പു് പ്രത്യക്ഷമായി. ഓടക്കുഴൽ ഉണർന്നതോടെ മുറി സജീവമായി. മുഴുവൻ അറിഞ്ഞുകൂടാത്ത പാട്ടുകളുടെ പകുതിയും മുറിയുമെല്ലാം ഓരോരുത്തരുടെ കഴിവുപോലെ സംഘത്തിനു് സമർപ്പിച്ചു. തൃശ്ശൂരിൽനിന്നും കട്ടൻകാപ്പി കുടിക്കുമ്പോൾ പലരുടെയും ചുണ്ടുകൾ കപ്പുകളിൽ നിന്നും വേർപെടാൻ പ്രയാസപ്പെടുന്നതുപോലെ തോന്നി. ഊട്ടിയിലെ കാണാത്ത കാഴ്ചകൾ നിദ്രാദേവി അവരെ കാണിക്കുകയായിരിക്കാം.

"മാതൃഭൂമി, ഇൻഡ്യൻ എക്സ്പ്രസ്സ്," തണുത്ത കാററിനോടൊപ്പം ഈ വാക്കുകളും കാതുകളിൽ തുളച്ചു കയറിയപ്പോഴാണു് ഞങ്ങൾ തീവണ്ടിയിലാണെന്ന കാര്യം ഓർമ്മ വന്നതു്. ജനലിലൂടെ തല വെളിയിൽ നീട്ടി നോക്കിയപ്പോൾ 'പോത്തനൂർ' എന്നെഴുതിയ ഒരു വലിയ ബോർഡു കണ്ടു. അപ്പോൾ ഞങ്ങൾ കേരളത്തിൻെറ അതിർത്തി വിട്ടിട്ടു കുറെ സമയം കഴിഞ്ഞിരിക്കുന്നു. അകലെ മൂടൽമഞ്ഞണിഞ്ഞ മൊട്ടക്കുന്നിനു മുകളിൽ സൂര്യൻ ഉയർന്നു കഴിഞ്ഞിരുന്നു. ആവി പാറുന്ന കാപ്പി ഊതിക്കുടിക്കുമ്പോഴും ഓടക്കുഴൽ ചുണ്ടിൽ ചേർന്നിരിക്കുന്ന രസികൻ ഉണർന്നിരുന്നില്ല. ഉറക്കച്ചുവ മാറാത്ത കണ്ണുകളോടെ എല്ലാവരും പ്രഭാതകൃത്യങ്ങളിൽ വ്യാപൃതരായി. കൃത്യം ഏഴരയ്ക്കു് തീവണ്ടി കോയമ്പത്തൂരെത്തിച്ചേർന്നു.

സാമാന്യം വൃത്തിയുള്ള ഒരിടത്തരം നഗരമാണു് കോയമ്പത്തൂർ. ജനസംഖ്യ ഏതാണ്ടു് നാലരലക്ഷം. ഏററവും അധികം ഓട്ടോറിക്ഷാകളുള്ള ഇന്ത്യൻ പട്ടണങ്ങളിൽ രണ്ടാം സ്ഥാനമാണു് കോയമ്പത്തൂരിനുള്ളതു്. തികച്ചും ആധുനികമെന്നവകാശപ്പെടാൻ നിവൃത്തിയില്ലെങ്കിലും വെടിപ്പും വൃത്തിയുമുള്ള കുറെ തെരുവുകൾ മററേതൊരിന്ത്യൻ നഗരങ്ങളേയുമപേക്ഷിച്ചു കോയമ്പത്തൂരിനഭിമാനിക്കാവുന്ന സമ്പത്താണു്. ഇന്ത്യൻ വ്യോമസേനാ പരിശീലനകേന്ദ്രവും കേന്ദ്രകരിമ്പുഗവേഷണ സ്ഥാപനവും നഗരത്തിൻെറ പ്രാധാന്യത്തെ വർദ്ധിപ്പിക്കുന്നു. ഈ ഗവേഷണസ്ഥാപനം നമ്മുടെ കരിമ്പു കൃഷിക്കു നൽകിയിട്ടുള്ള സേവനങ്ങൾ ശ്രദ്ധേയമാണു്. നഗരത്തിലെ തൊഴിലാളികളിൽ ഒരു നല്ല പങ്കു് അവിടത്തെ തുണിമില്ലുകളിൽ ജോലിചെയ്യുന്നവരാണു്.

നേരത്തെ ഏർപ്പാടു ചെയ്തിരുന്നതനുസരിച്ചു സ്ഥലത്തെ പ്രമുഖ വ്യവസായികളിലൊരാളായ ശ്രീ ജി. ഡി. നായിഡുവിൻെറ ഹോസ്റ്റലിലാണു് ഞങ്ങൾ ഒരു ദിവസം കഴിച്ചു കൂട്ടിയതു്. ഗേററിലെത്തിയപ്പോൾ തന്നെ അകത്തുണ്ടാകാവുന്ന ഗതികേടുകളെക്കുറിച്ചൊരേകദേശരൂപം കിട്ടിയിരുന്നു. 'ബഡാസാബി'നെ കണ്ടാലേ അകത്തുകടക്കാൻ സാധിക്കുകയുള്ളുവെന്നു ഗേററുകീപ്പറിൽനിന്നും മനസ്സിലായി. നടന്നു ക്ഷീണിച്ചിരുന്ന ഞങ്ങൾക്കിതു കേട്ടപ്പോൾ കടുത്ത നിരാശയാണുണ്ടായതു്. ഏതായാലും കാര്യം നടക്കണമെങ്കിൽ അദ്ദേഹത്തെ കണ്ടേ മതിയാവൂ. ഒന്നു രണ്ടു പേർ ഇതിനകം ആവനാശിറോഡിലൂടെ 'ബഡാസാബി'ൻെറ വസതിയെ ലക്ഷ്യമാക്കി നടന്നുകഴിഞ്ഞിരുന്നു. അനുവാദം കിട്ടി അകത്തുകടന്നപ്പോഴേക്കും സമയം രാവിലെ ഒൻപതര കഴിഞ്ഞിരുന്നു. മുറികൾക്കുള്ളിലെ സിമൻറു ബഞ്ചുകൾ കണ്ടപ്പോൾ ആശ്വാസത്തിനു

സമുദ്രനിരപ്പിൽനിന്നും ഏഴായിരത്തഞ്ഞൂറടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ ഉദ്യാനം ഒരു നൂററാണ്ടു മുമ്പാണ് സ്ഥാപിക്കപ്പെട്ടതു്. പല തട്ടുകളിലായി പരന്നു കിടക്കുന്ന ഇതിന്റെ വിസ്തീർണ്ണം അമ്പതേക്കറാണ്. പ്രധാന കവാടത്തിൽ നിന്നാരംഭിക്കുന്ന ഇഷ്ടിക നിരത്തിയ മൂന്നടിപ്പാതകൾ സന്ദർശകനെ ഉദ്യാനത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും കൊണ്ടുവന്ന അനേകതരം സസ്യങ്ങൾ ഇവിടെ വളർത്തപ്പെടുന്നു. പുതിയ തരം സസ്യങ്ങൾ വളർത്തിയെടുക്കുന്നതിലും അധികൃതർ അതിപ്രധാനമായ ഒരു പങ്കു വഹിക്കുന്നു. രണ്ടിഞ്ചോളം മാത്രം ഉയരത്തിൽ വളരുന്ന പല ഇനങ്ങളിൽപെട്ട സസ്യങ്ങളാൽ നിർമ്മിതമായ ഇന്ത്യയുടെ മനോഹരമായ ഒരു ഭൂപടമാണ് ആദ്യമായി ശ്രദ്ധയെ ആകർഷിക്കുന്നതു്. അധികം ദൂരത്തിലല്ലാതെ ഇററാലിയൻ മാതൃകയിൽ നിർമ്മിച്ചിരിക്കുന്ന ഒരു മണ്ഡപം കാണാം. തൊട്ടു താഴെയുള്ള ചെറുതടാകത്തിൽ വിവിധ വർണ്ണങ്ങളുള്ള മത്സ്യങ്ങൾ താമരയിലകൾക്കിടയിൽ ഒളിച്ചുകളി നടത്തുന്നു. പുറമേ നിന്നു നോക്കിയാൽ പൂക്കൾകൊണ്ടുമാത്രം നിർമ്മിച്ച ഒരു കൊട്ടാരമെന്നേ തോന്നൂ, മുകളിൽകാണുന്ന 'ഫ്ളവർ ഹൗസ്' കണ്ടാൽ. കേരളത്തിന്റെ നാട്ടിൻപുറങ്ങളിൽ ആരുടേയും ശ്രദ്ധയിൽപെടാതെ നില്ക്കുന്ന കാട്ടുചെടികൾ ഇതിനുള്ളിൽ എത്ര മനോഹരമായി വളർത്തിയിരിക്കുന്നു!

കാഴ്ചകൾ വളരെയുണ്ടായിരുന്നു. കുളിരുന്ന തണുപ്പും ക്ഷീണവും ഞങ്ങളെ ബൊട്ടാണിക്കൽ ഗാർഡൻസിനോടു് വിടവാങ്ങുവാൻ പ്രേരിതരാക്കി. രണ്ടു മണിക്കൂർ ചുററി നടന്നു് കണ്ടശേഷം ദാസ് പ്രകാശിൽ തിരിച്ചെത്തിയപ്പോൾ ഏതാനും ജനൽപ്പാളികളിൽ മഞ്ഞുതുള്ളികൾ കനംതൂങ്ങി നിന്നിരുന്നു. തണുത്ത കാററടിച്ചുകൊണ്ടിരുന്ന ആ മെയ്മാസ പ്രഭാതത്തിൽ റോക്ക് ടെമ്പിൾ ലെയിനിലൂടെ റെയിൽവേ സ്റ്റേഷനിലേക്ക് നീങ്ങിക്കൊണ്ടിരുന്നപ്പോൾ ഊട്ടിയെക്കുറിച്ചുള്ള മറക്കാനാവാത്ത മധുരസ്മരണകൾ ഹൃദയത്തിൽതങ്ങി നിന്നിരുന്നു.



*By* K. T. PAUL,
*Cl. III, Phy.*



വിനോദകഥ.

# കള്ളൻ! കള്ളൻ!

കെ. രാമചന്ദ്രൻ, ക്ലാസ്സ് I ബോട്ടണി



'അവൻ തന്ന്യാണ്' ഗൗരിയമ്മ ശക്തിയോടെ പറഞ്ഞു. 'ആ കാലുകണ്ടാലറിഞ്ഞൂടെ' ഗോപുമേനോൻ അതിനെ പിൻതാങ്ങി. 'എന്നാലും അവൻ എന്നോടിങ്ങനെ ചെയ്യല്ലോ. എടാ നിന്നെ എന്റെ കയ്യിൽകിട്ടും' സങ്കടപ്പെടലും സമാശ്വസിക്കലും രാമൻപിള്ള ഒരുമിച്ചു കഴിച്ചു. ആ! സംഭവമെന്തെന്നല്ലേ? പറയാം.

രാമൻ പിള്ളയുടെ വീട്ടിൽനിന്ന് രണ്ടു കല അടയ്ക്കാ മോഷണം പോയെന്ന്. അപ്പോൾ നിങ്ങള് ചോദിക്കും, ഏതാ രാമൻപിള്ളേടെ വീട്ടിന്ന് പൊക്കുടേന്ന്,പോകും. പക്ഷെ രാമൻപിള്ളയെ ശരിക്കറിയാവുന്ന അതായതു് നല്ലപോലെ അറിയാവുന്ന ഞങ്ങൾക്കെല്ലാം അതൊരത്ഭുതമായിരുന്നു. കാരണം പണ്ട് പട്ടാളത്തിന്ന് ഒളിച്ചോടി വന്നപ്പോൾ കൊണ്ടുവന്ന കാരിരി ഒക്കെ ഇരുന്നൂറിയമ്പതു് റാത്തൽ തൂക്കവും, കൃത്യമായി പറഞ്ഞാൽ 6 അടി ഒന്നര ഇഞ്ച് പൊക്കവുമുള്ള രാമൻപിള്ളയുടെ വീട്ടിൽ നിന്നാണ് മോഷണം. ഇപ്പോഴോ? എന്തു പറയുന്നു.

കൂട്ടിലിട്ട മൃഗത്തെപ്പോലെ ഓടി നടക്കയാണ് മിസ്റ്റർ രാമൻപിള്ള. 'എടാ ഈ കിലിക്കാലാ, നിന്നെ എന്റെ കയ്യിൽകിട്ടും.' കിട്ടിയാൽ 'ധിടിം' എന്ന് രണ്ടായി ഒടിച്ചുമെന്ന മട്ടിൽ അടുത്തു കിടന്നിരുന്ന ഒരു ചുള്ളിക്കോലെടുത്തു് ഒടിക്കയും ചെയ്തു.

'ആ കഞ്ചുതന്ന്യാ' ഗൗരിയമ്മ വീണ്ടും കഞ്ചുവിനെതിരെകുററപത്രം അവതരിപ്പിച്ചു. ഇത്തവണ രാമൻപിള്ളയുടെ മകൻ ഗോപുവാണതിനെ പിൻതാങ്ങിയതു്. അവന്റെ പിൻതാങ്ങൽ കാര്യമാക്കണ്ട. കാരണം 'പിന്താങ്ങി ഗോപു'വെന്നത്രേ അവന്റെ അപരനാമധേയം! 'എടാ ഗോപൂ നീ ഇന്നലെ വൈകുന്നേരം ആശുപത്രിക്കെടന്ന് ചത്തെന്ന കേട്ടല്ലോടാ' എന്നു പറഞ്ഞാലും അവൻ പറയും 'ശരിയാ'

'അവനല്ലാണ്ടു വേറെ ആരും ഈ കടുംകൈ ചെയ്യില്ല' ഗൗരിയമ്മ വീണ്ടും കഞ്ചുവിനെതിരാകുന്നു. ഗൗരിയമ്മയുടെ പറച്ചിൽ കേട്ടാൽ തോന്നും, കഞ്ചു അവൾക്ക് കടം മേടിച്ച വകയിൽ പത്തായിരം രൂപാ കൊടുക്കാനുണ്ടെന്ന്. അതിന്റെ ദേഷ്യമാണെന്നാണ് കേൾക്കുന്നവർക്ക് തോന്നുക. 'അവനിപ്പോ ഒരു തൊഴിലും കിട്ടാതെ കറങ്ങാണ്' കഞ്ചുവിനെതിരെ തെളിവുകൾ കുമിഞ്ഞു കൂടുന്നു. പക്ഷെ എനിക്കൊരു സംശയം. (സംഭവ സ്ഥലത്തു് ഞാനുമുണ്ട്) ഇതു് കഞ്ചുവാണോ? ഹോ! കഞ്ചുവിനെ നിങ്ങൾക്കൊന്നു പരിചയപ്പെടുത്താം.

കക്കുകയില്ല എന്നും മററും വിചാരിക്കത്തക്കതല്ല കഞ്ചുവിൻെറ പൂർവ്വകാലചരിത്രം. 'ആനക്കട്ടേയും കൂടി മടിയിലിരുത്തി കൊണ്ടാവും' എന്നത്രേ വിവരമുള്ളവർ കഞ്ചുവിനെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നത്. മോഷണമാണ് അദ്ദേഹത്തിൻെറ സ്ഥിരം തൊഴിൽ. പിന്നെ ചിലപ്പോഴൊക്കെ 'സൈഡ്' ബിസിനസ്സായി' അടിപിടിയും പോകും. കഞ്ചുവിൻെറ ഭാഷയിൽ പറഞ്ഞാൽ, കഞ്ചു പല പ്രാവശ്യവും 'സക്കാര് കെട്ടിടത്തില്' ഉണ്ട് താമസിച്ചിട്ടുണ്ട്.' സാധാരണയായി എല്ലാ വീട്ടുകളും സന്ദർശിക്കും, ശ്രീമാൻ കഞ്ചു. പക്ഷേ സന്ദർശനം രാത്രിയിലാണെന്നുമാത്രം. വിശേഷിച്ചും പറമ്പിലായിരിക്കുകയും ചെയ്യും. അപ്പോ ചോദിക്കും, എന്നാ നേരെ വീട്ടിലേക്ക് കയറിക്കൂടെയെന്ന്. ഛേ! അങ്ങനെ വളഞ്ഞ ചോദ്യമൊന്നും ചോദിക്കല്ലേ? മഹാനായ കഞ്ചുവിൻെറ വിലയേറിയ സമയത്തെപ്പററി നിങ്ങൾക്കൊന്നും അറിഞ്ഞുകൂടാ!! കഞ്ചുവിന് അകത്തേയ്ക്കു വരാനൊന്നും ടൈമില്ല. ങാ!! അത്രയും നേരം പറമ്പിൽ ചുററിയടിച്ചതിന് ടി. എ. ആയി പോകുമ്പോൾ രണ്ടു കുല നാളികേരമോ അടയ്ക്കയോ എടുക്കും. അത്രമാത്രം.

പക്ഷേ ഇങ്ങനെയൊക്കെയാണെങ്കിലും കഞ്ചുവിനെ തലേ ദിവസം തൃശ്ശൂർ വെച്ച് കണ്ടപ്പോൾ, കഞ്ചു എന്നോടു പറഞ്ഞതാണ് 'ഞാൻ തൃശ്ശിനാപ്പള്ളിക്ക് ജോലി അന്വേഷിച്ച് പോവ്വാ' എന്ന്. പിന്നെ എങ്ങനെ കഞ്ചു ഇവിടെ വന്നു 'മോട്ടിച്ചു' മാത്രമല്ല 'പിന്താങ്ങി ഗോപുവിൻെറ പിന്താങ്ങലും നോട്ടവും എന്നിലെ ഡിററക്ടീവിനെ തൊണ്ടിയുണർത്തുകയായിരുന്നു. അപ്പോൾ എന്തുകൊണ്ടോ ഞാൻ കഞ്ചുവിൻെറ പേരിൽ ആത്മാർത്ഥമായി വേദനിച്ചു. 'പ്രിയപ്പെട്ട കഞ്ചൂ, നീ അനാവശ്യമായി ക്രൂശിക്കപ്പെടുന്നതു കണ്ട് ഈയുള്ളവൻെറ ഹൃദയമലിയുന്നു എന്ന് ഞാൻ പറഞ്ഞോ എന്ന് ചോദിച്ചാൽ ഇല്ല എന്നാണ് മറുപടി. എന്നാലും 'കഞ്ചുവല്ല ഓമനപ്പുത്രനായ ഗോപുവാണേ, രാംപിള്ളച്ചേട്ടാ മോഷ്ടാവ്'' എന്ന് ഞാനെങ്ങനെ പറയും? 'സീമന്തപുത്രൻെറ' കയ്യിൽ ഈയിടെ ഒററ നോട്ടം രണ്ടിൻെറ നോട്ടം കാണാറുണ്ടെന്നും, മുറി ബീഡി, 'സികരട്ട്'' ആയിട്ടുണ്ടെന്നും ഞാൻ എങ്ങനെ രാമൻപിള്ളയോട് പറയും? എന്തേ പറഞ്ഞാല്? ഛേ! അതു നല്ല ചോദ്യം. രാമൻപിള്ളയുടെ പുന്നാര മകനാണ് ഗോപു. അവനെപ്പററി പറഞ്ഞാൽ അദ്ദേഹത്തിന് ദേഷ്യം വരും; സംഗതി എനിക്കും ദേഷ്യം വരും. പക്ഷേ രാംപിള്ളച്ചേട്ടന് ദേഷ്യം വരുന്നതും എനിക്ക് ദേഷ്യം വരുന്നതും രണ്ടും രണ്ടാണ്. അങ്ങേരാരിക്കുന്ന ഒരു കൈ വീശിയാൽ, അയ്യോ! ഓർക്കാനും കൂടി വയ്യ—ഞാൻ രണ്ടു ദിവസം കോളജിൽ പോവില്ല. രാക്കോഴിപൂരത്തില്ല..... എന്തൊക്കെയാണ് ഭഗവാനെ. ഞങ്ങനെ കഞ്ചുവിൻെറ പേരിൽ തന്നെ 'ചാർജ്ജ്' ഏല്പിച്ച് ഞങ്ങൾ പിരിഞ്ഞു...

ആയിരത്തിത്തൊള്ളായിരത്തി അറുപതിരണ്ടാമാണ്ട് ജനുവരി 10-ാം തീയതി. അതായത് മുമ്പ് നടന്ന മോഷണത്തിൻെറ രണ്ടാഴ്ച കഴിഞ്ഞ് രാംപിള്ളച്ചേട്ടൻെറ തെങ്ങുകൾ രണ്ടാമതും വലിച്ചു. ഛേ! എന്തോന്ന്? 'കളിയ്ക്കണക്കെല്ലാ'? ഞങ്ങടെ നാട്ടിൻപുറം മുഴുവനും ഒരു ഭീകരമായ അന്തരീക്ഷത്തിലായി. 'സ്ഥലത്തെ പ്രധാനി രാമൻപിള്ളയുടെ വീട്ടിൽനിന്ന് മോഷണം' എന്നൊന്നും പത്രത്തിൽ വന്നില്ല. എന്നാലും ഞങ്ങളുടെ—പേടിച്ചു വിറച്ചുകൊണ്ടു നില്ക്കുകയാണ്. രാമൻപിള്ളയുടെ വീട്ടിൽനിന്നു പോയശേഷം, ഗൗരിയമ്മയുടെ വീട്ടിൽനിന്ന്.!! വാസ്തവം പറയാമല്ലോ എനിക്കത് വളരെ പിടിച്ചു. ഒരു പത്തൽ, വേലിയിൽ നിന്നൊടിച്ചതിന്നവരെന്നെ പറഞ്ഞ ചീത്ത മുഴുവനും എഴുതണമെങ്കിൽ ആറു പേജുള്ള 4 പുസ്തകമെങ്കിലും വേണം! തീർച്ച. ഹാ! അതു പോട്ടെ. ഇടയ്ക്കിടക്കെ കളവ്. അതും അയൽപക്ക വീടുകളിൽനിന്ന്. ഭയം, പരിഭ്രമം. എല്ലാ വീട്ടുകാരും ജാഗരൂകരായി. 6 മണിയ്ക്കുശേഷം എല്ലാ ജനലും വാതിലും കൊട്ടിയടച്ചു കിടപ്പായി. മുററത്തിറങ്ങണമെന്നു പറഞ്ഞ് നിലവിളിക്കുന്ന പിള്ളേരെ 'രാംപിള്ള'ച്ചേട്ടൻെറ പേര് പറഞ്ഞ് എല്ലാവരും തല്ലി ഉറക്കുകയാണ്. കാരണം നാണിക്കുട്ടിയമ്മയുടെ മകളുടെ മകൻ, ആ ചീവീട് പോലെ നിലവിളിക്കുന്ന ചെക്കൻ പോലും. 'രാംപിള്ളച്ചേട്ടൻ വരണെന്ന്' പറഞ്ഞാൽ പിന്നെ ഉണ്ടണമെങ്കിൽ വല്ല ബോംബോ ചേമ്പോ പൊട്ടിക്കണം.



എന്തൊക്കെ ദോഷങ്ങളുണ്ടോ പറഞ്ഞാലും ശരി 'പോലീസ്' സഹായം' ഞങ്ങളുടെ നാട്ടിൽ ഇല്ല എന്ന് പറഞ്ഞാൽ മാത്രം ഞങ്ങൾ സമ്മതിക്കില്ല. കാരണം 'ഇൻചാർജ്ജ്' ഗോവിന്ദമ്മാൻ' രാത്രിതോറും അവിടെയും വഴികളിൽ ചുററി നടക്കും. ഗോവിന്ദമ്മാൻ കളവ് കണ്ടുപിടിച്ചു പിടിച്ച് ഒരു ഭാരത രത്നമോ പത്മവിഭൂഷണമോ കിട്ടുന്ന മട്ടാണ് എന്നത്രേ അദ്ദേഹത്തിൻെറ തന്നെ അഭിപ്രായം. 'ആഹാ' കുറച്ചു കൂട്ടലാണെങ്കിലും എല്ലാവർക്കും അദ്ദേഹത്തെ കാര്യമാണ്. 'ഒരു കള്ളന് ഇവിടെ വരണെ' എന്ന് എല്ലാവരും അദ്ദേഹത്തോടു പറയും' 'ഗോവിന്ദനുള്ളപ്പോൾ പേടിക്കേണ്ട പിള്ളാരെ' എന്നദ്ദേഹം മറുപടിയും പറയും..... ഞങ്ങളുടെ വീട്ടിൽ എല്ലാവരും കിടപ്പായി—' പുരോഗമന വാദിയും നിർഭയനുമായ' ചേട്ടന്മാർപ്പോലും. പക്ഷേ സത്യം പറയാമല്ലോ, ഞാൻ പുറത്തിറങ്ങുന്ന തന്നെ ഒരു നോവൽ വായിച്ചു തീർത്തു. ഞാൻ ചെന്ന് കട്ടിലിൽ വീണപ്പോഴേയ്ക്കും, എല്ലാവരും ഉറങ്ങിക്കഴിഞ്ഞിരുന്നു. ഞാൻ ഇരുട്ടിലേക്ക് ഉററുനോക്കിക്കൊണ്ടു മലർന്നു കിടക്കുകയാണ്. കുറച്ചു മുമ്പു വായിച്ച നോവലിലെ കഥാപാത്രങ്ങൾ പ്രത്യേകിച്ച് തസ്കരനായ വിരവൻ കത്തിയുമായി ഇരുട്ടിലൂടെ എൻെറ മുമ്പിൽ ഓടിനടക്കുന്നു. എന്തുകൊണ്ടോ കുറച്ചു ഭയം എന്നിലേയ്ക്ക് അരിച്ചു കയറി. ഞാൻ കണ്ണിറുക്കി ഉറങ്ങാൻ ശ്രമിച്ചു. ടപ്!!! ഒരു ശബ്ദം. എനിക്കുള്ളും ശ്രുതശബ്ദം!! ടപ് ടപ്......ശബ്ദം അടുത്തു വരുന്നു. കഞ്ചൂ!! ഞാൻ ഓർത്തു. 'എൻെറ കഞ്ചൂ, കള്ളും പിടിയുമുള്ള പകല് എന്തു വേണമെങ്കിലും നീയെടുത്തോ, പക്ഷേ ഈ രാത്രി ഇങ്ങനെ പേടിപ്പിക്കല്ലേ' എന്ന് പറയാൻ എനിക്ക് തോന്നിപ്പോയി. 'ഹും' നീട്ടിത്തുപ്പുന്ന ശബ്ദം 'ഹും' എന്തൊരു നിർഭയത! കഞ്ചുവിനെ ഞാൻ സമ്മതിച്ചുകൊടുത്തു. 'ഠപ്'! ഠപ്'' വാതില്ക്കൽ രണ്ടു തട്ട്. ഭഗവാനെ!! ഞാൻ നിന്നു വിറയ്ക്കുകയാണ്. പിള്ളേരും അമ്മയും അമ്മൂമ്മയും കൈക്കയെണീററു. കൈക്കൂട്ടി നിലവിളിയായി. അമ്മൂമ്മ വാതില്ക്കൽ ഉറക്കാതെ കഞ്ചുവിനെ തെരുതെരെ ചീത്ത പറയുകയാണ്. "ചററിഠ" എന്ന്. നിറുത്താതെ തന്നെ.

'അയ്യോ! ഇതു് ഞാനാണേ, കഞ്ചുവല്ല. ഇതു വല്ല്യ തൊല്ലയായല്ലോ' പുറത്തു നിന്ന് ഒരു ശബ്ദം, ഗോവിന്ദമ്മാൻെറ. ഇതു കേട്ടപ്പോൾ എനിക്ക് എവിടെ നിന്നോ ധൈര്യം കിട്ടി. ഓടിച്ചെന്ന് ഞാൻ വാതിലും തുറന്നു. ഞാൻ എന്നിട്ടും നിന്ന് വിറക്കുകയാണ്. അയൽപക്കത്തുള്ള എല്ലാവരും ചൂട്ടും പന്തവും ലൈററുമൊക്കെയായി ഓടിക്കൂടി ഗോവിന്ദമ്മാനെക്കണ്ട് എല്ലാവരും അന്തംവിട്ടു നിന്നു. അണ്ടികളഞ്ഞ അണ്ണാൻെറ മാതിരി നില്ക്കുകയാണ് ഗോവിന്ദമ്മാൻ. ഇന്നു രാത്രി കുറേനേരം നടന്നു ക്ഷീണിച്ച്, ഒന്നു മുറുക്കിയിട്ട് പോവാം എന്നു കരുതി വീട്ടിൽ കയറിയതാണ്. കെട്ടുപോയ വിളക്കൊന്നു കത്തിക്കലുമായി എന്ന് കരുതിക്കയറിയതാണ്. അപ്പോഴാണ് ഈ പാറു പാഠിയതു്. ഒരു നല്ല തമാശക്ക് വകനല്കിയ ഗോവിന്ദമ്മാന് 'ഗുഡ്' നൈററ് പറഞ്ഞ് എല്ലാവരും പിരിഞ്ഞു.

* * *

രണ്ടു മൂന്നു ദിവസത്തിനുശേഷം ഒരു വെളുപ്പാൻ കാലത്ത് രാമൻപിള്ളയുടെ വീട്ടിലെ പറമ്പിൽനിന്ന് ഒരു നിലവിളി. ആളുകൾ ഓടിക്കൂടി. നോക്കിയപ്പോൾ 'രാംപിള്ളച്ചേട്ടൻെറ പുന്നാര മോൻ' ഗോപു ഒരു അടയ്ക്കാക്കുലയുമായി ഒരു അടയ്ക്കാമരത്തിൻ ചോട്ടിൽ കിടക്കയാണ്. പാവം! കഞ്ചുവിൻെറ കേരോഫിൽ നടത്തിയ പതിനാലാമത്തെ മോഷണം!! ഹൃദയംഗമമായ അനുശോചനങ്ങൾ അറിയിച്ചുകൊണ്ട് ഞാൻ പോയി വീട്ടിൽച്ചെന്ന് ഒരു കാപ്പി കുടിച്ച് വീണ്ടും കട്ടിലിലേക്ക് മലർന്നു.

ചെറുകഥ.

# പ്രകാശമുള്ള രാത്രി

By Valsa Devassy, Class III Physics

മയങ്ങിക്കിടക്കുന്ന സാജുമോന്റെ നിഷ്ക്കളങ്കമായ മുഖത്തു നോക്കിക്കൊണ്ട് സൂസി ഇരുന്നു. രാത്രിയുടെ നിശ്ശബ്ദതയിൽ സാജുമോനല്ലാതെ ആരാണവൾക്കൊരാശ്രയം എന്തിനേക്കാളുമുപരിയായി സ്നേഹിച്ചാരാധിച്ചിരുന്ന തന്റെ ബാബുവാണെങ്കിൽ... ബാബുവിനെപ്പറ്റി ഇന്ന് ഒന്നും അറിവില്ലാതായിത്തീർന്നിരിക്കുകയാണ്.

സൂസിയുടെ ചിന്തകൾ ഭൂതകാലത്തിലേക്ക് അവൾ അറിയാതെ തന്നെ പാറിനടന്നു. സാജുമോന്റെ മുഖത്തു നോക്കിയങ്ങിരിക്കുവാൻ അവൾക്ക് കഴിഞ്ഞില്ല. ബാബുവിന്റെ അതേ ഛായ. ആ കള്ളപ്പുഞ്ചിരി തന്നെ മുഖത്തു കളിയാടുന്നു. ബാബുവിന്റെ കുറുമ്പുകളുംകൂടി സാജുമോന് കിട്ടിയിട്ടുണ്ട്. എന്തിനു ഏറെപ്പറയുന്നു, സാജുമോൻ തന്റെ പ്രിയപ്പെട്ട ബാബുതന്നെയാണ്. "ഹാ! ദൈവമേ!!! സൂസി ദീർഘമായൊന്നു നിശ്വസിച്ചു.

ഇരുളടഞ്ഞ ഭാവിജീവിതം! അതിൽ എത്രനാൾ സാജുമോനെയും കൊണ്ട് പദയാത്ര നടത്തണം. എത്രനാൾ നീറുന്ന വേദന തിന്നണം. ആ യാത്രയുടെ അവസാനം എത്ര വിദൂരതയിലാണ്. അവിടെ തനിക്കും സാജുമോനും തനിയെ ചെന്നെത്തുവാൻ കഴിയുമോ? പ്രിയപ്പെട്ട ബാബു കൂടിയില്ലാതെ. ഇല്ല, ഒരിക്കലുമില്ല. മാതൃഭൂമിക്കുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ വെമ്പൽ കൊണ്ടിരുന്ന ആ വിരുതേറിയ കൈകൾ തന്നെവേണം തന്നെയും സാജുമോനെയും നയിക്കുവാൻ. ബാബുവില്ലാതെ ഒരിക്കലും വിജയം സാദ്ധ്യമല്ല.



താൻ മാത്രമേയുള്ളോ, ഇതുപോലെ ദുഃഖിക്കുന്നവൾ? സൂസി ചിന്തിച്ചു. സാജുമോൻ കൂടി ആ ദുരിതത്തിൽ എന്തിനു പങ്കുകൂടി? നിഷ്കളങ്കനായ ആ പിഞ്ചുപൈതൽ എന്തു ചെയ്തു. സ്വപിതാവിന്റെ ലാളനയും വാത്സല്യ സുഖവും ഏൽക്കാതിരിക്കുവാൻ മാത്രം നിർഭാഗ്യവാനാണോ തന്റെ മോൻ സാജു? ബാബുവിന്റെ ഭാര്യ സൂസിയും സാജുമോനും ഇത്ര നിർഭാഗ്യരാണോ?

"സൂസി, ധൈര്യമായിരിക്കൂ. സ്വന്തം ഭാരതത്തിനുവേണ്ടി എന്തും സഹിക്കുകയാണ് നമ്മുടെ ഓരോരുത്തരുടേയും കർത്തവ്യം." മധുവിധുവിന്റെ ലഹരിയിൽ നിന്നെല്ലാം മൊഴിഞ്ഞുമാറി യാത്ര പറഞ്ഞിറങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞ വാക്കുകൾ! അവ അന്ത്യവത്തായെന്നോ? തന്റെ ബാബു ഭാരതത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ചെന്നോ? എങ്കിൽ ബാബു, അന്നു ഞാൻ ബാബുവിനോടൊപ്പം ഹിമാലയത്തിന്റെ കോച്ചുന്ന തണുപ്പിൽ യുദ്ധം ചെയ്യുവാൻ പുറപ്പെട്ടമായിരുന്നു. ഭാരതത്തിനുവേണ്ടി ബാബുവിനോടൊപ്പം തനിക്കും മരിക്കാമായിരുന്നു. 'സ്വരാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച നവദമ്പതികൾ' എന്ന് ലോകം നമ്മെ പുകഴ്ത്തുമായിരുന്നു! മധുവിധുവിന്റെ ലഹരി മുഴുവനും ആസ്വദിക്കുന്നതിനു മുമ്പേ യാത്രയായതു് ഇതിനായിരുന്നോ ബാബു. ഇനിയും ഈ ജീവിതത്തിൽ ഞാൻ മാത്രമേയുള്ളോ?

അന്ന് കമ്പി കിട്ടിയപ്പോൾ എത്ര ആഹ്ളാദത്തോടുകൂടിയാണ് ആ വാർത്ത എന്നെ അറിയിച്ചതു്. അപ്പോൾ മുഖം വിളറിയ എന്നെ പെട്ടെന്ന് ചിരിപ്പിച്ചതു്!! യാത്രയായിക്കഴിഞ്ഞപ്പോൾ വാടിക്കരിഞ്ഞു നിൽക്കുന്ന എന്നെ മാറോടു ചേർത്തുപിടിച്ചുകൊണ്ടു പറഞ്ഞ ആ വാക്കുകൾ! ഹാ, അവ അവസാനത്തേതായിരുന്നോ? എങ്കിൽ ബാബു.........വയ്യ. ഒന്നും ഓർക്കാൻ വയ്യ.

ഇതിനെല്ലാം വേണ്ടിയായിരുന്നോ അന്ന് എനിക്ക് ബാബുവിനോട് ഒരു പ്രത്യേക ആദരവും സ്നേഹവും തോന്നിയതു്? വീട്ടിൽ ആ കല്യാണക്കാര്യം പറഞ്ഞപ്പോഴേ എനിക്ക് വെറുപ്പായിരുന്നു. ഒരു പട്ടാളക്കാരന്റെ ഭാര്യയായി, ഏകാന്തതയിലുള്ള ജീവിതം! അതു താനൊരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. കണ്ടിട്ടു പൊയ്ക്കളട്ടെ എന്നു കരുതി ഞാൻ ധൈര്യമായിത്തന്നെ ബാബുവിന്റെ മുമ്പിൽ വന്നു നിന്നു. അപ്പോൾ "പേര്" എന്നൊരു ചോദ്യം. "സൂസി" എന്ന് ദേഷ്യത്തോടുകൂടി പറഞ്ഞപ്പോൾ പൊട്ടിച്ചിരിച്ചില്ലേ. ഈ ചിരിക്കുന്ന പട്ടാളക്കാരനെ എന്തായാലും ഒന്നു കണ്ടു കളയാമെന്നു കരുതി ഒളികണ്ണിട്ടൊന്നു നോക്കിയപ്പോഴതാ ബാബുവിന്റെ ഒരു നോട്ടം. അതിന്റെയെല്ലാം അർത്ഥം എന്തായിരുന്നിരിക്കണം. ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുന്ന ആകർഷകമായ ആ നോട്ടം. പുഞ്ചിരി ഇളുന്ന വിടർന്ന കണ്ണുകൾകൊണ്ടുള്ള ആ നോട്ടം! ഞാൻ ഇന്നും മറന്നിട്ടില്ല. ഒരിക്കലും! ആ നോട്ടത്തിനു മുമ്പിൽ ഞാൻ എല്ലാം മറന്നുപോയി. ഈ പട്ടാളക്കാരൻ ഇത്ര സുന്ദരനാണോ എന്നും ഞാൻ വിചാരിച്ചു. വരയൻ മീശയുള്ള ആ ചുണ്ടുകളുടെ ഇളം പുഞ്ചിരിയും, എന്തൊക്കെയോ അർത്ഥങ്ങളുള്ള ആ നോട്ടവും......!!! ഹാ—

ദൈവമേ ഇന്നദ്ദേഹം എനിക്കില്ലല്ലോ. ഇനിയും ആ നോട്ടം ആ പുഞ്ചിരി എനിക്ക് കാണുവാൻ കഴിയുകയില്ലെന്നോ? എങ്കിൽ ഞാനെത്ര ഭാഗ്യഹീനയാണ്. പ്രിയപ്പെട്ട ബാബു, ബാബുവില്ലാതെ, ബാബുവിനെപ്പറ്റി യാതൊന്നുമറിയാതെ നീണ്ട പതിനാലു മാസങ്ങൾ ബാബുവിന്റെ സൂസി കഴിച്ചുകൂട്ടി. ഇന്ന് ബാബുവിന്റെ സാജുമോന് ഒരു വയസ്സു തികയുകയാണ്. യാതൊരു ആഡംബരവുമില്ലാതെ സാജുമോന്റെ പിറന്നാൾ കഴിയുവാൻ പോകുകയാണ്. രാത്രി 11. 45—സാജു ജനിച്ച സമയം—ഇനിയും ചില നിമിഷങ്ങൾക്കുള്ളിൽ അവ കഴിഞ്ഞുപോകും—ഒന്നും സംഭവിക്കാത്തതുപോലെ ബാബുകൂടി ഉണ്ടായിരുന്നെങ്കിലോ?........ ഒരു മോനെ കാണുവാൻ അങ്ങ് എത്ര ആഗ്രഹിച്ചിരുന്നു? തന്റെ മോനെ ഒരു നോക്കു പോലും കാണാൻ ബാബുവിനു് കഴിഞ്ഞില്ലല്ലോ. അന്നു ഞാൻ ആ വാർത്ത അറിയിച്ചപ്പോൾ ബാബു എല്ലാം മറന്ന് എന്നെ വാരിക്കോരിയെടുത്തതു്!!! അതെല്ലാം ഇന്ന് ഒരു സ്വപ്നം മാത്രമായി അവശേഷിച്ചോ? ബാബുവിന്റെയും ആഗ്രഹം ആൺകുഞ്ഞായിരിക്കണമെന്നായിരുന്നില്ലേ? ഇതാ ആ ആഗ്രഹം സഫലീകരിച്ചിരിക്കുന്നു. അവനു് സാജു എന്ന് പേരിടണമെന്നും എന്റെ പ്രിയപ്പെട്ട ബാബുവല്ലേ പറഞ്ഞിരുന്നതു്. ഇന്നിതാ ബാബുവിന്റെ മോന് 'സാജുവിന്' ഒരു വയസ്സു തികയുന്നു. എന്നിട്ടും ബാബു സാജുവിനെ കാണുവാനാണെങ്കിലും വന്നില്ലല്ലോ! വിധിയുടെ കൈകൾ ഇത്രമാത്രം നിഷ്ഠുരമോ? സൂസിയുടെ ചിന്തകൾ അങ്ങനെ പാറി നടക്കുകയായിരുന്നു.

"ഠൌ!" "ഠൌ"...ഠൌ...പട്ടിയുടെ കുര കേട്ടിട്ട് സാജുമോൻ ഞെട്ടിയുണർന്നു. ഞാൻ അവനെ മാറോടു ചേർത്തു കിടത്തി പാട്ടുപാടി ഉറക്കാൻ ശ്രമിച്ചു പക്ഷെ, പട്ടി കുരച്ചുകൊണ്ടേയിരുന്നു. ഉടനെ വാതിലിൽ മുട്ടുന്ന ശബ്ദംകേട്ടു. വിറയ്ക്കുന്നതായിരുന്നെങ്കിലും സൂസി ചോദിച്ചു. "ആരാണതു്?"

"ഞാൻ"...പുറത്തുനിന്നും ഒരു ശബ്ദം.

"ഞാൻ എന്നു പറഞ്ഞാൽ" സൂസി ചോദിച്ചു.

... ... ... ...

"വാതിൽ തുറക്കേ, സൂസി?"

"ആര്", ആരാണത്" എന്നു പറഞ്ഞ് വാതിൽ പതുക്കെ തുറന്നപ്പോഴുണ്ട് മെലിഞ്ഞു, ഷേവു ചെയ്യാത്ത മുഖവുമായി, വൃത്തിയില്ലാത്ത ഒരു മനുഷ്യക്കോലത്തെ കണ്ടു. കയ്യിൽ ഒരു മരക്കാലൂന്നി നിൽക്കുന്ന ആ മനുഷ്യരൂപം ആരാണെന്ന് പ്രഥമദർശനത്തിൽത്തന്നെ അവൾക്ക് മനസ്സിലായില്ല.

"സൂസി, ഞാനെന്റെ കുഞ്ഞിനെ ഒന്നു എടുക്കട്ടെ" എന്നു പറഞ്ഞ് ആ മനുഷ്യക്കോലം കൈകൾ സൂസിയുടെ നേർക്ക് നീട്ടി. അപ്പോഴും സൂസി സ്തംഭിച്ചു നിൽക്കുകയായിരുന്നു.

"സൂസി, നിനക്ക് നിന്റെ പ്രിയപ്പെട്ട ബാബുവിനെ ഇതുവരെയും മനസ്സിലായില്ലേ?"

"ബാബു......" സൂസി പൊട്ടിക്കരഞ്ഞു. അദ്ദേഹം സൂസിയെ സമാശ്വസിപ്പിച്ചു.

സൂസി ബാബുവിന് കുളിക്കുവാൻ വെള്ളം കൊണ്ടുവന്നു കൊടുത്തു. കുളി കഴിഞ്ഞപ്പോൾ ചായയും പലഹാരങ്ങളും കൊടുത്തു. ഭക്ഷണത്തിനിടയിൽ അദ്ദേഹം ചോദിച്ചു "സൂസി, നീ എന്റെ മോന് എന്ത് പേരിട്ടു?"

"പേര്, അന്ന് എന്നോടു പറഞ്ഞിരുന്നില്ലേ, അതുതന്നെ"

"എന്ത്? സാജുവെന്നോ?"

"ആ—അതുതന്നെ, ഇന്ന് മോന്റെ പിറന്നാളാണ്",

"പിറന്നാളോ. എങ്കിൽ ഞാനെത്ര ഭാഗ്യവാനാണ്. എന്റെ മോനെയൊന്ന് എന്റെ മടിയിലിരുത്ത്"

സൂസി സാജുമോനെ ബാബുവിന്റെ മടിയിലിരുത്തി. ബാബു അവന് ഒരായിരം ഉമ്മകൾ പകർന്നുകൊടുത്തു. പിതൃവാത്സല്യത്തിന്റെ അമൃതചഷകം പൊഴിയുന്ന വിലയേറിയ ഉമ്മകൾ! ഒരു പക്ഷെ അതായിരുന്നിരിക്കാം സാജുമോന്റെ പിറന്നാൾ സമ്മാനം. സാജുമോന് കിട്ടാവുന്നതിൽ വച്ചേറ്റവും വിലയേറിയ സമ്മാനം!

ഈ രംഗം കണ്ട് സൂസി ആനന്ദനിർവൃതിയിലാണ്ടു.

സൂസി പറഞ്ഞു "ഞാനിന്ന് എത്ര ഭാഗ്യവതിയാണ്"

തീർച്ചയായും. നിന്നെപ്പോലെ ഞാൻ ഇന്നു ഭാഗ്യവാനാണ്. നിഷ്ഠൂരന്മാരായ ചീനക്കാരുടെ കൈയിൽ അകപ്പെട്ടെങ്കിലും ഈശ്വര കൃപയാൽ ഒളിഞ്ഞു മാറിത്താമസിക്കാനിടയായതിലും, കൊടുംവേനലും മഴയും തണുപ്പും വിശപ്പും എല്ലാം സഹിച്ച് ഇന്നിപ്പോൾ ഇവിടെ ഈ ശുഭസമയത്ത് എന്റെ സാജുമോന്റെ പിറന്നാളിന് എത്തിച്ചേരാൻ കഴിഞ്ഞതിലും ഞാനെത്ര ഭാഗ്യവാനാണ്.

സാജുവിനെയും എടുത്തുകൊണ്ട് സൂസിയും ബാബുവും കിടക്കമുറിയിലേക്ക് നീങ്ങി. ആ രാത്രി പ്രകാശമുള്ളതുതന്നെയായിരുന്നു. കൂരിരുട്ടുനിറഞ്ഞ ആ രാത്രിയിലെ ഏറ്റവും പ്രകാശിച്ച വിളക്ക് ബാബുവാകുന്ന വിളക്കായിരുന്നു. ഇരുളടഞ്ഞ സൂസിയുടെ ജീവിതത്തിന് പ്രകാശം നൽകിയത് ആ വിളക്കായിരുന്നു. ആ രാത്രിയിൽ അത് വളരെയധികം പ്രകാശിച്ചിരുന്നു—ആ രാത്രി പ്രകാശമുള്ളതായിരുന്നു!



# അവർക്ക് ദൈവം മാപ്പു കൊടുക്കുമോ?

By Thomas P. J., Class III Botany.



സസ്യലോകത്തിലെ ഒരുകൂട്ടം സുന്ദരികളുടെ തറവാടാണ് ഓർക്കിഡേഷ്യ (Orchidaceae) ഈ തറവാട്ടിലുള്ള മിക്കവാറും ചെടികൾ വളരെ മനോഹരങ്ങളായ പുഷ്പങ്ങൾ ഉല്പാദിപ്പിക്കുന്നു. ആ പൂക്കളുടെ ഘടനയും, ഭംഗിയും, വാസനയും ഒന്നു വേറെ തന്നെയാണ്. ഇപ്രകാരം സൗന്ദര്യം തറവാട്ടു മുതലായി കിട്ടിയിട്ടുള്ള ഒരു ഓർക്കിഡ് (Orchid-a member of Orchidaceae) തന്റെ ജീവിതാനുഭവങ്ങൾ പറയുന്നത് ശ്രദ്ധിക്കുക :—

ഞാൻ മലയാറ്റൂർ മലയുടെ ഏറ്റവും ഉയർന്ന സ്ഥാനത്തുള്ള രണ്ടു കൂറ്റൻപാറകളുടെയിടയിൽ ജനിച്ചു വളർന്നു. എനിക്കു വളരുവാൻ ആവശ്യമായ ആഹാര പദാർത്ഥങ്ങൾ ആ പാറയിടുക്കിൽ സുലഭമായുണ്ടായിരുന്നു. ഒന്നുരണ്ടു മാസം ജലദൗർല്ലഭ്യം ഉണ്ടായിരുന്നെങ്കിലും ആ കാലഘട്ടം ഉൾക്കരുത്തോടെ ഞാൻ തരണം ചെയ്തു. എന്റെ വർഗ്ഗത്തിൽപെട്ട പലരും അവിടെ അനായാസേന വളർന്നിരുന്നു. അവരുമായി പല കഥകൾ പറഞ്ഞും, അവിടങ്ങളിൽ പാറിക്കളിച്ചിരുന്ന ചിത്രശലഭങ്ങളോടും വണ്ടുകളോടുമൊത്തും കുശലപ്രശ്നം ചെയ്തും എന്റെ സമയം വളരെ സന്തോഷപൂർവ്വം തള്ളിനീക്കി. അവിടെയുള്ള വൻ മരങ്ങളിൽ വരാറുള്ള പച്ചക്കിളികൾ ഞങ്ങളുടെ സൗന്ദര്യത്തെപ്പററി പാടിപ്പുകഴ്ത്തുന്നതു കേട്ട് ഞാൻ അഭിമാനം കൊണ്ടിരുന്നു. ദിവസങ്ങളും മാസങ്ങളും കടന്നുപോയതറിഞ്ഞില്ല. ഞങ്ങളുടെ ശോഭ പൂർണ്ണമായും പ്രകാശിതമാകുന്ന ആഗസ്റ്റു മാസം വന്നെത്തി. അതുവരെ ഒരു ബാലികയും, യുവതിയുമായി കാലം കഴിച്ചു ഞാൻ അനേകം പുഷ്പങ്ങളുടെ മാതാവായി മാറി. വംശവർദ്ധനവിനുള്ള ഒരു കരുവായി എന്നെ പ്രകൃതി രൂപാന്തരപ്പെടുത്തുകയായിരുന്നു. ഒരു കടമയെന്നോണം അക്കാര്യം നിറവേററാൻ ഞാൻ സന്നദ്ധയായി നിലകൊണ്ടു.

ഞാൻ പുറപ്പെടുവിച്ച ഓരോ പൂക്കളിലെയും കേസരങ്ങൾ (Pollinia) വരന്മാരായും, ജനികൾ വധുക്കളായും പരിണമിച്ചു. ദളങ്ങളും വിദളങ്ങളും (Petals and Sepals) ചേർന്ന് ഓരോ ചെറിയ കല്യാണപ്പന്തലുകളായി വിലസുന്ന കാഴ്ച ആരെയും ആകർഷിക്കത്തക്കതായിരുന്നു. ലേബെല്ലം (labellum) എന്നറിയപ്പെടുന്ന പ്രത്യേക ദളമായിരുന്നു വിവാഹദല്ലാളന്മാരെ സല്ക്കരിച്ചയയ്ക്കുന്നതിൽ പ്രധാന പങ്കു വഹിച്ചിരുന്നത്. അതുവരെ എന്റെ ചങ്ങാതികളായി വർത്തിച്ചിരുന്ന ചിത്രശലഭങ്ങൾ എന്റെ പുത്രികളുടെയും പുത്രന്മാരുടെയും വിവാഹദല്ലാളന്മാരായി പ്രവർത്തിക്കുവാൻ സ്വമേധയാ മുമ്പോട്ടു വന്നു. ചുരുക്കത്തിൽ ആഗസ്റ്റു മാസം എനിക്ക് തിരക്കേറിയതായിരുന്നു. ഞാൻ വിചാരിച്ചു—

"എന്റെ മക്കളുടെയെല്ലാം വിവാഹം ഭംഗിയായി നടത്തണം. അവർക്കുണ്ടാകുന്ന

സന്താനങ്ങളെയെല്ലാം വേണ്ട സ്ഥലങ്ങളിൽ എത്തിച്ചതിനു ശേഷം സമാധാനമായി ഒന്ന് ഉറങ്ങണം." [ഞങ്ങൾ സാധാരണ വേനൽക്കാലാരംഭത്തിലാണ് ഉറക്കറയിൽ പ്രവേശിക്കുന്നത്. പിന്നീട് ഒരു നീണ്ട ഉറക്കം. ഉണരുന്നത് അടുത്ത വർഷാരംഭത്തിലാണ്. ഇപ്രകാരം ഭൂമിക്കടിയിൽക്കിടന്നുറങ്ങുമ്പോൾ ജനങ്ങൾ ഞങ്ങളെ 'ഭൂകാണ്ഡ'ങ്ങളെന്നു വിളിക്കുന്നു.]

ഈവിധം പലതും വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു മിടുക്കനായ ശലഭം വന്ന് ഇപ്രകാരം എന്നോടു പറഞ്ഞു—

"അല്ലയോ ഓർക്കിഡേ. നിങ്ങളുടെ കനിഷ്ഠപുത്രിക്ക് ഉചിതനായ ഒരു വരനെ ഞാൻ കണ്ടെത്തിയിട്ടുണ്ട്; കൂടാതെ കുറച്ചകലെ സ്ഥിതി ചെയ്യുന്ന മറ്റൊരു ഓർക്കിഡിന്റെ രണ്ടു പുത്രിമാരെ നിങ്ങളുടെ പുത്രന്മാരെക്കൊണ്ടു വിവാഹം കഴിപ്പിച്ചാൽ കൊള്ളാമായിരുന്നു."

ശലഭംകൊണ്ടുവന്ന ഈ ആലോചന താമസംവിനാ നടത്തുവാൻ ഞാൻ അതിനോട് ആവശ്യപ്പെട്ടു. മൂന്നു ദിവസത്തിനകം വിവാഹം നടത്തുവാൻ സകല ഏർപ്പാടുകളും ചെയ്തു. ഞാൻ മനസ്സിൽ വിചാരിച്ചു.

"ഇന്നു വെള്ളിയാഴ്ചയാണ്, ഏതായാലും തിങ്കളാഴ്ച വെളുപ്പിനു തന്നെ കല്യാണം നടത്താം. എന്റെ കൂട്ടുകാരൻ ശലഭത്തിനും അപ്പോഴാണല്ലോ സൗകര്യം."

അങ്ങിനെ തന്റെ തറവാടിന്റെ അന്തസ്സിനും പ്രകൃതിയുടെ നിയമത്തിനും യോജിച്ചവിധം ഒരേ വർഗ്ഗത്തിൽപെട്ട രണ്ടു വിവിധ മാതാക്കളുടെ സന്താനങ്ങൾ തമ്മിൽ വിവാഹം നടത്തുവാൻ തീരുമാനിച്ചു. അടുത്ത തിങ്കളാഴ്ച എന്റെ ജീവിതത്തിലെ ഒരു പ്രധാന ദിവസമായി കരുതി. ഇതുപോലെതന്നെ ഇതര മക്കളുടെ കാര്യങ്ങൾ വിവിധ ശലഭങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

ഒരു ദിവസം പെട്ടെന്നു പോയതുപോലെ തോന്നി. ഇനി രണ്ടു രാത്രിയേ അവശേഷിക്കുന്നുള്ളൂ. തിങ്കളാഴ്ച ദല്ലാളിനു നൽകുവാനുള്ള വിശിഷ്ടാഹാരമായ മധു ഇന്നു മുതൽ നിർമ്മിക്കുവാനാരംഭിക്കണം. അധികം താമസിച്ചില്ല. തന്റെ മൂത്ത മകൾ നില്ക്കുന്ന കല്യാണപ്പന്തലിൽ പ്രത്യേകം ഏർപ്പാടുചെയ്തിരിക്കുന്ന സ്പർ (Spur) എന്ന സ്ഥാനത്തു തേൻ നിർമ്മിക്കുവാനാരംഭിച്ചു.

ശനിയാഴ്ച ഉച്ച കഴിഞ്ഞു. പ്രഭാതത്തിലുണ്ടായിരുന്ന നേരിയ മഴയെല്ലാം മാറി. ഇപ്പോൾ അന്തരീക്ഷം വ്യക്തവും ആകാശം സുന്ദരവുമാണ്. പക്ഷെ അങ്ങകലെ ആകാശത്തിന്റെ ഒരു കോണിൽ ,കുറെ കാർമേഘങ്ങൾ ഉരുണ്ടുകൂടുന്നുണ്ട്. തൽസമയം അതാ കേൾക്കുന്നു ചില അപരിചിത ശബ്ദങ്ങൾ. ഞാൻ ആദ്യം പരിഭ്രമിച്ചെങ്കിലും പിന്നീടു ധൈര്യമവലംബിച്ചു. ഏതാനും മനുഷ്യരുടെ കാലടി സ്വരമാണ് കേൾക്കുന്നത്. ഞാൻ ആലോചിച്ചു—"എന്താണ് ഈ സമയത്ത് ഇവിടെ മനുഷ്യർ വരുവാൻ കാരണം. ആണ്ടിൽ രണ്ടാഴ്ച മാത്രമേ ഈ മലയാറ്റൂർമല ജനങ്ങൾ സന്ദർശിക്കാറുള്ളൂ—ഇവിടെയുള്ള പള്ളിയിലെ തിരുനാൾ സംബന്ധിച്ച്—"

ഇതാ ഒരുകൂട്ടം വിദ്യാർത്ഥികൾ സ്വരംകേട്ട ദിക്കിൽനിന്നു നടന്നുവരുന്നു. കാണുന്ന ചെടികളെയെല്ലാം അവർ പരിചയപ്പെടുന്നുണ്ട്. എന്റെ സമീപത്തുള്ള ഒരു ഹെലിക്റ്ററിസ് മരത്തിന്റെ താഴോട്ടു ചാഞ്ഞുനിന്നിരുന്ന ഒരുകൊമ്പിൽനിന്നും ഒരു ചെറുചില്ല അവരിലൊരുത്തൻ ഒടിക്കുന്നതു കണ്ടു. എന്നിട്ട് അതിൽ കണ്ട പൂക്കളെ ഓരോന്നോരോന്നായി നശിപ്പിച്ചുകൊണ്ടു പറയുകയാണ്: (" Helicteris belongs to the family Sterculiaceae ") അവർ പറഞ്ഞതെന്തെന്ന് എനിക്കു മനസ്സിലായില്ല. പിന്നീടു ഞാൻ അവരുടെ കണ്ണിൽപെട്ടു. ഉടനെ ചില വിദ്യാർത്ഥിനികൾ ആഹ്ലാദത്തോടെ അവരുടെ പ്രൊഫസ്സറോടു പറയുകയാണ് — (" Sir,we have got an Orchid ") അധികം താമസിച്ചില്ല. ഒരു വിദ്യാർത്ഥി ചില ഉപകരണങ്ങൾ ഉപയോഗിച്ച് ആ പാറയിടുക്കിൽനിന്നും എന്നെ പിഴുതെടുത്തു. ആ വിദ്യാർത്ഥി ആദ്യമായി എന്നെ സ്പർശിച്ചപ്പോൾ എന്നിൽ കൂടെ കടന്നുപോയ വികാരവിചാരങ്ങൾ പറഞ്ഞറിയിക്കാൻ പ്രയാസം.

നല്ല നാളെ സ്വപ്നം കണ്ടുകൊണ്ട്, അതുവരെ അനുഭവിച്ച കഷ്ടപ്പാടുകൾ മുഴുവനും ആ നാളെയുടെ സുഖത്തിനായി കാഴ്ചവച്ചുകൊണ്ടു തന്റെ മേൽ ഈശ്വരൻ ഏല്പിച്ച കർത്തവ്യങ്ങൾ പാലിക്കാൻ ഓരോ നിമിഷവും പരിശ്രമിച്ചുകൊണ്ടു കഴിഞ്ഞിരുന്ന എന്റെമേൽ പെട്ടെന്ന് ആ കടുത്ത ആക്രമണം ഉണ്ടായി. എന്റെ ജീവിതത്തിനു മോടിപിടിപ്പിച്ചിരുന്ന ആ സൗന്ദര്യം ഇതാ ശാപമായി മാറിയിരിക്കുന്നു. എന്നെ പറിച്ചെടുത്ത സമയംമുതൽ ഞാൻ ഇഞ്ചിഞ്ചായി മരിക്കുകയായിരുന്നു. എന്റെ സൗന്ദര്യത്തിന്റെ ഇരിപ്പിടമായിരുന്ന ഓരോ ദളവും ആ മനുഷ്യപിശാചുക്കൾ ചീന്തി മാറ്റുകയാണ്. അവർ യു. സി. കോളജിലെ ബോട്ടണി വിദ്യാർത്ഥികളാണുപോലും. അവർക്കു പഠിക്കണമെങ്കിൽ ഞാനും എന്നെപ്പോലുള്ളവരും നശിക്കണമത്രേ. ഞാൻ വേദനകൊണ്ടു മരവിച്ചു മരിക്കുമ്പോൾ അവർ എന്റെ പൂർവ്വപിതാക്കന്മാരുടെയും, കുടുംബത്തിന്റെയും, തറവാടിന്റെയും മറ്റും മാഹാത്മ്യങ്ങൾ വിവരിക്കുകയായിരുന്നു. എന്തിനധികം പറയുന്നു. എന്റെ അവയവങ്ങൾ ഓരോന്നോരോന്നായി ചീന്തി എറിയുകയാണ്. ചീന്തിയെറിഞ്ഞവ മറ്റു ചിലരെടുത്തു വീണ്ടും കീറി പരിശോധിക്കുകയാണ്; എന്തോ പൂർവ്വ വൈരാഗ്യം തീർക്കുന്നതുപോലെ. ഇനി ഏതാനും നിമിഷങ്ങൾക്കകം ഞാൻ പൂർണ്ണമായും നശിക്കുമെന്ന നിലയിലായി. എന്റെയും, എന്നിൽനിന്നുണ്ടാകാനിരുന്ന സകലത്തിന്റെയും ഭ്രൂണഹത്യാപാപം ചെയ്ത അവരോടു ദൈവം ക്ഷമിക്കുമോ ? എന്നെയും അവരെയും സൃഷ്ടിച്ച ദൈവം അവർക്കു മാപ്പുകൊടുക്കുമോ ?



ചെറുകഥ

# കരയുന്ന കാല്പാടുകൾ

പി. ഇ. ഹംസ, P. D. C. I. B.



പ്രകൃതിയാൽ അനുഗ്രഹീതമായ ഒരു കൊച്ചുഗ്രാമം. കിഴക്കു വശത്തുള്ള പച്ചപ്പട്ടു വിരിച്ച പുഞ്ചപ്പാടങ്ങളും കുറച്ചു തെക്കുമാറി മന്ദമാരുതനിൽ തലയാട്ടിക്കൊണ്ടു നില്ക്കുന്ന മാവിൻതോട്ടങ്ങളും പടിഞ്ഞാറു വശത്തു കൂടി ശാന്തമായി പ്രവഹിക്കുന്ന പെരിയാറും ആ ഗ്രാമത്തിന്റെ സൗന്ദര്യത്തിനു മാറ്റു കൂട്ടുന്നവയാണ്.

ആ നാട്ടുകാരിലധികഭാഗവും ഇടത്തരം കൃഷിക്കാരാണ്. മണ്ണിനോടു മല്ലിട്ടുവേണം അവർക്കുപജീവനം കഴിക്കാൻ. കഠിനാദ്ധ്വാനം ചെയ്തു ഓരോരുത്തരും അവരവരുടെ സ്ഥലം നല്ല വിളവുള്ളതാക്കിത്തീർക്കുന്നു.

ഇവിടെ ജാതിമതഭേദമൊന്നുമില്ല. ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീങ്ങളും സഹോദരങ്ങളെപ്പോലെ കഴിയുന്നു. അവരുടെ ഇടയിൽ വഴക്കിനും പിണക്കത്തിനും മറ്റും സ്ഥാനമില്ല. ഇക്കാര്യത്തിൽ മറ്റു അയൽ നാട്ടുകാർക്ക് ഈ ഗ്രാമത്തോടു വളരെ മതിപ്പുണ്ട്.

ഇപ്പോൾ അവിടത്തെ വിളവു പതിന്മടങ്ങു വർദ്ധിച്ചു വരികയാണ്. പുഴയുടെ തീരത്തെല്ലാം തെങ്ങിൻതോട്ടങ്ങളും കമുകിൻതോട്ടങ്ങളും തലപൊക്കി വരുന്നു.

ഈ സന്ദർഭത്തിലാണ് ഇന്ത്യയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പുതിയൊരു കമ്പനിക്കു വേണ്ടി സ്ഥലപരിശോധന നടത്തിക്കൊണ്ടിരുന്ന കനേഡിയൻ വിദഗ്ദ്ധന്മാർ ഈ ഗ്രാമത്തിലും എത്തുന്നതു്. അവരുടെ പരിശോധനയിൽ വച്ചു ഏററവും തൃപ്തികരമായിത്തോന്നിയതു് ഈ സ്ഥലമാണ്. അതിനു പല കാരണങ്ങളുമുണ്ടായിരുന്നു. ഒന്നാമതായി ഒരൊന്നാംതരം തുറമുഖം അടുത്തുതന്നെ കിടക്കുന്നു, ഉറച്ച ഭൂമി. ജലത്തിനു യാതൊരു ക്ഷാമവുമില്ല. വിദ്യുച്ഛക്തി വളരെ ആദായത്തിൽ ലഭിക്കുവാൻ പററിയ സ്ഥലം. ഇങ്ങനെ ഒരുവിധം എല്ലാ സൗകര്യങ്ങളും ഒത്തിണങ്ങിക്കിട്ടിയപ്പോൾ ആ സ്ഥലം തന്നെ മതിയെന്നു അവർ നിശ്ചയിച്ചു. ഉടനെ അതിനുവേണ്ട പ്രാരംഭനടപടികളെല്ലാം പൂർത്തിയാക്കുകയും സ്ഥലത്തിന്റെ സർവ്വേ ആരംഭിക്കുകയും ചെയ്തു.

ഈ പുതിയ കമ്പനിയുടെ വരവു നാട്ടുകാർക്കു് വളരെയധികം വിഷമങ്ങളുണ്ടാക്കി. വളവും മററുമില്ലാതെ തരിശായിക്കിടന്നിരുന്ന സ്ഥലം വളരെയധികം ബുദ്ധിമുട്ടി കൃഷിക്കുപയുക്തമാക്കിക്കൊണ്ടു വന്നപ്പോഴേക്കുമാണു ഈ ഗതികേടു്. ഇങ്ങനെ ഓരോ സ്ഥലവും ഇണങ്ങിക്കിട്ടാൻ കുറച്ചു വിഷമമാണ്. ഗവണ്മെൻറു സ്ഥലമെടുത്താൽത്തന്നെ കിട്ടുന്നതു് വളരെ തുച്ഛമായ പ്രതിഫലമാണ്. ഈ കിട്ടുന്നതുകൊണ്ടു ഇപ്പോൾ ഉള്ളതുപോലുള്ള മറെറാരു സ്ഥലം വാങ്ങാൻ പററുകയില്ല. ഇവിടെ സെൻറിനു കിട്ടുന്ന മുപ്പതും നാല്പതും രൂപയുംകൊണ്ടു മറെറാരിടത്തു സ്ഥലം വാങ്ങാൻ ചെല്ലുമ്പോൾ പറയുന്നതു നൂറും ഇരുനൂറും മററുമാണ്. ഇങ്ങനെയാണെങ്കിൽ പിന്നെ കാര്യങ്ങൾ മുന്നോട്ടു പോകാൻ കുറച്ചു വിഷമമാണ്. കാരണവന്മാർമുതൽ താമസിച്ചു വരുന്ന ഈ നാടും വീടും വിട്ടു് വീട്ടിലെ സാധനങ്ങളും മററും വാരിവലിച്ചുംകൊണ്ടു മറെറാരിടത്തുപോയി താമസിക്കുക എത്ര കഷ്ടമാണ്. ഇങ്ങനെ ഇതിനുവേണ്ടി നാട്ടുകാർ അനുഭവിച്ച കഷ്ടപ്പാടുകൾക്കു് കൈയും കണക്കുമില്ല.

ഇക്കാര്യത്തിൽ നാട്ടുകാരെ എങ്ങനെയെങ്കിലും സഹായിക്കണമെന്ന ആഗ്രഹക്കാരനാണ് ചെറുപ്പക്കാരനായ ജോസ്. ഒരു പൊതുപ്രവർത്തകനെന്ന നിലയിലാണ് അവിടെ അവൻ അറിയപ്പെടുന്നതു്. സ്വാർത്ഥതാല്പര്യത്തിനുവേണ്ടി പ്രവർത്തിക്കാതെ നാട്ടുകാരുടെ നന്മയെമാത്രം ലാക്കാക്കി പ്രവർത്തിക്കുന്ന ഒരാൾ. അതുകൊണ്ടു നാട്ടുകാർക്കെല്ലാം അവനെ വളരെ വിശ്വാസവുമാണ്.

നാട്ടുകാരുടെയും ജോസിന്റെയും ഒരുമിച്ചുള്ള പ്രയത്നത്തിന്റെ ഫലമായി സ്ഥലത്തിന്റെ വില അല്പം മെച്ചപ്പെടുത്തി കിട്ടുവാൻ സാധിച്ചു.

കമ്പനിയുടെ പണി ആരംഭിച്ചു. സാമ്പത്തിക നിലവാരത്തിൽ കുറച്ചു പിന്നോക്കമാണെങ്കിലും നാട്ടുകാരുടെ ആത്മാർത്ഥമായ നിർബന്ധംകൊണ്ടു കമ്പനിയുടെ എർത്തുവർക്കിന്റെ കൺട്രാക്ടു് ജോസ് തന്നെ പിടിച്ചു.

അയൽനാട്ടിലെ ചില മുതലാളിമാരെല്ലാം ഇതിൽ വളരെ അസൂയാലുക്കളായിരുന്നു. ചില കറുത്ത കൈകളെല്ലാം ജോസിന്റെ പിന്നിൽ പ്രവർത്തിച്ചു. സത്യത്തെയും നീതിയെയും മറിച്ചിടുവാൻ എത്ര കറുത്ത കൈകൾക്കാണ് സാധിക്കുക. അവനതുകൊണ്ടൊന്നും കുലുങ്ങിയില്ല. സധൈര്യം മുന്നോട്ടു പോയി. സ്വാർത്ഥലാഭത്തിനുവേണ്ടിയല്ല നാട്ടുകാർക്കുവേണ്ടിയാണ് ജോസ് അതു ചെയ്തിട്ടുള്ളതു്

എർത്തുവർക്ക് ആരംഭിച്ചു. ദിവസം ചെല്ലുന്തോറും പുരുഷന്മാരായിട്ടും സ്ത്രീകളായിട്ടും കുട്ടികളായിട്ടും പണിക്കാർ വർദ്ധിച്ചു വന്നു. അധികഭാഗവും നാട്ടുകാർ തന്നെ.

വളരെ മര്യാദയോടുകൂടിയാണവൻ പണിക്കാരോടു് പെരുമാറിയിരുന്നതു്. വെറും കഴുതകളെപ്പോലെ അവരെക്കൊണ്ടു പണിയെടുപ്പിക്കാതെ അല്പനേരത്തെ വിശ്രമമെല്ലാം അനുവദിച്ചിരുന്നു. അതുകൊണ്ടു് പണിക്കാർക്കെല്ലാം അവനോടു വലിയ സ്നേഹവും ആദരവും തോന്നി. അതു കാരണം അവർ ആത്മാർത്ഥമായി പണിയെടുക്കും.

പണിക്കു ആളുകൾ വളരെ കൂടുതലായി. തനിക്കു താങ്ങാനാവുന്നതിന്റെ പരിധിവിട്ടു പണിക്കാർ പെരുകിയപ്പോൾ കുറച്ചു പേ



രെയെങ്കിലും പിരിച്ചുവിടാനുള്ള ആലോചനയിലിരിക്കയാണ്. അവന്റെ ധനസ്ഥിതിയാണതിനു പ്രേരിപ്പിക്കുന്നതു്.

അങ്ങനെയിരിക്കുമ്പോഴാണ് അവിടത്തെ പണിക്കാരിലൊരാളായ രാധയുടെകൂടെ വേറൊരു പെണ്ണും പണിക്കുവേണ്ടി വന്നതു്. സിസിലി—അവൾ മണ്ണു പണിക്കുപോകേണ്ടി വരുമെന്നു സ്വപ്നത്തിൽപോലും കരുതിയതല്ല. ചെറുപ്പംമുതൽ ധനത്തിന്റെ മദ്ധ്യത്തിൽ വളർന്ന ഒരു പെൺകൊടി. അപ്പന്റെ ശ്രദ്ധക്കുറവുകൊണ്ടു എല്ലാ സ്വത്തുക്കളും അന്യാധീനപ്പെട്ടുപോയി. ഇപ്പോൾ വെറും പത്തു സെൻറു സ്ഥലവും അതിനകത്തു ഒരു ചെററക്കുടിലുമാണവർക്കുള്ളതു്.

വയസ്സായി കണ്ണു കാണാൻ പാടില്ലാത്ത പിതാവും വാതം പിടിച്ചു തളർന്നു കിടക്കുന്ന ഒരു മാതാവുമാണ് സിസിലിക്കുള്ളതു്. ദാരിദ്ര്യത്തിൽ മുങ്ങിക്കുളിച്ചു കഴിയുകയാണെങ്കിലും പഴയ തറവാടിത്തത്തിന്റെ ദുരഭിമാനം കൈവെടിയാത്ത ആ പിതാവു അവളെ പുറത്തു ജോലിക്കു പോകുവാനനുവദിച്ചിരുന്നില്ല. വിശപ്പു അവളെ പോകാതിരിക്കാനനുവദിച്ചില്ല. വിശപ്പാണല്ലോ മനുഷ്യനെ ഏതു പ്രവൃത്തിക്കും പ്രേരിപ്പിക്കുന്നതു്. യാതൊന്നും കൂട്ടാക്കാതെ പിന്നെയവൾ അയൽക്കാരി രാധയുടെ കൂടെ പണിക്കിറങ്ങിത്തിരിക്കയാണ് ചെയ്തതു്.

രാധയുടെകൂടെ പണിസ്ഥലത്തെത്തിയ സിസിലി മടിച്ചുനില്ക്കുന്നതു കണ്ടപ്പോൾ രാധ പറഞ്ഞു—'ജോസ് സാറിനോടു് നീ ചെന്നു കാര്യംപറ. അങ്ങേര് നിനക്കു പണി തരാതിരിക്കില്ല. അതിനെന്തൊന്നു ഇത്ര നാണിക്കാനുള്ളു. വേണങ്കിൽ ഞാനും കൂടെ വരാം.' സിസിലി രാധയുടെകൂടെ ജോസിന്റെ അടുത്തെത്തി.

'ഓ സാർ ഒരു പുതിയ ആളു കൂടി, പണിക്കു്.' രാധയുടെ ആ ശബ്ദം കേട്ടാണ് എഴുതിക്കൊണ്ടിരുന്ന ജോസ് തലയുയർത്തിയതു്.

'ഇവിടെ പണ്ടേ തന്നെ ആളുകൂടുതലാണു്.' ജോസ് പറഞ്ഞു. 'ഉള്ളവരിൽ തന്നെ കുറച്ചുപേരെ പറഞ്ഞയക്കാൻ പോകയാണു്. അതുകൊണ്ടു ഇനി ഇവിടെ ആളെ ആവശ്യമില്ല.'

'സാർ, അങ്ങനെ പറയരുതു് സാർ', അതുവരെ തല കുനിച്ചു കാലിന്റെ പെരുവിരൽ കൊണ്ടു നിലത്തു ചിത്രം വരച്ചുകൊണ്ടു് നിന്ന സിസിലി കുറച്ചു ധൈര്യമൊക്കെ സംഭരിച്ചു തല നിവർത്തിയിട്ടു പറഞ്ഞു. 'വളരെയധികം ബുദ്ധിമുട്ടിയിട്ടാണ് ഇതിനുവേണ്ടി വന്നിരിക്കുന്നതു്. എന്തെങ്കിലും നിവൃത്തിയുണ്ടായിരുന്നെങ്കിൽ ഇങ്ങോട്ടു് വരില്ലായിരുന്നു സാർ.'

ഇത്രയും പറഞ്ഞപ്പോഴേക്കും അവളുടെ തൊണ്ട ഇടറി വാക്കുകൾ തൊണ്ടയിൽ തടഞ്ഞു. കണ്ണിൽനിന്നു മൂന്നു നാലു 'പളുങ്കു' മണികൾ അടർന്നു വീണു. തലചുററി വീഴാൻ പോയപ്പോഴേക്കും രാധ ഓടി വന്നു താങ്ങി അവിടെ ഇരുത്തി. അപ്പോഴേക്കും ജോസ് സോഡയും മററും വരുത്തിച്ചു. മുഖത്തു കുറച്ചു വെള്ളം തളിച്ചപ്പോൾ ബോധം വീണു.

അവൾ കേൾക്കാതെ രാധ ജോസിനോടു പറഞ്ഞു. 'മൂന്നാലു ദിവസായി സാറെ അവരു് പട്ടിണി കിടക്കുന്നു. തീരെ നിവൃത്തിയില്ലാഞ്ഞിട്ടു പോന്നതാണ്. അപ്പനാണെങ്കിൽ വയസ്സായി കണ്ണും കണ്ടൂടാ. അമ്മയ്ക്കാണെങ്കിൽ വാതം.'

സിസിലിയുടെയും രാധയുടെയും വാക്കുകൾ ജോസിനെ പിടിച്ചു നിറുത്തുക തന്നെ ചെയ്തു. ഉടൻതന്നെ അഞ്ചുരൂപ എടുത്തു് മേരിയുടെ കയ്യിൽ കൊടുത്തിട്ടു പറഞ്ഞു 'രാധ ഇന്നു പണിക്കിറങ്ങണ്ട. എന്താണു ആ കുട്ടിയുടെ പേര്?'

'സിസിലി'—മേരി പറഞ്ഞു.

'ഓ് ആ സിസിലിയെയും കൂട്ടിക്കൊണ്ടു പോയി ഇതിനു അരിയും സാമാനവും വാങ്ങിച്ചുകൊടുക്കണം. എന്നിട്ടു നാളെ നിങ്ങൾ രണ്ടുപേരുംകൂടെ വന്നാൽ മതി.'

'അങ്ങനെയാകട്ടെ'—രാധ സമ്മതിച്ചു.

'സിസിലി നാളെ വന്നാലും മണ്ണൊന്നും ചുമക്കണ്ടാട്ടോ. വല്ലകൊട്ടയൊക്കെ എടുത്തിട്ടു കൊടുത്താൽ മതി' സിസിലിയോടായി ജോസ് പറഞ്ഞു.

അവനു് എന്തെന്നില്ലാത്ത ഒരു സഹതാപം സിസിലിയോടു തോന്നി. എന്തെന്നില്ലാത്തൊരനുകമ്പ. സിസിലിയെന്നു കേട്ടപ്പോൾ

തന്നെ അവന് തന്റെ സഹോദരിയുടെ കാര്യം ഓർമ്മവന്നു. അവളുടെ പേരും സിസിലി എന്നായിരുന്നു. അവൾ ആത്മാർത്ഥമായി ആഗ്രഹിച്ച ഒരുവനെ അവൾക്ക ഭർത്താവായി ലഭിച്ചില്ല. അവൻ അത്ര നല്ലവനല്ല എന്നു തോന്നിയതിന്റെ പേരിൽ അപ്പനും ജോസും അവളെ ഒരുവിധം കൊള്ളാവുന്ന വേറൊരുവന് വിവാഹം കഴിച്ചു കൊടുക്കുകയാണ് ചെയ്തത്. അതോടുകൂടി അവളുടെ ആശകളെല്ലാം നശിച്ചു. അവളുടെ ഹൃദയം നീറിനീറി മരിക്കുകയാണ് ചെയ്തത്. ഇതെല്ലാം അവന്റെ മനസ്സിൽ ഇന്നലെ നടന്നതു പോലെ തെളിഞ്ഞുവന്നു. തന്റെ സഹോദരിക്ക പകരം ദൈവം അയച്ചു തന്നതാണ് ഈ സിസിലിയെന്നു അവൻ വിചാരിച്ചു. രണ്ടുപേരുടെയും മുഖവും ഏകദേശം ഒരുപോലെയായിരുന്നു.

പിറ്റേ ദിവസം സിസിലി വന്നിട്ടു പറഞ്ഞു.

'സാറെ, ഞാനും മണ്ണു ചുമക്കാം.'

'വേണ്ട, കൊട്ടയെടുത്തിട്ടു കൊടുത്താൽ മതി' ജോസ് വിലക്കി. 'പിന്നെ സിസിലി എന്നെ സാറേ എന്നു വിളിക്കണ്ടാ ട്ടോ.'

'പിന്നെയെന്തോന്ന് വിളിക്കണം' അവൾ ചോദിച്ചു. 'ചേട്ടായെന്നു വിളിച്ചാൽ മതി.'

